بســـم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود


# സത്യമിത്രം
മാസിക

ഒരു അൻസാറുല്ലാഹ് പ്രസിദ്ധീകരണം

പത്രാധിപർ:
**ബിഎം കോയ**

**2004**
**നവംബർ 16 – ഡിസംബർ 15**

1179 വൃശ്ചികം
1425 റമദാൻ–ശവ്വാൽ
1382 ഇഖാഅ്

പുസ്തകം 4
ലക്കം 11
വില 7 രൂപ

**SATHYAMITHRAM**
ANSARULLAH PUBLICATION

Printed and Published by Majlis Ansarullah State Committee,Kerala at BRB Offset Printers & Publishers Thavakkara, Kannur-17. Ph: 0497-2761010, 2761020 and Edited by BM Koya Nazim A' la, Maj. Ansarullah Kerala.

Manager: Muhammed Salim, Kannur
Ph: 98460 89896.

***Postal Address :***
Editor/Manager
Sathyamithram Monthly
BRB Centre,
Kannur-17


**അറിയിപ്പ്**

സത്യമിത്രത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ ഉത്തരവാദിത്തം ലേഖകരിൽതന്നെ നിക്ഷിപ്തമായിരിക്കും. അവ സത്യമിത്രത്തിന്റെ വീക്ഷണമോ പാഠമോ ആയിക്കൊള്ളണമെന്നില്ല. *-പത്രാധിപർ*

## വി ഷ യ വി വ രം


**ആമുഖം**

ബിഎം കോയാസാഹിബിന്റെ വേർപാട് .................... 4

**പ്രഭാഷണം**

സൽക്കാര്യങ്ങളിൽ മത്സരിച്ച് മുന്നേറുക .................... 11
ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) വിവ: മുഹമ്മദ് ഇസ്മായിൽ

**ലേഖനം**

മനുഷ്യനുത്തമം പാരത്രികഭവനം .................... 6
ഉമർബിലാവിനകം

തഹ്‌രീക് ജദീദ്, വഖഫ് ജദീദ് .................... 20
എസ്. അഹ്മദ് ശരീഫ്

വിശ്വാസപരമായ പകവീട്ടൽ മൃതദേഹത്തോടോ? .................... 22
ഏ.ക്യു. മഹ്ദി

ഖാദിയാൻ– ഭക്തദാസരുടെ പ്രത്യാശാഗേഹം .................... 26
മുഹമ്മദ് ഉമർ. എച്ച്.എ.

ഖാദിയാൻ ഒരനുഭവം .................... 31
പ്രൊഫ. എം. മുഹമ്മദ്

ജൂതന്മാരെപ്പറ്റി സംക്ഷിപ്ത വിവരണം .................... 34
ഡേവിഡ് ഗ്രെൻവെഗ് വിവ: കെ.എ. സാലിഹ്


പരമകാരുണികനായ അല്ലാഹു .................... 41
ബിഎം

**ആരോഗ്യം**

ഹോമിയോപ്പതിയും ഉദരരോഗങ്ങളും .................... 35
ടി.ടി.കെ. അഹ്മദ്, എടപ്പാൾ ....................

**ജീവചരിത്രം**

മൗലവി ഹക്കീം നൂറുദ്ദീൻ(റ) .................... 36
സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ വിവ: കെ.വി. ഹസ്സൻകോയ

**മുഖചിത്രം:**
*ഉമ്മെ താഹിർ ഗസ്റ്റ് ഹൗസ്*
ഖാദിയാൻ

ആമുഖം

# ബിഎം കോയാസാഹിബിന്റെ വേർപാട്



***കുല്ലുനഫ്സിൻ ദായിക്കത്തുൽ മൗത്ത്***– ഓരോ ആത്മാവും മരണത്തെ രുചിക്കുന്നതാണ്. ജീവിച്ചിരിക്കുന്നവർക്ക് ക്ഷമിക്കാനുള്ള കഴിവും സഹിക്കാനുള്ള ശക്തിയുമേകുന്ന ഒരു ദൈവവാക്യമാണിത്. നിങ്ങൾ അതിരുകടന്ന് ദുഃഖിക്കേണ്ട, വിഷമിക്കേണ്ട, വിലപിക്കേണ്ട. കാരണം നിങ്ങളും ഒരുനാൾ ഇതിനെ രുചിക്കേണ്ടവരാണ്. ഇന്നല്ലെങ്കിൽ നാളെ അത് നിങ്ങളിലേക്കും വന്നണയുന്നതാണ്. നിങ്ങളും ഇവിടെനിന്ന് എന്നെന്നേക്കുമായി യാത്രയാവുന്നതുമാണ്.

വളരെ വിരളമായിട്ടുമാത്രം ലോകത്ത് പ്രത്യക്ഷപ്പെടാറുള്ള ചിലയാളുകളുണ്ട്. ദൈവമാർഗ്ഗത്തിൽ തങ്ങളുടെ ജീവിതം ഉഴിഞ്ഞുവെച്ചിട്ടുള്ളവരായിരിക്കും അവർ. അവരുടെ അനക്കമടക്കമെല്ലാം അല്ലാഹുവിനുവേണ്ടിയുള്ളതാണ്. അത്തരക്കാരിലൊരാളായിരുന്നു 'ബിഎം' എന്നറിയപ്പെടുന്ന ബിലാവിനകത്ത് മുഹമ്മദുകോയാ സാഹിബ്.

ചെറുപ്പംമുതലേ മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എയുടെ ദീനീപരമായ പ്രവർത്തനം അദ്ദേഹത്തെ സ്വാധീനിച്ചിരുന്നു. അതുകൊണ്ടുതന്നെ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം അദ്ദേഹത്തിൽ ആഴ്ന്നിറങ്ങി. എച്ച്.എം.ടിയിലും വിദേശത്തുമെല്ലാം ജോലി നോക്കിയിരുന്നെങ്കിലും മതത്തോടുള്ള സ്നേഹവും ആത്മാർത്ഥതയും അദ്ദേഹത്തിൽ തുടിച്ചുകൊണ്ടിരുന്നു. ഏകദേശം നാല്പതിൽനിന്ന് അല്പം പ്രായം അധികമായപ്പോഴാണ് അദ്ദേഹം സ്വന്തം നാട്ടിൽ ബി.ആർ.ബി. ഓഫ്സെറ്റ് പ്രിന്റേർസ് എന്ന സ്ഥാപനം തുടങ്ങിയത്. അവിടം മുതൽ അദ്ദേഹം മതരംഗത്ത് സജീവമാകാനും തുടങ്ങി. അക്കാലം മുതലുള്ള പരിചയമാണ് ഞങ്ങൾ തമ്മിൽ നിലനിന്നുപോന്നത്. കണ്ടും കേട്ടും വർത്തമാനങ്ങൾ പറഞ്ഞും ഒന്നിച്ച് താമസിച്ചും ഒരുമിച്ച് യാത്രചെയ്തും മതവിഷയങ്ങൾ ചർച്ചചെയ്തും സഹകരിച്ച് പ്രവർത്തിച്ചും നീണ്ട പതിനേഴുവർഷം കടന്നുപോയതും എല്ലാം ഞൊടിയിടകൊണ്ടവസാനിച്ചതും എത്ര പെട്ടെന്നാണ്.

ജമാഅത്തായിട്ടുള്ള നമസ്കാരം, തഹജ്ജുദ് നമസ്കാരം, വിശുദ്ധഖുർആൻ പാരായണം, ആത്മീയവും ഭൗതികവുമായ ഗ്രന്ഥങ്ങളുടെ വായന, ഗ്രന്ഥരചന, ലേഖനമെഴുതൽ, ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യൽ, ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ നിഷ്ഠയോടെ പങ്കെടുക്കൽ, മുകളിലുള്ളവരെ അനുസരിക്കൽ, ജമാഅത്തുകൾ സന്ദർശിക്കൽ, അണികളെ ഉത്സുകരാക്കൽ, ദരിദ്രരെ സഹായിക്കൽ, കൊടുക്കൽവാങ്ങൽ, സ്ഥാപനത്തിലെ ജോലിക്കാരോടുള്ള പെരുമാറ്റം, അറിവ് സമ്പാദിക്കൽ എന്ന് തുടങ്ങി എത്രയെത്ര മേഖലകളിലാണ് അദ്ദേഹം മാതൃകാപരമായ ജീവിതം കാഴ്ചവെച്ചത്.

മഹ്ദീമസീഹിന്റെ ഗ്രന്ഥങ്ങൾ നേരിട്ടാസ്വദിക്കണമെന്ന അതിയായ ആഗ്രഹം അവസാനശ്വാസംവരെ അദ്ദേഹത്തിനുണ്ടായിരുന്നു. അതിനുവേണ്ടി ഉർദു പഠിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. മരിക്കുന്നതിനു രണ്ട് ദിവസം മുമ്പേ ഉർദുവിലെ '*ഭേദ്*'(രഹസ്യം) എന്ന പദത്തെക്കുറിച്ച് ടെലിഫോണിലൂടെ ചോദിച്ചിരുന്നു. അതെങ്ങനെ വായിക്കണമെന്ന് അദ്ദേഹത്തിന്നറിയില്ലായിരുന്നു. അതിന്റെ ഉച്ചാരണവും അർത്ഥവും പറഞ്ഞുകൊടുത്തപ്പോൾ '***ജസാക്കുമുല്ലാഹ്***' എന്ന് പറഞ്ഞ് ഫോൺ താഴെവെച്ചു.

ശനിയാഴ്ച രാവിലെ 7.30–ന് അദ്ദേഹത്തിന്റെ നിര്യാണവാർത്തയറിഞ്ഞപ്പോൾ, അദ്ദേഹം വായിച്ചുകേൾപ്പിക്കുകയും സംശയം ചോദിക്കുകയും ചെയ്ത പ്രാർത്ഥനയാണ് പെട്ടെന്ന് ഓർമ്മവന്നത്.

"***അല്ലാഹുമ്മ ത്വഹ്ഹിർഖൽബീ മിനന്നിഫാഖീ വ അമലീ മിനർരിയാഇ വലിസാനീ മിനൽകദിബീ വ അയ്നീ മിനൽ ഖിയാനത്തീ ഫ ഇന്നക്ക തഅ്‌ലമൂ ഖായിനത്തൽഅഅ്‌യുനി വമാ തുഖ്ഫിസ്സുദൂറു***"– "അല്ലാഹുവേ! എന്റെ ഹൃദയത്തെ കപടതയിൽനിന്നും എന്റെ കർമ്മത്തെ എല്ലാവിധ നാട്യത്തിൽനിന്നും നാവിനെ കളവിൽനിന്നും കണ്ണിനെ വിശ്വാസവഞ്ചനയിൽനിന്നും പരിശുദ്ധമാക്കേണമേ. കണ്ണുകളുടെ വിശ്വാസവഞ്ചനയും ഹൃദയത്തിലെ രഹസ്യകാര്യങ്ങളും അറിയുന്നവൻ നീ തന്നെയാണ്."

ഈ ദുആ ചെയ്ത് 48 മണിക്കൂർ കഴിയുന്നതിനുമുമ്പേ, കപടതകളില്ലാത്ത, നാട്യങ്ങളില്ലാത്ത, കളവുകളില്ലാത്ത, വിശ്വാസവഞ്ചനകളില്ലാത്ത, രഹസ്യങ്ങളൊന്നുമില്ലാത്ത, പവിത്രവും, പരിശുദ്ധവും സമാധാനനിർഭരവും ശാന്തിമയവും നിർമലവുമായ ലോകത്തേക്ക് അദ്ദേഹം യാത്രയായി. ***ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.***

1993 മാർച്ച് മാസത്തിലാണ് അൻസാറുല്ലാഹ് കേരള നാസിം അഅ്‌ലായായി ജ:കോയാസാഹിബിനെ കേന്ദ്രം നിയമിക്കുന്നത്. അന്നുമുതൽ ഇഹലോകവാസം വെടിയുന്നതുവരെ അദ്ദേഹം തന്നെയായിരുന്നു അൻസാറുല്ലാ കേരള നാസിം അഅ്‌ലാ. കേരള അൻസാറുല്ലായുടെ ചരിത്രത്തിന് ഒരു പൊൻതൂവൽ ചാർത്താൻ അദ്ദേഹത്തിന് കഴിഞ്ഞുവെന്ന് പറഞ്ഞാൽ അത് തെറ്റാകുകയില്ല. മേൽഘടകങ്ങളെ പൂർണ്ണമായും അനുസരിച്ചും മുബല്ലിഗുമാരെയും മുഅല്ലിമുമാരെയും സഹപ്രവർത്തകരേയും ശരിക്കും പ്രയോജനപ്പെടുത്തിയും കൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രവർത്തനശൈലി മർക്കസ്സിന്റെ ശ്രദ്ധപോലും പിടിച്ചുപറ്റിയിരുന്നു. ഇക്കഴിഞ്ഞ അൻസാറുല്ലാഹ് ഇജ്തിമാഅ് വേളയിൽ ആദരണീയരായ നാസിർ അഅ്‌ലാ ഹസ്റത്ത് മിർസാ വസീം അഹ്മദ് സാഹിബ് സല്ലമഹു പരസ്യമായി ഇക്കാര്യം എടു

ത്തുപറഞ്ഞതും മസ്ജിദ് മുബാറക്കിൽ മഗ്‌രിബ് ഇശാ നമസ്കാരത്തിന് നേതൃത്വം നൽകാൻ അദ്ദേഹത്തോട് നിർദ്ദേശിച്ചതുമൊക്കെ അദ്ദേഹത്തിന് ലഭിച്ച അംഗീകാരമാണ്.

ബിഎം കോയാസാഹിബ് മജ്‌ലിസ് അൻസാറുല്ലാഹ് കേരള നാസിം അഅ്‌ലായായതിനുശേഷം ആദ്യത്തെ ഇജ്തിമാ 1993 ജനുവരി 4,5,6 തിയ്യതികളിൽ കൊടിയത്തൂരിൽവെച്ച് നടക്കുകയുണ്ടായി. ആ ഇജ്തിമാ വേളയിലാണ് അൻസാറുല്ലായുടെ ത്രൈമാസികയായിരുന്ന 'അൻസാർ'ന്റെ ആദ്യകോപ്പി പ്രകാശനം ചെയ്യപ്പെട്ടത്. സൂബായി അമീറിന്റേയും ഇൻചാർജ് മുബല്ലിഗിന്റേയും രണ്ട് സന്ദേശം ഒഴിച്ചുനിർത്തിയാൽ 36 പേജുകളുള്ള ആദ്യലക്കം എല്ലാ വിഭാവങ്ങളും കോയാസാഹിബിന്റേതു തന്നെയായിരുന്നു. 2001 ജൂലായ് ഒന്നുമുതൽ അൻസാർ ത്രൈമാസിക സത്യമിത്രം എന്ന പേരിൽ മാസികയായി പ്രസിദ്ധീകരിക്കാൻ തുടങ്ങി. അദ്ദേഹം അതിന്റെ ഊടും പാവുമായിരുന്നു.

1988 ജൂൺ മുതൽ ഒക്ടോബർവരെ ജമാഅത്തിന്റെ മുഖപത്രമായ സത്യദൂതന്റെ പത്രാധിപരായിരിക്കാനും അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. ഇത് മുബാഹല കാലഘട്ടമായിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഇശാഅത്തുകാർക്ക് അന്നദ്ദേഹം നല്കിയ മറുപടികൾ ജനശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.

അദ്ദേഹം സാഹിത്യകാരനും, എഴുത്തുകാരനും, പ്രഭാഷകനുമായിരുന്നു. ഇതിനെക്കാളൊക്കെ ഉപരി ദൈവഭയമുള്ളയാളായിരുന്നു. അല്ലാഹുവിനുവേണ്ടി സംസാരിക്കുകയും എഴുതുകയും വാദിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ബിഎം കോയാസാഹിബ് 2003 ഏപ്രിൽ മാസത്തിൽ അഞ്ചുമൻ അഹ്മദിയ്യാ തഹ്‌രീകെ ജദീദിന്റെ അഖിലേന്ത്യാ കമ്മിറ്റിയിൽ അംഗമായി. ജമാഅത്തിന്റെ പ്രവർത്തനത്തിൽ നിരതനായിരിക്കെയുള്ള അദ്ദേഹത്തിന്റെ വേർപാട് അനുഗൃഹീതമാണ്. എല്ലാവർക്കും അത്തരം സൗഭാഗ്യം കിട്ടാറില്ല. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും ജന്നത്തും നല്കുമാറാകട്ടെ. കുടുംബാംഗങ്ങൾക്കും എല്ലാ അഹ്മദീ സഹോദരീ സഹോദരന്മാർക്കും സുഹൃത്തുക്കൾക്കും ക്ഷമിക്കാനുള്ള കരുത്ത് നല്കുമാറാകട്ടെ. ആമീൻ.

*മുഹമ്മദ് ഇസ്മായീൽ. എച്ച്.എ.*

# "ഇന്നാലില്ലാഹി....."

**ഖാ**ദിയാൻ എന്ന ദാറുൽ അമാനിൽ ഒക്ടോബർ 1,2,3 ദിനങ്ങളിൽ 27-ാമത് മജ്‌ലിസ് അൻസാറുല്ലാഹ് ദേശീയ ഇജ്തിമാഅ് വിജയകരമായി പര്യവസാനിച്ചിരിക്കുന്നു. അൽഹംദുലില്ലാഹ്. അതിൽ പങ്കെടുക്കുവാനും അനുഭവങ്ങൾ പങ്കുവയ്ക്കാനും കേരളത്തിൽ നിന്നുള്ള പലർക്കും സൗഭാഗ്യമുണ്ടായി എന്ന കാര്യം ഇവിടെ പ്രസ്താവിതമാണ്. ഇനിയുള്ള സമ്മേളനം ഡിസംബർ മാസത്തിലാണ്. വാർഷികജൽസ. തീർച്ചയായും ഈ സമ്മേളനവും നമ്മെ കാത്തിരിക്കുന്നു. നമ്മുടെ ആത്മാവിന് കുളിരേകാൻ, നമ്മെ ആത്മീയമായി അഭിവൃദ്ധിപ്പെടുത്താൻ, നമ്മുടെ ജീവിതത്തെ ആകമാനമൊന്ന് വിലയിരുത്താനും.

സമ്മേളനങ്ങൾ മനുഷ്യന്റെ സാമൂഹികസ്വഭാവത്തിന്റെ അന്തസ്സാർന്ന, ജീവസ്സാർന്ന പ്രകടനങ്ങളാണെന്ന കാര്യം നാം മനസ്സിലാക്കണം. മനുഷ്യർ സന്ധിക്കുന്നു. ആശയവിനിമയം നടത്തുന്നു. പരസ്പരം അറിയുന്നവരായി, പറയുന്നവരായി, വാങ്ങുന്നവരായി, കൊടുക്കുന്നവരായി മാറുന്നു. കൊടുത്തുവാങ്ങലാണ് ജീവിതം. സമ്മേളനങ്ങളുടെ സന്ദേശവും അതുതന്നെ.

ജീവിതം അനന്തമല്ല. 'ഏറിയാലൊരു ദിവസം.' 'കണ്ണുചിമ്മിത്തുറക്കുന്ന കാലം' എന്നും അതിനെ വിശേഷിപ്പിക്കാറുണ്ട്. അത് അത്രയ്ക്കു ഹ്രസ്വമാണ്. എങ്കിലും അതിൽ ഹിസാബുണ്ട്. അത് ബോദ്ധ്യപ്പെടുത്താൻ നാം ബാദ്ധ്യസ്ഥരാണ്.

ധനംപോലെ പ്രകൃതി, പലിശയ്ക്കു നല്കിയ മുതലാണ് ജീവിതം എന്നും പറയാറുണ്ട്. തുക തിരിച്ചടയ്ക്കേണ്ട. തിയ്യതി മാത്രം നിർണ്ണയിക്കപ്പെട്ടിട്ടില്ല.

ശരിയല്ലേ. നമുക്കൊരു ജീവിതം നല്കപ്പെട്ടിരിക്കുന്നു. അത് നല്കിയത് അല്ലാഹുവാണ്. അദൃശ്യനായ ആ മഹാശില്പി നമ്മെ ഇവിടെ സർവ്വതന്ത്രസ്വതന്ത്രമായി വിഹരിക്കാൻ വിട്ടു എന്നു നാം വിചാരിക്കരുത്. വ്യാമോഹിക്കരുത്. നമ്മുടെ നിയന്ത്രണം അവന്റെ കയ്യിലാണ്. നൂലുകെട്ടിയ പക്ഷിയാണ് നാം. ***വ കുല്ല ഇൻസാനിൻ അൽസംനാഹു ത്വാഇറഹു ഫീ ഉനുഖിഹീ***- എന്ന് ഖുർആൻ പറഞ്ഞു. ഓരോ മനുഷ്യന്റേയും കർമ്മഫലം അവന്റെ കഴുത്തിനോട് ബന്ധിച്ചിരിക്കുന്നു. കർമ്മം അപ്രത്യക്ഷമാകുന്നില്ല. അത് കാലിനു കെട്ടിയ നൂലാണ്. നാം പറക്കുന്നു. നൂല് കാലിലുണ്ട്. നൂല് വലിച്ചാൽ നാം തിരികെ ഉടമസ്ഥന്റെ കൈക്കകത്താകുന്നു. അല്ലാഹു നമ്മെ നിയന്ത്രിക്കുന്നു. അല്ലാഹു നിയാമകശക്തിയാകുന്നു.

ഇതൊരു നിമിഷം. നിങ്ങളെന്നോട് സംസാരിക്കുന്നു. ഈ കുറിപ്പ് നിങ്ങൾ വായിക്കുന്നു. ഈ നിമിഷത്തിന്റെ നാഥനാരാണ്?

(ഈ കുറിപ്പ് മർഹൂം ബി. മുഹമ്മദ് കോയ സാഹിബിന്റേതാണ്. പുത്രകളത്രാദികളോടും ബന്ധുമിത്രങ്ങളോടും വിടപറയുമ്പോൾ സത്യമിത്രത്തിനു വേണ്ടി എഴുതിവെച്ചത്. നാം ഓരോരുത്തരേയും നമ്മുടെ ലക്ഷ്യസ്ഥാനത്തെക്കുറിച്ച് അനുസ്മരിപ്പിക്കുന്ന പ്രസ്തുത വരികൾക്ക് "ഇന്നാലില്ലാഹി....." എന്ന ഖുർആൻ വാക്യമല്ലാതെ മറ്റൊരു തലക്കെട്ട് അനുയോജ്യമായി തോന്നുന്നില്ല.)

*-പ്രസാധകർ*

# മനുഷ്യനുത്തമം പാരത്രികഭവനം

**ഉമർബിലാവിനകം**

സർവ്വാധിനാഥനായ അല്ലാഹു മനുഷ്യരോട് നിരന്തരം ആവശ്യപ്പെട്ടത്- ഇപ്പോഴും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത് 'നിങ്ങൾ മുത്തഖിയാവുക' എന്നാണ്. പല കാലങ്ങളിൽ പല ദേശങ്ങളിലായി ഒരു ലക്ഷത്തിൽപരം പ്രവാചകന്മാരെ ഭൂമിയിൽ നിയോഗിച്ചതും ഈ ഉദ്ദേശ്യസാഫല്യം മനുഷ്യർക്കു ലഭിക്കുവാനായിട്ടാണ്. അതായത്, അവരെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വഴി നടത്തിക്കുന്നതിനുവേണ്ടി. ഗ്രന്ഥങ്ങൾ ഇറക്കപ്പെട്ടതും തദാവശ്യാർത്ഥംതന്നെ. മനുഷ്യനെ സൃഷ്ടിച്ചതിനോടൊപ്പം, അവർ എങ്ങനെ ജീവിതത്തെ സമീപിക്കണമെന്ന് അല്ലാഹു നിർണ്ണയിച്ചിട്ടുണ്ട്. പക്ഷെ, ഒരിക്കലുംതന്നെ അല്ലാഹു നിർബന്ധം ചെലുത്തുന്നില്ല. വഴികൾ തുറന്നിട്ടിരിക്കുന്നു. അവസരങ്ങളും തുറന്നിട്ടിരിക്കുന്നു. ഈ വഴിയോ ആ വഴിയോ ഏതു വഴിയെ വേണമെങ്കിലും സഞ്ചരിക്കാം. അല്ലാഹു തടസ്സം നില്ക്കുന്നില്ല. എങ്കിലും സ്നേഹത്തോടെ, കാരുണ്യത്തോടെ, അലിവോടെ അല്ലാഹു മനുഷ്യർക്ക് ***സ്വിറാത്വൽ മുസ്തഖീം*** കാണിച്ചുകൊണ്ടേയിരിക്കുന്നു. '*നിങ്ങൾ വരൂ, എന്നിലേക്ക്*' എന്ന് അല്ലാഹു ക്ഷണിച്ചുകൊണ്ടേയിരിക്കുകയും ചെയ്യുന്നു.

മുത്തഖിയാവുക എന്നതിന്റെ ശരിയായ അർത്ഥം മനുഷ്യനാവുക എന്നാണ്. ഏതൊരു ഉദ്ദേശ്യത്തിനുവേണ്ടി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടുവോ ആ ഉദ്ദേശ്യം സഫലമാകുന്ന നിലയിൽ മനുഷ്യൻ സമുന്നതമായ ഒരു നിലവാരത്തിലെത്തുക. നിരന്തരമായ നന്മകളുടേയും നിസ്വാർത്ഥമായ സേവനങ്ങളുടേയും പാതയിൽ സഞ്ചരിക്കുക.

വിശുദ്ധഖുർആൻ സൂറഃഫാത്തിഹയിലൂടെ തുടങ്ങുന്നു. സൂറഃബഖറയിലൂടെ അത് സഞ്ചരിക്കുന്നു. സൂറഃഫാത്തിഹ പ്രാർത്ഥനയാണെങ്കിൽ സൂറഃബഖറ പാഠങ്ങളാണ്. അത് തരുന്ന ആദ്യപാഠം ഹൃദയസ്പൃക്കാണ്.

### ഹുദല്ലിൽ മുത്തഖീൻ

***ദാലികൽ കിതാബു ലാ റയ്ബ ഫീഹി ഹുദല്ലിൽ മുത്തഖീൻ***. ഇതാ, നിങ്ങൾക്കൊരു ഗ്രന്ഥം. ഇതിൽ വികല്പമില്ല. ഇതിന്റെ ഉദ്ദേശ്യമാകട്ടെ മനുഷ്യരെ മുത്തഖിയാക്കുക എന്നതാണ്. തുടർന്നു വരുന്ന ആറായിരത്തിലേറെ ആയത്തുകളും ഈ ആഹ്വാനത്തിന്റെ പിന്നിൽ ഭവ്യമായും നമ്രമായും അണിനിരക്കുന്നു.

വിശുദ്ധഖുർആനെപ്പോലെതന്നെ ഈ മഹാപ്രപഞ്ചവും ഒരു ഗ്രന്ഥമാണ്. സദാ തുറന്നുവയ്ക്കപ്പെട്ട ഗ്രന്ഥം. ഹിറാഗുഹയിൽ പ്രത്യക്ഷപ്പെട്ട പരിശുദ്ധാത്മാവായ ജിബ്രീൽ(അ) അവിടെ ധ്യാന, മനനനിമഗ്നനായിക്കഴിയുന്ന തിരുമേനിയോട് പറഞ്ഞ ആദ്യവാക്ക് ***ഇഖ്റഅ്*** എന്നായിരുന്നു. പ്രപഞ്ചത്തെ വിസ്തരിച്ചു വായിക്കുവാനുള്ള ആഹ്വാനമായിരുന്നു അത്. മനുഷ്യരാശിക്കാകമാനം പ്രപഞ്ചനാഥൻ നല്കിയ പ്രഥമസന്ദേശമായിവേണം അതിനെക്കാണാൻ. പ്രപഞ്ചത്തിലുള്ളത് ആയാത്തുകളാണ്. മനുഷ്യനെ ത്രസിപ്പിക്കുകയും ബുദ്ധിപരമായ അവന്റെ കർമ്മമണ്ഡലത്തെ ത്വരിപ്പിക്കുകയും ആത്മീയമായ അവന്റെ ഉൽക്കർഷത്തിനാവശ്യമായ പൈദാഹങ്ങളെ ശമിപ്പിക്കുകയും ഒടുവിൽ ഒരു പ്രശാന്തജീവിതത്തലേക്ക് അവനെ വഴിനടത്തിക്കുകയും ചെയ്യുന്ന ദൃഷ്ടാന്തങ്ങൾ.

ഈ ആയത്തുകളും ആയാത്തുകളും- വചനങ്ങളും ദൃഷ്ടാന്തങ്ങളും- മനുഷ്യരുടെ കൈ പിടിക്കുന്നു. അവർക്ക് അകവെളിച്ചം പകർന്നുനല്കുന്നു. അവരുടെ അകത്തിനും പുറത്തിനും കരുത്തും നല്കുന്നു. അവർക്ക്, അവരുടെ തൃഷ്ണ മാറുവോളം ജ്ഞാനവും നല്കുന്നു. മനുഷ്യരോട് അല്ലാഹുവിന് അത്രയ്ക്ക് പ്രതിപത്തിയുണ്ട്. എപ്പേർപ്പെട്ട ചരാചരങ്ങളുടെയും സത്ത മനുഷ്യനിലാണുള്ളത്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ഏറ്റവും ഉത്തമമായ മാതൃകയിലാണെന്ന് വരുമ്പോൾ സ്വന്തം സ്വിഫത്തുകളെ സാക്ഷാത്കരിക്കുക എന്ന മഹാദൗത്യമാണ് മനുഷ്യർക്ക് നല്കപ്പെട്ടിരിക്കുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്.

### ഫസ്തബിഖുൽ ഖയ്റാത്ത്

മുത്തഖിയാകുവാൻ മനുഷ്യനെന്തു ചെയ്യണം. അല്ലാഹുവിനെ 'ഭയന്നുജീവിക്കണം' എന്ന് പറയാറുണ്ട്. അത് ശരിയാണോ? ഭയന്നുജീവിക്കുന്ന മനുഷ്യന് സ്വാതന്ത്ര്യമില്ല. സ്വാതന്ത്ര്യം അല്ലാഹുവിന്റെ സൗമനസ്യപൂർണ്ണമായ സംഭാവനയാണ്. അതിനെ

നിഷേധിക്കുന്നതെന്തിന്? അല്ലാഹുവിനെ ഭയന്നു ജീവിക്കുക എന്ന കൃത്യം മാത്രം നിർവ്വഹിക്കുന്ന ആളിനെ അല്ലാഹു ഇഷ്ടപ്പെടുമെന്ന് വിചാരിക്കുവാനും ന്യായമില്ല. അല്ലാഹു പറയുന്നത് ***യുഹിബ്ബുൽ മുഹ്സിനീൻ*** എന്നാണ്. നന്മ ചെയ്യുന്നവരെ അല്ലാഹു സ്നേഹിക്കുന്നു എന്ന്. ***ഫസ്തബിഖുൽ ഖയ്റാത്*** എന്നും അല്ലാഹു പറയുന്നു. നന്മയിൽ മുന്നേറുവിൻ എന്ന്.

എന്തിനാണ് നന്മയിൽ മുന്നേറുന്നത്? അതിന്റെ ഫലവും പ്രയോജനവും മനുഷ്യനുതന്നെ തിരിച്ചു കിട്ടുന്നതിനുവേണ്ടിയാണ്. ***ഇൻ അഹ്സൻതും അഹ്സൻതും ലി അൻഫുസികും*** എന്നാണ് അല്ലാഹു പറയുന്നത്. (*17/8*) ഒന്നിനു പകരം ആത്മാവിന് പത്ത് കിട്ടുന്നു. നൂറു കിട്ടുന്നു. എഴുന്നൂറു കിട്ടുന്നു. ***വല്ലാഹു യുളായിഫു ലിമയ്യശാഉ*** അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അതിനെക്കാളും ഇരട്ടിയായും നല്കുന്നു. ***വല്ലാഹു വാസിഉൻ അലീം*** അല്ലാഹു അത്രയ്ക്ക് അത്യുദാരനും അറിവുള്ളവനുമാകുന്നു. (*2/262*) അല്ലാഹുവിന്റെ ഈ മഹാമനസ്കതയ്ക്കു മുൻപിൽ മനുഷ്യരെന്തു ചെയ്യണം. ആലസ്യത്തിൽ വീഴരുത്. 'ഭയന്നുജീവിക്കുക' എന്ന ചെറുപരിധിയിൽ ജീവിതത്തെ തളച്ചിടരുത്. സംന്യാസം മനുഷ്യർക്കുള്ള വിധിയല്ല. കർമ്മമാണവന്റെ തട്ടകം. വിശ്വാസം ആ തട്ടകത്തിലെ വെളിച്ചവും. ജീവിതത്തെ പുറംതിരിഞ്ഞല്ല നേർക്കുനേരെ കാണണം. ചടുലമായിത്തന്നെ ജീവിച്ചുതീർക്കണം. ദിനരാത്രങ്ങളെ സമ്പന്നമാക്കണം. അല്ലാഹു അനുവദിച്ച സ്വാതന്ത്ര്യം അനുഭവിച്ചുതന്നെ നന്മയുടെ പാതയിൽ നിഷ്കാമകർമ്മങ്ങളിൽ നിരതരാകണം. സ്വാതന്ത്ര്യത്തെ അപകടപ്പെടുത്തുന്നവർക്ക് സംഭാവനകളൊന്നും സമൂഹത്തിന് സമർപ്പിക്കാനാവുകയില്ല. സമൂഹം അവരെ അവഗണിക്കുമെന്നുറപ്പ്. അവരെ അല്ലാഹു പരിഗണിക്കുകയില്ലെന്നും ഉറപ്പ്.

അല്ലാഹുവിനുനേരെ ഭയം വേണം. ഒരു പാമ്പിനെയോ വന്യമൃഗത്തെയോ കാണുമ്പോഴുള്ള ഭയമാവരുത് അത്. ഒരു ദുഷ്ടസങ്കേതത്തിന്റെ സ്വാധീനമോ സാന്നിധ്യമോ അനുഭവപ്പെടുമ്പോഴുള്ള ഭയവും ആകരുത് അത്. അല്ലാഹുവിൽ ചെന്നു ചേരാനുള്ള നിഷ്കൃഷ്ടവും നിർദ്ദിഷ്ടവും ആയ ഋജുപാതയിൽ നിന്ന് വ്യതിചലിച്ചുപോകുമ്പോഴുണ്ടാകുന്ന ഉള്ളുകാളലാണത്.

### യഥാർത്ഥമായ തഖ്വയുടെ അവസ്ഥ

ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ നെഞ്ചകം തിളച്ചുമറിയുന്ന ഒരു പാത്രത്തെപോലെയായിരുന്നു എന്ന് ഹസ്റത്ത് ആയിശ(റ) പറഞ്ഞില്ലേ. കത്തിനില്കുന്ന അടുപ്പിൽവെച്ച പാത്രത്തിലുള്ള വെള്ളം തിളക്കുന്നു. ചൂട് അതിന്റെ പാരമ്യതയിലെത്തുമ്പോൾ പാത്രത്തിൽനിന്നുയരുന്നത് 'ഗുളും ഗുളും' എന്ന ശബ്ദം. രാത്രിയുടെ അന്ത്യയാമങ്ങളിൽ പുണ്യതിരുദൂതരുടെ നെഞ്ചിലുണ്ടായിരുന്നത് ഈ തിളച്ചുമറിയലാണ്. മനുഷ്യരാശിയുടെ അഭ്യുത്ഥാനത്തിനുവേണ്ടി, അവരുടെ പാപങ്ങൾ പൊറുക്കപ്പെടുന്നതിനുവേണ്ടി, അവരുടെ സേവനങ്ങൾ സ്വീകരിക്കപ്പെടുന്നതിനുവേണ്ടി, അവർക്ക് ആരോഗ്യവും ആമോദവും ലഭിക്കുന്നതിനുവേണ്ടി, അവരെ അല്ലാഹുവിന്റെ പ്രിയദാസന്മാരാക്കിത്തീർക്കുന്നതിനുവേണ്ടി ആ വിശുദ്ധമാനസന്റെ നെഞ്ചകം തിളച്ചുമറിയുകയായിരുന്നു. ഉദ്വേഗപൂർണ്ണവും ഉൽക്കണ്ഠാകുലവുമായ പ്രാർത്ഥന. അല്ലാഹു ഒരവസരത്തിൽ ആകാംക്ഷയോടെ പറഞ്ഞു. 'നീ അവർക്കു വേണ്ടി, ആധിപൂണ്ട് നിന്നെത്തന്നെ നശിപ്പിക്കുകയാണോ? അങ്ങനെ ചെയ്യരുതെന്ന് അല്ലാഹു പറഞ്ഞില്ല. അല്ലാഹുവിന്നറിയാം. തന്റെ ഈ വിശിഷ്ടദാസന്റെ മനസ്സ് എത്രമാത്രം സഹമനുഷ്യർക്കുവേണ്ടി മാഴ്കുന്നു എന്ന്. ഒരു മുത്തഖിയുടെ ലക്ഷണമൊത്ത സ്വഭാവമാണത്. ഒരു മുത്തഖിയുടെ സമുന്നതമായ സ്ഥാനവും അവസ്ഥയുമാണത്. അല്ലാഹുവിനുനേരെയുള്ള അതിതീവ്രമായ സ്നേഹത്തിന്റെ പ്രകാശം കൂടിയാണത്. അത് മനസ്സിന്റെ ഉൽക്കടമായ ചാട്ടവും തിടുക്കവുമാണ്. സൂക്ഷ്മതയെന്ന് അതിനെ പേർചൊല്ലി വിളിക്കാവുന്നതാണ്.

ഈ സൂക്ഷ്മതയുടെ അവസ്ഥയിൽ മനസ്സ് അല്ലാഹുവിനെ ദർശിക്കാൻ വ്യഗ്രത കൊള്ളുന്നു. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ വെമ്പൽ കൊള്ളുന്നു. സൂക്ഷ്മതയില്ലെങ്കിലോ, ദർശിക്കുന്നത് ഭൗതികജീവിതത്തെയാണ്. മനസ്സും ശരീരവും ജീവിതത്തിൽ ലയിച്ചുചേരുവാൻ ആസക്തി പ്രകടിപ്പിക്കുന്നു. ജീവിതം തുറന്നുവെച്ച പ്രലോഭനങ്ങൾക്ക് മനസ്സ് പെട്ടെന്ന് കീഴ്പ്പെടുകയും ചെയ്യുന്നു. ഇത് അപഥസഞ്ചാരമാണ്. വഴിതെറ്റിയുള്ള നടത്ത. ആപല്ക്കരമായ ഈ നടത്തയിൽ അകപ്പെട്ടുപോയാൽ ശരിയായ ജീവിതം കൈവിട്ടുപോകുന്ന ദുരവസ്ഥയുണ്ടാകുന്നു. '***ഹുമുൽ ഖാസിറൂൻ***' എന്നാണ് അല്ലാഹു അവരെക്കുറിച്ച് പറയുന്നത്. അവർ നഷ്ടപ്പെട്ടവരാണ്. അവസരം പാഴാക്കിയവർ.

രക്ഷ തഖ്വയിലാണ്. തഖ്വയുടെ ഉടുപ്പിടുന്നതിലൂടെയാണ്. ആ ഉടുപ്പിട്ടു കഴിഞ്ഞാൽ ***വലാ ഖൗഫുൻ അലയ്ഹിം വലാ ഹും യുഹ്സനൂൻ*** എന്ന സന്തോഷകരമായ അവസ്ഥയിലായിത്തീരും. ഒന്നും ഭയപ്പെടേണ്ടി വരില്ല, ദുഃഖിക്കേണ്ടിയും വരില്ല. തഖ്വയുടെ ഉടുപ്പെങ്ങനെ കിട്ടും? അല്ലാഹുവിനെ സ്നേഹിക്കണം. അഗാധമായ സ്നേഹമാ

യിരിക്കണം അത്. അല്ലാഹുവിനെ സന്ധിക്കുവാനുള്ള തിടുക്കം ആ സ്നേഹത്തിലുണ്ടായിരിക്കണം. ഒരു ഉദാഹരണം പറയാം. റസൂലുല്ലാഹി (സ)യോട് ഒരു സ്വഹാബി ചോദിച്ചു 'യാ റസൂലല്ലാഹ്, ഖിയാമന്നാൾ എപ്പോഴാണ്?' തിരുമേനി ഒരു മറുചോദ്യം ചോദിച്ചു 'ഖിയാമന്നാളിലേക്ക് വേണ്ടി നീ ഒരുങ്ങിയോ? ആ നാൾ വന്നുകഴിഞ്ഞാൽ നിന്റെ കയ്യിലെന്തുണ്ട്?' സ്വഹാബി പറഞ്ഞു 'എന്റെ കയ്യിലുള്ളത് അല്ലാഹുവിനോടുള്ള സ്നേഹം, റസൂലിനോടുള്ള സ്നേഹം.'

എത്ര വലിയ ശുദ്ധാത്മാവായിരുന്നു ആ സ്വഹാബി എന്നു നോക്കുക. അയാളുടെ ഉള്ളം നിറയെ അല്ലാഹുവിനോടുള്ള സ്നേഹമായിരുന്നു. ആ സ്നേഹവുമായി ദാഹത്തോടെ അയാൾ ഖിയാമന്നാളിനെ പ്രതീക്ഷിക്കുന്നു. അല്ലാഹുവിനെ സന്ധിക്കാൻതന്നെ, അല്ലാഹുവിൽനിന്ന് സ്നേഹം കരസ്ഥമാക്കുവാനും.

ഇത് മനസ്സിലാക്കുവാൻ നമുക്ക് കഴിയണം. അല്ലാഹു അന്യനല്ല. അവൻ നമ്മുടെ അല്ലാഹുവാണ്. മുഴുവൻ ലോകങ്ങളുടേയും നാഥനാണ്. നമുക്ക് വികാസം തരുന്നവനാണ്. അവൻ റഹ്മാനാണ്. റഹീം ആണ്. ഉടമസ്ഥനാണ്. നമ്മുടെ കാര്യങ്ങളെല്ലാം മുൻപും പിൻപും നോക്കിനടത്തുന്നവനാണവൻ. നമുക്ക് ആശ്രയം അവൻ മാത്രമാണ്. അവൻ എപ്പോഴും നമ്മുടെ മുൻപിലുണ്ട്. തൊട്ടു മുൻപിൽ. അവൻ നമ്മെ കണ്ടുകൊണ്ടിരിക്കുന്നു. സ്നേഹമസൃണമായി നമ്മുടെ കാര്യങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. അതറിയുമ്പോൾ എങ്ങനെ നാം അല്ലാഹുവിനെ അവഗണിക്കും? അല്ലാഹു മുൻപിലില്ലാത്തതുപോലെ നിസ്സംഗത കാട്ടും? എങ്ങനെ നാം അനാവശ്യങ്ങൾ കാണിക്കും? അന്യായങ്ങൾ പ്രവർത്തിക്കും? അസത്യം പറയും? അരാജകത്വത്തിൽ ചാടും? നമുക്കതിന് സാധിക്കുകയില്ല. നാമെന്തു ചെയ്യും? അല്ലാഹുവിനെ സദാ ജാഗ്രതയോടെ പരിഗണിക്കും. അല്ലാഹു നമ്മെ കാണുന്നു എന്ന തിരിച്ചറിവോടെ സൂക്ഷ്മത പാലിക്കും. ആവശ്യമുള്ളത് മാത്രം ചെയ്യും. ന്യായങ്ങൾ മാത്രം പ്രവർത്തിക്കും. സത്യത്തിൽ ഉറച്ചു നില്ക്കും. ക്രമം എപ്പോഴും പാലിക്കും. അങ്ങനെ വരുമ്പോൾ നമ്മുടെ അവസ്ഥയിൽ വലിയ മാറ്റമുണ്ടാകും. നമ്മുടെ 'ദറജ' ഉയരുന്നു. നാം അറേബ്യയിൽ അവതീർണ്ണനായ ആ അൽഅമീന്റെ വിശ്വസ്തരായ, വിനീതരായ അനുചരന്മാരായിത്തീരുന്നു. ഇസ്ലാമിന്റെ ധ്വജവാഹകന്മാരായിത്തീരുന്നു. നമ്മുടെ ഉടുപ്പ് തഖ്വയുടെ ഉടുപ്പായിത്തീരുന്നു. അല്ലാഹുവിനോടുള്ള അഗാധമായ, അതീവ ഗാഢമായ സ്നേഹം നമ്മിലുറഞ്ഞുകൂടുന്നു. ഏകനായ, സർവ്വചരാചരങ്ങളുടേയും സ്രഷ്ടാവായ, അഖിലബ്രഹ്മാണ്ഡത്തിന്റേയും സംരക്ഷകനും ഉടമസ്ഥനുമായ ആ പരാശക്തിയുടെ ഇച്ഛയ്ക്കും കല്പനയ്ക്കും അനുസരിച്ച് ജീവിതം നയിക്കുവാനുള്ള സന്നദ്ധത എപ്പോഴും നമ്മിലുണ്ടാകുന്നു. ആ സന്നദ്ധത തന്നെയായി നാം മാറുന്നു.

### കാട്ടിലൂടെ നടന്നുപോകുന്നവൻ

ഉബയ്യ് ബിൻ കഅബ് എന്ന സ്വഹാബി തഖ്വയെ കുറിച്ച് പറഞ്ഞതിപ്രകാരമാണ്. 'തഖ്വയുള്ള ആൾ മുത്തഖിയാണ്. മുത്തഖിയായ ആൾ അതിജാഗ്രത പാലിക്കുന്നവനാണ്. മുൾപടർപ്പിലൂടെ നടന്നുപോകുന്നവൻ. മുള്ളുകൊണ്ട് ഉടുപ്പ് കീറരുത്, ശരീരത്തിന് മുറിവ് പറ്റരുത്. കഠിനമായ ജാഗ്രത കാട്ടണം. ആ ജാഗ്രത നിതാന്തം പാലിച്ച് നടന്നുനടന്ന് മുന്നോട്ടുപോകുന്നവനാണ് മുത്തഖി.' ഇബ്നു മുഅത്തസ് എന്ന കവി പറഞ്ഞതും അതു തന്നെ. അദ്ദേഹം പറഞ്ഞു. "എല്ലാ പാപങ്ങളേയും– അത് ചെറുതാകട്ടെ, വലുതാകട്ടെ ഉപേക്ഷിക്കുക. അതാണ് തഖ്വ. മുള്ളുനിറഞ്ഞ കാട്ടിലൂടെ നടന്നുപോകുന്നവനെപ്പോലെ സൂക്ഷിച്ചും ശ്രദ്ധിച്ചും നടന്നുപോവുക. ചെറിയ പാപങ്ങളെ ലഘുവായി കാണരുത്. വലിയ പർവ്വതംപോലും ഉണ്ടായിവന്നത് മണൽത്തരികൾ ഉറച്ചുകൂടിയിട്ടാണെന്നറിയുക.'

അതെ; സ്വന്തത്തെ സംരക്ഷിക്കുന്നവനാണ് മുത്തഖി. ദേഹത്തിൽ അഴുക്ക് വീഴരുത്. ദേഹിയിൽ മാലിന്യം പതിയരുത്. രണ്ടും ശുഭ്രമാകണം. എപ്പോഴും വെടിപ്പുള്ളതാകണം. അതിനാവശ്യമായ മുൻകരുതലുണ്ടാകണം. തട്ടിയും കുടഞ്ഞും, തൂത്തും തുടച്ചും സഞ്ചരിക്കണം. കണ്ണിലെണ്ണ പാർന്ന് കാഴ്ചകളേയും കാര്യങ്ങളേയും അപഗ്രഥിക്കണം. നന്മയെ ഉൾക്കൊള്ളണം. തിന്മയെ വർജ്ജിക്കണം. നിത്യനിതാന്തജാഗ്രത പാലിക്കണം.

### ജീവിതം ഒരു കളിവിനോദമല്ല

ജീവിതം ഒരു ഫലിതമല്ല. ഒട്ടും വിനോദമല്ല. ജീവിതത്തെ വെറുമൊരു യാത്രയായി മാത്രമോ, അല്പകാലത്തെ അഭിനയമായി മാത്രമോ കണ്ടുകൂടാ. അങ്ങനെയാണെന്ന് പറയാൻ ചിലരുണ്ടാകും. അവർ പറയും 'ഐഹികജീവിതം ഒരു കളിവിനോദമല്ലാതെ മറ്റൊന്നുമല്ല' എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ. അല്ലാഹു അങ്ങനെ പറഞ്ഞു എന്നത് ശരിയാണ്. സ്വന്തം ജീവിതകാലത്തെ അയഥാർത്ഥമായി സമീപിക്കുന്നവരുടെ ജീവിതത്തെ കുറിച്ചാണ് അല്ലാഹു ആ വിധത്തിൽ പറഞ്ഞിട്ടുള്ളത്. ദൈവികസ്മരണയില്ലാത്തതും സാത്വികമായ നന്മ

കളിൽ നിരതമാവാത്തതും ആയ ജീവിതം വെറും കളിവിനോദം തന്നെയാണ്. ധനത്തിലും സന്തതികളിലും പെരുമ കാണിക്കലുമാണത്. ആ ജീവിതം ഏതുപോലെയാണെന്നും അല്ലാഹു പറഞ്ഞുതന്നു. 'അതൊരു മഴ പോലെയാണ്. അത്മൂലമുണ്ടായ സസ്യലതാദികൾ കർഷകരെ ആനന്ദിപ്പിക്കുന്നു. പിന്നെ അത് ഉണങ്ങിപ്പോകുന്നു. അപ്പോൾ നിനക്കതിനെ മഞ്ഞനിറമുള്ളതായി കാണാം. പിന്നെ അത് ചവറായിത്തീരുന്നു.' (*57:21*) കളിയും വിനോദവുമായി കൊണ്ടുനടക്കുന്ന ജീവിതത്തിന്റെ ഒടുവിലുള്ള അവസ്ഥയാണിത്. അത് വെറും ചവറായി മാറുന്നു. ചവറാർക്കു വേണം? മനുഷ്യനു വേണ്ട. അല്ലാഹുവിന് ഒട്ടും വേണ്ട.

### ജീവിതത്തിന്റെ ഘട്ടങ്ങൾ

ഐഹികജീവിതത്തിന് സ്വന്തമായ വ്യക്തിത്വമില്ലെന്നതാണ് വസ്തുത. മുഴുവൻ ജീവിതത്തിന്റെ ഒരു ഭാഗം മാത്രമാണത്. ഇത് ജീവിതത്തിന്റെ തുടക്കമല്ല. ഒടുക്കവും അല്ല. ജീവിതത്തിന്റെ തുടക്കം കുറിച്ചത് ആ 'ഭദ്രമായ സ്ഥാനത്തു'നിന്നാണ്. ***ഖറാറിൻ മകീൻ*** എന്നാണ് ആ സ്ഥാനത്തെ ഖുർആൻ നിർണ്ണയിക്കുന്നത്. ഗർഭപാത്രം. ചെറുതെങ്കിലും സുരക്ഷിതമായ ഒരു ലോകമാണത്. അവിടെ ഒരു നിശ്ചിതകാലം നാം വസിക്കുകയുണ്ടായി. ആ വാഴ്‌വിനുശേഷമുള്ള രണ്ടാംഘട്ടമാണിത്. പുനരധിവാസം എന്നു പറയാം. ആദ്യത്തെ ആ വാസകാലം ഏറെക്കുറെ ക്ലിപ്തമായിരുന്നു. പക്ഷെ, ഈ രണ്ടാംഘട്ടം അല്ലാഹുവിന്റെ പക്കൽ ക്ലിപ്തമാണെങ്കിലും അത് എത്രയെന്ന് നമുക്കറിഞ്ഞുകൂടാ. അതവസാനിക്കുന്നത് എവിടെ, എങ്ങനെ, എപ്പോൾ എന്നും നമുക്കറിഞ്ഞുകൂടാ. അതുകഴിഞ്ഞ് ഒരിടവേള. അതിനുശേഷം ഒരു ജീവിതം കൂടിയുണ്ട് നമുക്ക്. നമ്മുടേതന്നെ ജീവിതത്തിന്റെ ഒടുവുഘട്ടമാണത്. അതിദീർഘവാസത്തിന് നാം പുറപ്പെട്ടുപോകുന്നത് അവിടേക്കാണെന്നർത്ഥം. ആ ജീവിതത്തിലെത്തുമ്പോൾ ജീവിതം പൂർണ്ണതയെ പ്രാപിക്കുന്നതായിത്തീരുന്നു. ആ നിലയ്ക്ക് ഈ രണ്ടാം ഘട്ടത്തിൽ കടിച്ചുതൂങ്ങുന്നതിൽ കാര്യമില്ല. ഒന്നാം ഘട്ടത്തിലെ ചോരക്കുഞ്ഞ് വിചാരിക്കുന്നു: ഇതെന്തൊരു ലോകം. മനോഹരം. സുരക്ഷിതം. ഭക്ഷണം സമൃദ്ധം. ഇവിടെനിന്ന് ഞാനെങ്ങോട്ടുമില്ല. പക്ഷെ, അങ്ങനെ വിചാരിക്കാൻ ആ കുഞ്ഞിന് അവകാശമില്ല. അതിന് ആ ഘട്ടത്തിന്റെ പരിസമാപ്തി എപ്പോഴാണെന്നുപോലും അറിഞ്ഞുകൂടാ. അതുവന്നാൽ പിന്നീടവിടെ നില്ക്കാൻ അതിനവകാശമില്ല. ആ ഗർഭപാത്രത്തിന്റെ ഉടമതന്നെ, സ്വന്തം തള്ളതന്നെ അതിനെ പുറത്താക്കുന്നു. അത് പുറത്തേക്കു വരുന്നു. രണ്ടാംഘട്ടത്തിലും മനുഷ്യൻ 'കുഞ്ഞ്' തന്നെയാണ്. ഇപ്പോഴത് വസിക്കുന്നത് ഭൂമിയുടെ '***ഖറാറിൻ മഖീൻ***' എന്ന ഗർഭപാത്രത്തിലാണ്. പഴയ അതേ അവസ്ഥതന്നെ ഇവിടേയും. ആ വലിയ കുഞ്ഞ് വിചാരിക്കുന്നു. ഇവിടെ ബഹുസുഖം. മക്കൾ, പരിവാരങ്ങൾ, അധികാരങ്ങളും. ഇവിടേനിന്ന് ഞാനെങ്ങോട്ടുമില്ല. പക്ഷെ, അങ്ങനെ വിചാരിക്കാൻ ഈ 'കുഞ്ഞി'നും അവകാശമില്ല. അവന്റെ ആ നിശ്ചിതമായ അവധി വന്നെത്തിക്കഴിഞ്ഞാൽ പിന്നീട് ഇവിടെ നില്ക്കാൻ അതിനും അവകാശമില്ല. അല്ലാഹു പറഞ്ഞു: 'ഒരു നഫ്സിനേയും അതിന്റെ 'അജൽ' വന്നാൽ അതിനെ പിന്തിക്കുകയില്ല' എന്ന്. അവുധിയായാൽ ഭൂമിതന്നെ തന്റെ ഈ ഗർഭപാത്രത്തിൽനിന്ന് അതിനെ പുറത്തേക്ക് പറഞ്ഞയക്കും. ***ഇലയ്ഹി തുർജഊൻ*** എന്ന് അല്ലാഹു പറഞ്ഞില്ലേ. ***ഇലയ്ഹി തുഹ്ശറൂൻ*** എന്നും അല്ലാഹു പറഞ്ഞു. വേറേ ചിലേടങ്ങളിൽ ***വ ഇലല്ലാഹിൽ മസ്വീർ*** എന്നും പറഞ്ഞു. അർത്ഥമൊക്കെ ഒന്നുതന്നെ. മനുഷ്യൻ മടങ്ങുന്നു. അവന്റെ ഇലാഹിലേക്ക്. അഥവാ ജീവിതത്തിന്റെ നിർണ്ണായകഘട്ടത്തിലേക്ക്.

### ഉത്തമം പാരത്രികഭവനം

ആ നിർണ്ണായകഘട്ടം അതിപ്രധാനമാണ്. അല്ലാഹു അത് വ്യക്തമായിത്തന്നെ മനുഷ്യരോട് പറഞ്ഞിട്ടുമുണ്ട്. അല്ലാഹു പറയുന്നു. ***വലദ്ദാറുൽ ആഖിറതു ഖയ്റുല്ലില്ലദീന യത്തഖൂൻ***– തഖ്‌വ കൈക്കൊള്ളുന്നവർക്ക് പാരത്രികഭവനമാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്.' (*6:33*) ഇതൊരു യാദൃച്ഛികമായ പ്രസ്താവമല്ല. ഖുർആൻ ഉടനീളം നല്കുന്ന സന്ദേശമാണിത്. പാരത്രികഭവനം എന്നു പറയുമ്പോൾ അല്ലാഹു വെച്ചുനീട്ടുന്ന നന്മയുടെ പാരത്രികഭവനമാണെന്ന് നാമോർക്കണം. അതിന്റെ മുമ്പിൽ ഐഹികഭവനം അതിനിസ്സാരം തന്നെയാണ്. മുകളിൽ പറഞ്ഞതുപോലെ അത് 'ലഇബും' 'ലഹ്‌വും' ആണ്. ഒരു കളിവിനോദം. ഇത് മനസ്സിലാക്കണമെന്നും ആ കളിവിനോദത്തിൽ മനസ്സിനെ പൂഴ്ത്തി, ശരീരത്തെ ആഴ്ത്തി ജീവിതത്തെ വ്യർത്ഥമാക്കരുതെന്നും നന്മയുടെ പാരത്രികഭവനത്തെ നഷ്ടപ്പെടുത്തരുതെന്നും അല്ലാഹു വ്യക്തമാക്കുന്നു. യഥാർത്ഥത്തിൽ അല്ലാഹുവിന്റെ സമക്ഷത്തിൽ വിനോദത്തിന് പ്രസക്തിയില്ല. വിമലമായ ഒരുദ്ദേശ്യം സൃഷ്ടിപ്പിനുണ്ട്. അത് അല്ലാഹു വിളംബരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആ വിളംബരത്തിലെങ്ങും 'നിങ്ങൾ നിങ്ങളെ മറന്ന് കളിവിനോദങ്ങളിലേർപ്പെടൂ' എന്ന സന്ദേശമില്ല. മറിച്ച് അല്ലാഹു പറയുന്നത് "ആകാശങ്ങളേയും ഭൂമിയേയും അവ രണ്ടിനുമിടയിൽ ഉള്ളവയേയും ഒരു വിനോദമായി നാം സൃഷ്ടിച്ചിട്ടില്ല" എന്നാണ്. "ഒരു

വിനോദമേർപ്പെടുത്താൻ നാം ഉദ്ദേശിച്ചിരുന്നു എങ്കിൽ അത് നമ്മുടെ പക്കൽ നിന്നുതന്നെ നാം ഏർപ്പെടുത്തുമായിരുന്നു'' എന്നും അല്ലാഹു തുടർന്ന് പറയുന്നു. വിനോദവകുപ്പ് അല്ലാഹുവിനില്ലെന്ന് വ്യക്തം. അത് ജീവിതത്തിന്റെ ഉദ്ദേശ്യമോ ഒരു പരിപാടിപോലുമോ ആകുന്നില്ല. ആകാശഭൂമികളെ സൃഷ്ടിച്ചതിനും അവയ്ക്കിടയിലുള്ളവയെ സൃഷ്ടിച്ചതിനും വ്യക്തവും നിയതവുമായ ഒരു ലക്ഷ്യം അവൻ സമർപ്പിച്ചിരിക്കുന്നു. ഓടുന്നവർക്ക് ഒരടയാളമുണ്ട്. ആ അടയാളം തൊടണം. തൊട്ടാലയാൾ ജയിക്കുന്നു. എല്ലാറ്റിനും ഈ അടയാളമുണ്ട്. ജീവിതത്തിനും അടയാളമുണ്ട്. ജീവിതത്തിന്റെ അടയാളം അല്ലാഹുവാണ്. അല്ലാഹുവിനെ തൊടുക. അല്ലാഹുവിന്റെ പാശം പിടിച്ചുപിടിച്ച് അല്ലാഹുവിന്റെ സമീപമെത്തുക.

അറിയേണ്ട കാര്യമിതാണ്. അല്ലാഹു ഉചിതമായ ഭവനങ്ങൾ തന്നെയാണ് മനുഷ്യർക്ക് സംവിധാനം ചെയ്തിരിക്കുന്നത്. ഒന്നാമത്തെ ഘട്ടത്തിലെ അവന്റെ ഭവനം ***ഖറാറിൻ മഖീൻ*** ആണ്. വളരേ സുരക്ഷിതം. ആപൽഭയമന്യെ അവിടെ വസിക്കാം. ശല്യമില്ല, കല്ലും മുള്ളുമില്ല. എല്ലാമവിടെ ലഭ്യം. അവൻ അവിടെ രൂപപ്പെടുകയാണ്. തയ്യാറാവുകയാണ്. അതുകഴിഞ്ഞവൻ അടുത്ത ഘട്ടത്തിലെത്തുന്നു. ഭൂമിയുടെ ഗർഭഗൃഹം. ***ദാറുൽ ആഖിറത്താ***ണിത്. ഇവിടെനിന്ന് അവന് നേടാം. നഷ്ടപ്പെടാനും ഇവിടെ വകയുണ്ട്. ഇവിടെ അവന്റെ ഹിതം അവനെ നയിക്കുന്നു. മുജാഹദയ്ക്കുള്ള അവസരമാണിത്. അവന് അവനെ അല്ലാഹുവിന് വില്ക്കാം. അവന് അവനെ ശയ്ത്വാന് പണയപ്പെടുത്താം. ഇവിടേയും ഒരു അന്ത്യമുണ്ടാകുന്നു. മൂന്നാം ഘട്ടത്തിൽ– ***ബർസഖി***ൽ അവനെത്തുന്നു. അവസാനത്തെ ഘട്ടത്തിലേക്ക് താൻ നടന്നടുക്കുന്നു എന്ന അറിവ് അവനുണ്ടാകുന്നു. ഏതു വീട്ടിലാണ് താൻ പാർപ്പിക്കപ്പെടുകയെന്നും മനസ്സിലാകുന്നു. ആഖിറത്തിൽ രണ്ട് വീടുകളുണ്ട്. ***ഉഖുബദ്ദാറും സൂഉദ്ദാറും.*** നേടിയവർക്കുള്ളതാണ് ഉഖുബദ്ദാർ. തഖ്‌വ കൈക്കൊണ്ടവരാണവർ. നഷ്ടപ്പെടുത്തിയവർക്കുള്ള ഇടം സൂഉദ്ദാറാണ്. തനിക്കു കിട്ടിയ അസുലഭസന്ദർഭത്തെ കളഞ്ഞുകുളിച്ചവരാണവർ. അനുഗ്രഹങ്ങളെ 'കൊറിച്ചു'തിന്നു നശിപ്പിച്ചവരാണവർ. ഒന്നുമവർ ബാക്കിയാക്കിയില്ല. ***ബാക്കിയാത്വു സ്വാലിഹാത്തി***ന്റെ കോളത്തിൽ കാര്യമായിട്ടൊന്നുമില്ല. ആ കോളത്തിലുള്ളതാണ് "അല്ലാഹുവിന്റെ പക്കൽ പ്രതിഫലത്തിന്റെ വീക്ഷണത്തിൽ ഏറ്റവും ഉത്തമം. പ്രത്യാശയുടെ വീക്ഷണത്തിൽ ഏറ്റവും ഗുണകരവും." (*18:47*) ആ കോളം നിറഞ്ഞുകവിഞ്ഞവർ ഉഖൂബദ്ദാറിലെത്തുന്നു. അതാണ് ആഖിറത്തിലെ അതിശ്രേഷ്ഠമായ ഭവനം. ആ ഭവനം നിങ്ങൾക്കു വേണ്ടേ എന്ന ചോദ്യമാണ് അല്ലാഹു വിശ്വാസികളോട് രാവുപകൽ ചോദിച്ചുകൊണ്ടിരിക്കുന്നത്.

ജീവിതം ഒരു ഓട്ടമാണ്. ശരിക്കുപറഞ്ഞാൽ നാമൊക്കെ ഓടുകയാണ്. പലേ വേഗത്തിലാണ് ഓടുന്നത്. നാം ശരിക്കും തയ്യാറായിട്ടുതന്നെയാണോ ഓടുന്നത്? വിജയിക്കാനാവശ്യമായ തൃഷ്ണ നമുക്കുണ്ടോ? ഇച്ഛാശക്തിയുണ്ടോ? കരുത്തുണ്ടോ? ഓട്ടത്തിനിട്ട ഉടുപ്പ് ശരിയായ ഉടുപ്പുതന്നെയാണോ? അത് തഖ്‌വയുടെ ഉടുപ്പുതന്നെയാണോ? അതിൽനിന്ന് നന്മയുടെ സുഗന്ധം പരിസരങ്ങളിൽ പരന്നുകൊണ്ടിരിക്കുന്നുണ്ടോ? സ്നേഹത്തിന്റെ സ്വരം ഉയരുകയും ചെയ്യുന്നുണ്ടോ? നമ്മുടെ ദിശ ഇപ്പോഴെങ്കിലും ശരിയായതുതന്നെയാണോ?

ഉഖുബദ്ദാറിലേക്കു അല്ലാഹു ഒരു അടയാളമിട്ടിരിക്കുന്നു. വിശാലമായ ഒരു പാത വെട്ടിയിരിക്കുന്നു. ഒരു ചുവപ്പുപരവതാനി വിരിച്ചിരിക്കുന്നു. അല്ലാഹുവും, അവന്റെ മലക്കുകളും, അവന്റെ കിതാബുകളും, അവന്റെ പ്രവാചകന്മാരും നമ്മെ അങ്ങോട്ടേക്ക് വിളിച്ചുകൊണ്ടേയിരിക്കുന്നു. 'വരൂ, ഇതിലേ വരൂ, ഇതിലെ.' തഖ്‌വയുടെ മാർഗ്ഗമാണത്. നമ്മുടെ പാദങ്ങൾ അതിലെ തന്നെയാണോ? നാം മുത്തഖിയാണോ? മുഅ്മിനാണോ? ഭയരഹിതമായി നമ്മുടെ ഉള്ളം അല്ലാഹുവിന് സമർപ്പിക്കാൻ തത്രപ്പെട്ട് നാം സഞ്ചരിക്കുകയാണോ? എങ്കിൽ നാം വിജയിച്ചു. നാം അടയാളം കണ്ടു. ലക്ഷ്യം കൊണ്ടു. ***ഹുമുൽ ഫായിസൂൻ*** എന്ന വിഭാഗത്തിൽപ്പെട്ടു. നാം ***അസ്ഹാബുൽ ജന്നഃ***യുടെ അവകാശികളും ആയി. ഉഖുബദ്ദാറിലും എത്തി. അപ്പോൾ തീർച്ചയായും നാം കേൾക്കുന്നത് ***ഇല്ലാ ഖീലൻ സലാമൻ സലാമ*** എന്നായിരിക്കും. അല്ലാഹുവിന്റെ അഭിവാദ്യമാണത്. അല്ലാഹു നമ്മെ നോക്കി കാരുണ്യത്തോടെ സമാധാനം, സമാധാനം എന്ന് പറയുന്നു. അനശ്വരമായ, അതിവിശാലമായ, സദാ അഭിവൃദ്ധിദായകമായ പുതുജീവിതം, ശാശ്വതജീവിതം അല്ലാഹു നമുക്ക് പ്രദാനം ചെയ്യുന്നു. നമുക്ക് അതാവശ്യമാണ്; അതാണ് ആവശ്യം. അത് നേടാൻ നാം ഒരുങ്ങുന്നില്ലെങ്കിൽ നാം നമ്മോട് കൊടിയ അനീതി കാണിക്കുന്നു. അതിനുള്ള അവകാശം നമുക്കില്ലെന്ന് നാം മനസ്സിലാക്കുക.

●

ഖുത്ബ - 13.8.2004

# സൽക്കാര്യങ്ങളിൽ മത്സരിച്ച് മുന്നേറുക

**ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു)**

**പരിഭാഷ: മുഹമ്മദ് ഇസ്മായീൽ എച്ച്.എ, ആലപ്പുഴ**

وَلِكُلٍّ وِّجْهَةٌ هُوَ مُوَلِّيهَا فَاسْتَبِقُوا الْخَيْرَاتِ ۚ أَيْنَ مَا تَكُونُوا يَأْتِ بِكُمُ اللَّهُ جَمِيعًا ۚ إِنَّ اللَّهَ عَلَىٰ كُلِّ شَيْءٍ قَدِيرٌ

**ഞാ**നോതിയ വചനത്തിന്റെ തർജ്ജമ ഇങ്ങനെയാണ്.

"ഓരോരുത്തനും ഓരോ ലക്ഷ്യസ്ഥാനമുണ്ട്. അതിന്റെ നേർക്ക് അവൻ മുഖം തിരിക്കുന്നു. അതുകൊണ്ട്, നിങ്ങൾ സൽക്കാര്യങ്ങളിൽ അഹമഹമികയാ മുന്നേറുക. നിങ്ങൾ എവിടെയായിരുന്നാലും അല്ലാഹു നിങ്ങളെ ഒരുമിച്ച് കൂട്ടിക്കൊണ്ടുവരും. അല്ലാഹു താനുദ്ദേശിക്കുന്ന എല്ലാ കാര്യത്തിനും പൂർണമായും കഴിവുള്ളവനാകുന്നു." (*2:149*)

നല്ല കാര്യങ്ങളിൽ വ്യാപൃതനായാൽ മാത്രം പോരാ, അതിൽ അഹമഹമികയാ മുന്നേറുകയും ചെയ്യണമെന്ന് അല്ലാഹുതആല ഓരോ സത്യവിശ്വാസിയോടും ഈ വചനത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു. സത്യവിശ്വാസികളോട് സൽക്കാര്യങ്ങളിൽ പരസ്പരം മത്സരിച്ച് മുന്നേറാൻ കല്പിക്കുമ്പോൾ, അവരുടെ ഏതെങ്കിലും തരത്തിലുള്ള ഒരു നന്മ അന്യരെക്കാൾ കുറയുന്നത് അവർക്കെങ്ങനെയാണ് സഹിക്കാൻ കഴിയുക? അവർ അന്യരെക്കാൾ മുന്നേറാൻ ശ്രമിക്കാതിരിക്കുന്നതെങ്ങനെ? കാരണം സൽക്കാര്യങ്ങൾ ചെയ്യുന്നതും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുന്നതും സത്യവിശ്വാസികളുടെ മാത്രം പ്രത്യേകതയാണ്. അങ്ങനെതന്നെയാണ് വേണ്ടതും. കാരണം അവർ അല്ലാഹുവിന്റെ പക്കൽ ഉത്തമസൃഷ്ടികളാണ്. അവൻ പറയുന്നു:

إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ أُولَٰئِكَ هُمْ خَيْرُ الْبَرِيَّةِ

"വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരാരോ അവർതന്നെയാണ് സൃഷ്ടികളിൽ ഏറ്റവും ഉൽക്കൃഷ്ടർ." (*98:8*)

ഇസ്ലാം സ്വീകരിക്കുകയും, നബി(സ) തിരുമേനി ഉപദേശിക്കുകയും കല്പിക്കുകയും ചെയ്തതനുസരിച്ച് മസീഹ് മഹ്ദി(അ)നെ വിശ്വസിക്കുന്നവരിൽ ഉൾപ്പെട്ട് അല്ലാഹുവിനോടും അവന്റെ റസൂൽ(സ)നോടും കൂടുതൽ ദൃഢകരമായ ബന്ധം സ്ഥാപിച്ചിരിക്കുന്നുവെനന് വാദിക്കുകയും ചെയ്യുന്ന നിങ്ങൾക്ക് വിജയത്തിന്റേതായ എന്തെങ്കിലും മാർഗ്ഗമുണ്ടെങ്കിൽ അല്ലാഹുവിന്റെ സാമീപ്യവും അവന്റെ തൃപ്തിയും കരസ്ഥമാക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ സൽക്കാര്യങ്ങളിൽ മുന്നേറുക എന്ന ഒരേയൊരു വഴിയല്ലാതെ മറ്റൊരു വഴിയും നിങ്ങൾക്കില്ലതന്നെ. ഇതുതന്നെയാണ് അല്ലാഹുവിന്റെ കല്പന. നിങ്ങൾ മുസ്ലിംകളാണെങ്കിൽ, ഉറച്ച മുസ്ലിംകളാണെങ്കിൽ നിങ്ങൾ സന്തോഷം കൊണ്ട് തുള്ളിച്ചാടേണ്ടതാണ്. അല്ലാഹു ഈ വഴി കാണിച്ചുതന്നതിന് നിങ്ങൾ സന്തോഷിക്കേണ്ടതാണ്. അത് അവനിലേക്ക് കൊണ്ടുപോകുന്ന വഴിയാണ്. ലോകത്ത് വിവിധ സംഘടനകൾ ഉണ്ട്. അസോസിയേഷനുകൾ ഉണ്ട്. അവർക്ക് അവരുടേതായ ലക്ഷ്യങ്ങളും ഉണ്ടാകാറുണ്ട്. വിവിധ തരത്തിലുള്ള മുദ്രാവാക്യങ്ങളും ഉയർത്താറുണ്ട്. അത് കരസ്ഥമാക്കാൻ അവർ പരിശ്രമിക്കുകയും ചെയ്യുന്നു. വ്യക്തിപരമായ നിലയിലും മനുഷ്യന്റെ തന്റെ ജീവിതത്തിൽ ഒരു ലക്ഷ്യമുണ്ടാക്കുകയും അതിനെക്കുറിച്ച് ചിന്തിക്കുകയും ചെയ്യാറുണ്ട്. അത് കരസ്ഥമാക്കാൻ വേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നു. പക്ഷെ, ഈ ലക്ഷ്യങ്ങളുടെയെല്ലാം ഉദ്ദേശ്യം ഭൗതികതയാണ്. ഈ ഭൗതിക ഉദ്ദേശ്യം നേടിക്കഴിഞ്ഞാൽ നിങ്ങളുടെ പര്യവസാനം ശുഭമായിരിക്കുമെന്ന വാഗ്ദാനം അല്ലാഹു ആർക്കും നൽകിയിട്ടില്ല. അതിൽ ഒരു ജാമ്യവും ഇല്ല.

എന്നാൽ, അല്ലാഹുവും അവന്റെ റസൂൽ(സ)യും പറഞ്ഞതും കാലത്തിന്റെ ഇമാം വിശദീകരിച്ചുതന്നതുമായ ഇസ്ലാമികാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ, ഈ സൽകർമ്മങ്ങളിലൂടെ നിങ്ങൾ ലോകത്ത് ഉത്തമസൃഷ്ടികളായി തീരുമെന്ന് മാത്രമല്ല പരലോകത്തും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരുമെന്നും അല്ലാഹു നിങ്ങളോട് വാഗ്ദാനം ചെയ്തിരിക്കുന്നു.

വലിയ വലിയ ലക്ഷ്യങ്ങളുമായി ഉയർന്നുവരുന്ന ഭൗതിക സംഘടനകൾ ലോകത്തുണ്ട്. രാജ്യത്ത് ഐക്യം സ്ഥാപിക്കുമെന്ന വാദവുമായിട്ടാണ് അവർ എഴുന്നേല്ക്കുന്നത്. പ്രത്യക്ഷത്തിൽ നന്മ നടപ്പാക്കാൻ വേണ്ടി ഉണ്ടാക്കിയിട്ടുള്ള ഈ ഭൗതിക സംഘടനകൾ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാത്തവയാണ്. അതുകൊണ്ടുതന്നെ നന്മ പരത്തുമെന്നും സമാധാനം സ്ഥാപിക്കുമെന്നും പ്രഖ്യാപിച്ചുകൊണ്ട് എഴുന്നേറ്റിട്ടുള്ള ഈ സംഘടനകൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. കാരണം പുണ്യകർമ്മങ്ങൾ ഉണ്ടാകുന്നത് അല്ലാഹുവിനോടുള്ള ഭയത്തിൽനിന്നാണ്. അത് ഇക്കൂട്ടരിലുണ്ടാകുന്നില്ല. അതുകൊണ്ട് അവർക്ക് സൽകാര്യങ്ങളിൽ നിലനിൽക്കാൻ കഴിയുന്നുമില്ല. വ്യക്തിപരവും രാജ്യപരവുമായ പ്രവർത്തനങ്ങളുടെ വർഗ്ഗീയമായ താൽപര്യം മുന്നിൽ വരുന്നു. രണ്ടാം ലോക മഹായുദ്ധത്തെ തടയാനും ഇവർക്കു കഴിഞ്ഞില്ല. പിന്നീട് യു.എൻ.ഒ. സ്ഥാപിതമായി. നോക്കുക, അതും ഇപ്പോൾ ചില ജനതകളുടെ കൈയിലാണ്. ഇപ്പോഴും അവസ്ഥ ആദ്യത്തേതുപോലെതന്നെയാണ്. ദരിദ്രരാഷ്ട്രങ്ങളുടെമേൽ അക്രമം ചെയ്തുകൊണ്ടിരിക്കുന്നു. അവരുടെ വരുമാനമാർഗ്ഗങ്ങൾ തങ്ങളുടെ കൈയിലെടുത്തുകൊണ്ട് തങ്ങളുടേതായ നിബന്ധനകൾ അടിച്ചേല്പിക്കുന്നു. സ്വന്തം

താൽപര്യങ്ങൾ സംരക്ഷിക്കാൻ അവർക്കു പേരിനുമാത്രം തുച്ഛമായ സഹായം നൽകുന്നു. സ്വന്തം നാടിന്റെ അഭിവൃദ്ധിക്കായി അവരുടെ വരുമാന മാർഗ്ഗങ്ങളാണ് ചെലവഴിക്കുന്നത്. ദരിദ്രരാഷ്ട്രങ്ങളിലെ പൊതുജനങ്ങൾ പട്ടിണികിടന്ന് മരിക്കുന്നു. ആരെങ്കിലും ശബ്ദിച്ചാൽ തോക്കിന്റെ മുന കാണിച്ച് അവരെ നിശ്ശബ്ദരാക്കുന്നു. എന്നിട്ടും ലോകത്ത് സമാധാനം സ്ഥാപിക്കുന്നവരും, സൽക്കർമ്മങ്ങൾ ചെയ്യുന്നവരും, ദരിദ്രരെ സേവിക്കുന്നവരും തങ്ങളാണെന്നാണ് അവർ വാദിക്കുന്നത്. ഇതെല്ലാം പൊള്ളയായ വാദമാണ്. ഇക്കൂട്ടർക്ക് അതൊന്നും ചെയ്യാൻ സാധിക്കുകയില്ല. ഇന്ന് യഥാർത്ഥത്തിൽ സൽക്കർമ്മങ്ങൾ ആർക്കെങ്കിലും സ്ഥാപിക്കാൻ കഴിയുന്നുവെങ്കിൽ, അത് യഥാർത്ഥ മുസ്‌ലിംകൾക്ക് മാത്രമെ സാധിക്കുകയുള്ളൂ. സത്യസന്ധരായ മുസ്‌ലിംകൾ അഹ്മദികൾ അല്ലാതെ മറ്റാരുമല്ല. കാരണം അവർതന്നെയാണ് നബി(സ) തിരുമേനിയെ സത്യസന്ധമായി സ്നേഹിക്കുന്ന ആ മഹാത്മാവിന്റെ ദാസനെ വിശ്വസിച്ചിട്ടുള്ളവർ.

നിങ്ങൾ നോക്കുക, എല്ലാ മുസ്‌ലിം രാഷ്ട്രങ്ങളും– ചിലരുടെ പക്കൽ എല്ലാ സാധനസാമഗ്രികളും ഉണ്ടായിട്ടുപോലും സൽക്കർമ്മങ്ങൾ ചെയ്യാൻ അവർക്ക് കഴിയുന്നില്ല. പരസ്പരം ശ്രദ്ധിക്കാൻ പറ്റുന്നില്ല. സമ്പന്നരാഷ്ട്രങ്ങൾ ഒരൊറ്റ ദരിദ്രരാഷ്ട്രത്തെ പോലും സഹായിക്കുന്നില്ല. അവരെക്കുറിച്ച് അക്കൂട്ടർക്ക് ഒരു ചിന്തയുമില്ല. സ്വന്തം സ്വത്തുകൊണ്ട് ദരിദ്രരാഷ്ട്രങ്ങളെ സഹായിക്കുന്നതിനു പകരം സ്വയം ശരിരേച്ഛയ്ക്ക് അടിമപ്പെട്ടിരിക്കുന്നു. സമ്പന്ന മുസ്‌ലിംരാഷ്ട്രങ്ങളെയെല്ലാം നിങ്ങൾ പരിശോധിച്ചുനോക്കുക. സ്വന്തം സ്വത്ത് സ്വരുക്കൂട്ടിവെക്കുന്നതല്ലാതെ, അധികാരം കിട്ടിയാൽ ഏതെങ്കിലും ദരിദ്രരാഷ്ട്രത്തെ സമ്പത്ത്പോലും സ്വന്തം രആവശ്യത്തിനായി സ്വരുക്കൂട്ടുന്നതല്ലാതെ മറ്റൊന്നും ചെയ്യാത്തവരായി അവരെ നിങ്ങൾക്ക് കാണാൻ കഴിയും.

അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിലോ സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിലോ അവർക്ക് ഒരു ചിന്തയുമില്ല. ഇനി ഇവരിൽ ആർക്കെങ്കിലും ഇസ്‌ലാമിന് സേവനം ചെയ്യുന്നുവെന്ന വാദം ഉണ്ടെങ്കിൽതന്നെ, അവർ മനസ്സിലാക്കുന്നത് ഭീകരപ്രവർത്തനത്തിലൂടെ മാത്രമെ ഇസ്‌ലാമിനെ വിജയിക്കാൻ കഴിയുകയുള്ളൂവെന്നാണ്. ഭീകരവാദം അല്ലാതെ അവർ സംസാരിക്കുന്നില്ല. ഇസ്‌ലാമിന്റെ സൗന്ദര്യം കാണിക്കുന്നതിനുപകം, അതിനെ കളങ്കപ്പെടുത്തി അവതരിപ്പിക്കുന്നവരാണിവർ. ഇവർ സൽക്കർമ്മങ്ങൾ നിലനിർത്തുന്നവർ അല്ല. ഇവർക്കത് ചെയ്യാനും കഴിയുകയില്ല. കാരണം ഇവർ നബി(സ) തിരുമേനിയുടെ കല്പന ലംഘിച്ച്, അവിടത്തെ സത്യസന്ധനായ സ്നേഹിതനെ വിശ്വസിച്ചില്ലെന്ന് മാത്രമല്ല അദ്ദേഹത്തെ എതിർക്കുകയും ചെയ്തു. അതിൽ ഒരു കുറവും ഇവർ വരുത്തിയില്ല. വ്യക്തിപരവും ഭൗതികവുമായ നേട്ടങ്ങളെ ഇവർ ദീനിനെക്കാൾ മുന്തിച്ചു. അതല്ലാതെ മറ്റൊരു ചിന്തയും ഇവർക്കില്ലാതായി. അവരുടെ ദീനീപരമായ കാര്യങ്ങളിലും ഭൗതികത അതിജയിച്ചുനിന്നു. അല്ലാഹുവിനോട് ഭയം ഉണ്ടാകുന്നതിനു പകരം, അതിനെക്കാൾ കൂടുതൽ മുല്ലമാരെ ഭയപ്പെടാൻ തുടങ്ങി. അവരുടെ പിന്നാലെ നടന്നു. പിന്നെങ്ങനെയാണ് സൽക്കാര്യങ്ങളിൽ മുൻകടക്കുക എന്ന കല്പന ഇവരുടെ ലക്ഷ്യമായിത്തീരുന്നത്? ഇന്ന് സൽക്കാര്യങ്ങളിൽ മുൻകടക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അതാരുടെയെങ്കിലും ലക്ഷ്യമായിട്ടുണ്ടെങ്കിൽ അത് അഹ്മദികൾ മാത്രമാണ്. ഞാൻ പറഞ്ഞതുപോലെ, ഏതു സൽക്കാര്യങ്ങളിലാണ് നാം പരസ്പരം മുൻകടക്കേണ്ടത്? അല്ലെങ്കിൽ മറ്റുള്ളവർ ചെയ്യാത്ത സൽക്കാര്യങ്ങളെന്താണ്? ഇന്ന് ഓരോ അഹ്മദിയിൽനിന്നും പ്രതീക്ഷിക്കുന്ന ആ സൽക്കാര്യങ്ങൾ എന്താണ്? ഹുഖൂഖുല്ലായും ഹുഖൂഖുൽ ഇബാദും നിറവേറ്റലാണത്. അതായത് അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള ബാധ്യതകൾ നിറവേറ്റുക. അല്ലാഹുവിനോടുള്ള കടമ എന്താണ്? അല്ലാഹുവിനോടുള്ള കടമകൾ അല്ലാഹുവിനോടുള്ള ഭയവും അവനോടുള്ള പേടിയും മനസ്സിൽവെച്ചുകൊണ്ട് അവനെ ആരാധിക്കുക എന്നതാണ്. അവനെ ആരാധിക്കുന്നതിനും, അവന്റെ സാമീപ്യം പ്രാപിക്കുന്നതിനും അവനെ സ്മരിക്കുന്നതിനുമുള്ള ഒരവസരവും പാഴാക്കിക്കളയാതിരിക്കുക എന്നതാണ്. നമസ്കാരം ശരിയായനിലയിൽ നിർവഹിക്കുകയെന്ന് അല്ലാഹു പറയുന്നു. പുരുഷന്മാർ അഞ്ചുനേരവും പള്ളികളിൽപോയി നമസ്കരിക്കുക. എല്ലായിടത്തും പള്ളികളില്ലാത്തതുകൊണ്ട് ഇക്കാലത്ത് ഇങ്ങനെ നിർവ്വഹിക്കുക പ്രയാസമാണെന്ന് ചിലർ പറയാറുണ്ട്. ശരിതന്നെ, എല്ലായിടത്തും പള്ളികളില്ല. എന്നാൽ, എവിടെയെങ്കിലും ഏതെങ്കിലും സ്ഥലമുണ്ടാകും. മുഴുലോകവും മുസ്‌ലിംകൾക്കുവേണ്ടി പള്ളികളാക്കിയിരിക്കുകയാണ്. ജോലി ചെയ്യുന്ന സമയമുണ്ട്. ആ സമയത്ത് ജോലി ഉപേക്ഷിക്കുക എന്നത് ദുഷ്ക്കരമായ പ്രവൃത്തിയാണ്. അതായത്, ജനങ്ങൾക്ക് കൂടുതൽ ജോലി ചെയ്യേണ്ട ഒരു കാലം വരുമെന്നും, വേല ചെയ്യുന്നവർക്കും, ഉദ്യോഗസ്ഥർക്കും പ്രയാസങ്ങളുണ്ടാകുന്ന ഒരു കാലം വരുമെന്നും അല്ലാഹുവിന് ഒട്ടും അറിയില്ലായിരുന്നു എന്നു തോന്നും അവരുടെ പറച്ചിൽ കേട്ടാൽ. അല്ലാഹു അദൃശ്യകാര്യങ്ങൾ അറിയുന്നവനാണ്. നാളെ എന്തുണ്ടാകുമെന്നും നൂറുവർഷത്തിനുശേഷം എന്തുണ്ടാകുമെന്നും ആയിരം വർഷത്തിനുശേഷം എന്തുണ്ടാകുമെന്നും, അതിനുശേഷം എന്തുണ്ടാകുമെന്നും, എങ്ങനെയുള്ള കാലം വരുമെന്നും അവനറിയാം. എന്നിട്ടും നമസ്കാരങ്ങളിലേക്ക് നിങ്ങൾ ശ്രദ്ധിക്കുകയാണെങ്കിൽ നിങ്ങൾ സൽക്കാര്യങ്ങളിൽ പദമൂന്നുന്നവരായി പറയപ്പെടുമെന്ന് പറഞ്ഞു. സൽക്കാര്യങ്ങളിൽ ചരിക്കുന്നവരെന്ന് പറയപ്പെടും. ഇല്ലെങ്കിൽ മസീഹ് മഹ്ദിയെ വിശ്വസിക്കുന്നവരും നബി(സ) തിരുമേനിയുടെ കല്പന അംഗീകരിച്ചുകൊണ്ട് ഇക്കാലത്തെ ഇമാമിനെ വിശ്വസിക്കുന്നവരും ആയിട്ടും, സല്കർമ്മങ്ങൾ നിലനിർത്തുന്നവരും ആയിട്ടും, സൽക്കർമ്മങ്ങൾ നിലനിർത്തുന്നവരും അതനുസരിച്ച് പ്രവർത്തിക്കുന്നവരും ആകുകയില്ല. കാരണം, നമസ്കാരം നിലനിറുത്തുക എന്ന വ്യക്തമായ കല്പനയാണ് അല്ലാഹു തന്നിട്ടുള്ളത്. അവൻ പറയുന്നു:

وَأَقِيمُوا الصَّلَاةَ وَآتُوا الزَّكَاةَ وَأَطِيعُوا الرَّسُولَ لَعَلَّكُمْ تُرْحَمُونَ

നിങ്ങൾ നമസ്കാരം നിലനിറുത്തുകയും, അതു പള്ളിയിൽ പോയി നിർവഹിക്കുകയും സകാത്ത് കൊടുക്കുകയും റസൂൽ(സ)നെ അനുസരിക്കുകയും ചെയ്യുക. സക്കാത്തും ത്യാഗമാണ്. പുണ്യകർമ്മമാണ്. റൂസൂൽ(സ)നോടുള്ള അനുസരണമെന്ന് പറയുന്നത് കല്പിച്ചിട്ടുള്ള കാര്യങ്ങൾ നിറവേറ്റുക എന്നതാണ്. നിങ്ങൾ ഇങ്ങനെ നന്മകൾ ചെയ്താൽ, നമസ്കാരം ജമാഅത്തോടുകൂടി കൃത്യസമയത്ത് നിർവഹിക്കുകയാണെങ്കിൽ നിങ്ങളുടെമേൽ കരുണ ചെയ്യപ്പെടുന്നതാണ്. (*24:57*)

ഇല്ലെങ്കിൽ നിങ്ങൾ കാരുണ്യം പ്രതീക്ഷിക്കേണ്ട. സൽക്കർമ്മങ്ങളിൽ നിലകൊള്ളുന്നവരാണെന്ന നിങ്ങളുടെ വാദവും ശരിയല്ല. കാരണം കൃത്യസമയത്ത് നമസ്കരിക്കുന്നവരായിത്തീരുമ്പോഴാണ് സൽക്കാര്യങ്ങളിൽ ചരിക്കുന്നവരെന്നും അതിൽ മുൻകടക്കുന്നവരെന്നും പറയപ്പെടുന്നത്. കൃത്യസമയത്ത് നമസ്കാരം അനുഷ്ഠിക്കേണ്ടത് വളരെ ആവശ്യമാണ്. അവൻ പറയുന്നു:

إِنَّ الصَّلَاةَ كَانَتْ عَلَى الْمُؤْمِنِينَ كِتَابًا مَوْقُوتًا

"നിശ്ചയമായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയനിർണയം ചെയ്യപ്പെട്ട ഒരു നിർബന്ധകൃത്യമാകുന്നു." (*4:104*)

പുണ്യകർമ്മം എന്നു പറയുന്നത് ഒന്ന്, നമസ്കാരം ജമാഅത്തോടുകൂടി നിർവഹിക്കുക എന്നതാണ്. രണ്ട്, കൃത്യസമയത്ത് നിർവഹിക്കുക എന്നതാണ്. ഭൗതികമായ ഇടപാടുകളും, തൊഴിലുകളിലുള്ള തിരക്കും പണം സമ്പാദിക്കാനുള്ള അത്യാർത്തിയും നിങ്ങളെ നമസ്കാരത്തിൽനിന്ന് തടയുന്നുവെങ്കിൽ അത് പുണ്യകർമ്മമല്ല. അതുകൊണ്ട് നിങ്ങളെക്കുറിച്ച് നിങ്ങൾ ചിന്തിക്കുക. സ്വഹാബിമാർ നന്മകളിൽ അഭിവൃദ്ധിപ്പെടാൻ എത്രമാത്രം ചിന്താകുലരായിരുന്നു. ഒരു ഹദീസിൽനിന്ന് ഇതു മനസ്സിലാകുന്നുണ്ട്. ഒരിക്കൽ സാമ്പത്തികശേഷി കുറഞ്ഞവരും ദരിദ്രരുമായ സ്വഹാബിമാർ നബി (സ) തിരുമേനിയുടെ അടുക്കൽ വന്നു. അവർ വലിയ പരാതി എന്ന നിലയിൽതന്നെ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ നമസ്കരിക്കുന്നതുപോലെ പണക്കാരും നമസ്കരിക്കുന്നു. ഞങ്ങൾ നോമ്പുപിടിക്കുന്നതുപോലെ പണക്കാരും നോമ്പുപിടിക്കുന്നു. ഞങ്ങൾ ജിഹാദ് ചെയ്യുന്നതുപോലെ പണക്കാരും ജിഹാദ് ചെയ്യുന്നു. എന്നാൽ, അല്ലാഹുവിന്റെ റസൂലേ! അവർ അധികമായി ഒരു പ്രവൃത്തി ചെയ്യുന്നുണ്ട്. അവർ ദാനധർമ്മങ്ങൾ ചെയ്യുന്നു. ഞങ്ങളുടെ ദാരിദ്ര്യംകൊണ്ട് ഞങ്ങൾക്കത് ചെയ്യാൻ കഴിയുന്നില്ല. ഇതുംകൂടി പൂർത്തിയാക്കുന്നതിനുള്ള മാർഗ്ഗം അങ്ങ് ഞങ്ങൾക്ക് പറഞ്ഞുതന്നാലും." നബി(സ) തിരുമേനി പറഞ്ഞു: "നിങ്ങൾ ഓരോ നമസ്കാരത്തിനുശേഷവും മുപ്പത്തിമൂന്നു പ്രാവശ്യം ***സുബ്ഹാനല്ലാഹ്*** എന്നും മുപ്പത്തിമൂന്നു പ്രാവശ്യം ***അൽഹംദുലില്ലാഹ്*** എന്നും മുപ്പത്തിനാല് പ്രാവശ്യം ***അല്ലാഹു അക്ബർ*** എന്നും പറയുക."

ഇതുമുഖേന തങ്ങളും പണക്കാരുടെ നന്മകൾക്ക് തുല്യരായിത്തീരുമെന്നറിഞ്ഞപ്പോൾ സ്വഹാബത്ത് വളരെയേറെ സന്തോഷിച്ചു. അവരതനുസരിച്ച് പ്രവർത്തിക്കാൻ തുടങ്ങി. എന്നാൽ കുറച്ചുദിവസങ്ങൾക്കുശേഷം പണക്കാർ ഈ പ്രവർത്തനരീതിയെക്കുറിച്ച് അറിഞ്ഞു. അവരും തസ്ബീഹും തഹ്മീദും ചൊല്ലാൻ തുടങ്ങി. ഈ സ്വഹാബിമാർ വീണ്ടും നബി(സ)യുടെ സന്നിധിയിൽ ഹാജരായി, പണക്കാരും ഈ രീതി പിന്തുടർന്നിരിക്കുന്നുവെന്ന് സങ്കടം ബോധിപ്പിക്കുകയും അവർ വീണ്ടും തങ്ങളെക്കാൾ മുൻകടന്നുപോയിരിക്കുന്നുവെന്ന് പറയുകയും ചെയ്തു. നബി(സ) തിരുമേനി പറഞ്ഞു: "അല്ലാഹുതആല ആർക്കെങ്കിലും നന്മ ചെയ്യാൻ തൗഫീഖ് നല്കിക്കൊണ്ടിരിക്കുന്നെങ്കിൽ എനിക്കെങ്ങനെയാണ് അത് തടയാൻ കഴിയുക."

നോക്കുക, എത്ര ഉത്സാഹത്തോടെയാണ് സ്വഹാബത്ത് നന്മ ചെയ്യാൻ പരിശ്രമിച്ചിരുന്നത്. അവരിൽ വലിയ വലിയ വ്യാപാരികളുണ്ടായിരുന്നു. പണക്കാരുണ്ടായിരുന്നു. എന്നാൽ നന്മയിൽ പരസ്പരം മത്സരിച്ചുമുന്നേറുക എന്ന കല്പനയനുസരിച്ച് അതിരില്ലാത്തവണ്ണം അവർ പ്രവർത്തിച്ചുപോന്നു. ആ നന്മകളെ അല്ലാഹു എത്രത്തോളം ആദരിച്ചുവെന്ന് നോക്കുക. വ്യക്തിപരവും ജമാഅത്തിപരവുമായ നിലയിൽ അവർക്ക് നല്ലവണ്ണം അനുഗ്രഹം നൽകി. ഈ ഹദീസിൽ പറഞ്ഞതുപോലെ നബി (സ) തിരുമേനിയുടെ പരിശുദ്ധമായ ശക്തിപ്രഭാവമനുസരിച്ച് സ്വഹാബത്ത്, അവർ പണക്കാരാവട്ടെ ദരിദ്രരാവട്ടെ നമസ്കാരം നിർവഹിക്കൽ, നോമ്പുപിടിക്കൽ, ജിഹാദ്, ദാനധർമ്മങ്ങൾ തുടങ്ങി എല്ലാ സൽക്കാര്യങ്ങളിലും പരസ്പരം മത്സരിച്ച് മുന്നേറാൻ ശ്രമിച്ചിരുന്നു. അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നവരായിരുമായിരുന്നു അവർ. സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നവരായിരുന്നു. നമസ്കാരം അനുഷ്ഠിക്കുകയും ദാനധർമ്മങ്ങൾ ചെയ്ത് സമസൃഷ്ടികളെ സേവിക്കുകയും ചെയ്തിരുന്നു. ഈ നന്മകളിൽ മുൻകടക്കേണ്ടത് അഹ്മദികളായ നമുക്ക് ഇന്ന് അത്യാവശ്യമാണ്. നമ്മുടെ നമസ്കാരം നാം നിലനിറുത്തേണ്ടതായി വരും. അതിനെ മനോഹരമായ നിലയിൽ നിർവ്വഹിക്കേണ്ടതായി വരും. സമസൃഷ്ടികളോടുള്ള കടമകളും നിറവേറ്റേണ്ടതായിവരും. ഈ സമസൃഷ്ടി സേവനം എന്താണ്? നിങ്ങളുടെ ബന്ധുക്കളോട്, സഹോദരങ്ങളോട് നല്ല രീതിയിൽ പെരുമാറുക. ഏറ്റവുമാദ്യം ഭർത്താവ് ഭാര്യയോടുള്ള കടമ നിറവേറ്റുക എന്നതും ഭാര്യ ഭർത്താവിനോടുള്ള കടമ നിറവേറ്റുക എന്നതുമാണ്. ഭാര്യാഭർത്താക്കന്മാർ അവരുടെ ഇരുപക്ഷത്തുള്ള ബന്ധുക്കളോടുള്ള കടമ നിറവേറ്റണം. ദരിദ്രരെ പരിചരിക്കണം. ജമാഅത്തിലും ഇതിന്റെ വിശാലമായ ഒരു വ്യവസ്ഥിതി നിലവിലുണ്ട്. ഇതിനു വിധേയരായി സാമ്പത്തികത്യാഗം ചെയ്യുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ വിശാലമായ നിലയിൽതന്നെ അഗതികളേയും ദരിദ്രരേയും വിധവകളേയും നാം സഹായിച്ചുവരുന്നുണ്ട്. അതിൽ നിങ്ങൾ പങ്കെടുക്കുക. കലഹങ്ങളിൽനിന്നും വഴക്കുകളിൽനിന്നും വിട്ടുനില്ക്കുക. വ്യാപാരപരമായ കാര്യങ്ങളിലും ദ്രോഹപ്രവർത്തനങ്ങൾകൊണ്ട് പ്രശ്നങ്ങൾ അധികമായിക്കൊണ്ടിരിക്കുന്നു. മറ്റുള്ളവന്റെ മുതൽ വഞ്ചിച്ചു തിന്നു

ന്നതിനെക്കുറിച്ച് ഒരഹ്മദി ചിന്തിക്കാൻപോലും പാടില്ല. അതിൽ നിന്ന് തികച്ചും വിട്ടുനില്ക്കേണ്ടതാണ്. അതുകൊണ്ട് എപ്പോഴും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് അതിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി അല്ലാഹുവിനോട് സഹായം തേടേണ്ടതാണ്. ഇങ്ങനെ ശ്രദ്ധയോടുകൂടി സൽക്കാര്യങ്ങൾ ചെയ്യാൻ ഓരോ അഹ്മദിയും അത്യധ്വാനം ചെയ്യുമ്പോഴാണ് സൽക്കാര്യങ്ങളിൽ നിലകൊള്ളുന്നവരാണെന്നും അത് പരത്തുന്നവരാണെന്നുമുള്ള നമ്മുടെ വാദത്തിൽ നാം സത്യവാന്മാരാകുന്നത്. നന്മകൾ സ്വീകരിക്കുന്നതിനുവേണ്ടി പരസ്പരം മത്സരിച്ച് മുന്നേറുന്നവരാണെന്ന് പറയാൻ പറ്റുകയുള്ളൂ. ഇല്ലെങ്കിൽ ഞാൻ പറഞ്ഞതുപോലെ നാം ഭൗതികരേയും ഭൗതിക സംഘടനകളെപ്പോലെയുമായിത്തീരും. അവർ പറയുന്നതൊന്നും ചെയ്യുന്നത് മറ്റൊന്നുമായിരിക്കും. അല്ലാഹു നമ്മെ അങ്ങനെ ആക്കാതിരിക്കട്ടെ.

എനിക്കോർമ്മ വരുന്നു. യൂറോപ്പിലെ ഒരു രാജ്യത്തെ വലിയ പ്രശസ്തനായ ഒരു രാഷ്ട്രീയനേതാവ് എന്നെ കാണുന്നതിനുവേണ്ടി വന്നു. 'ഞാൻ ഇന്ന സ്ഥലത്തുനിന്ന് വരികയാണ്, പര്യടനം നടത്തിക്കൊണ്ടിരിക്കുകയാണ്. യൂറോപ്യൻ രാഷ്ട്രങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ചിരിക്കുന്നു. എങ്ങനെ ദരിദ്രരാഷ്ട്രങ്ങളെ സഹായിക്കാൻ കഴിയും എന്നതിനെക്കുറിച്ച് ആലോചിച്ചതിനുശേഷം ഞങ്ങളൊരു വലിയ പദ്ധതി തയ്യാറാക്കി. ഞങ്ങൾ അങ്ങനെ ചെയ്യും, ഇങ്ങനെ ചെയ്യും' എന്നൊക്കെ അദ്ദേഹം പറഞ്ഞു. ഇതുകേട്ടപ്പോൾ ഞാൻ പറഞ്ഞു: നിങ്ങൾ ചെയ്യുന്നത് വളരെ വലിയ പുണ്യകർമ്മമാണ്. തീർച്ചയായും അങ്ങനെ ചെയ്യേണ്ടതാണ്. സമ്പന്നരാഷ്ട്രങ്ങൾ ദരിദ്രരാഷ്ട്രങ്ങളെ സഹായിക്കേണ്ടതാണ്. ഞാൻ ചോദിച്ചു, നിങ്ങളുടെ ഈ പദ്ധതി ആദ്യമായിട്ട് തുടങ്ങുന്നതാണോ അതോ ഇതിനുമുമ്പും ഇതുപോലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ? കഴിഞ്ഞ കാലങ്ങളിൽ ഇതുപോലുള്ള നിരവധി പദ്ധതികൾ ഉണ്ടാക്കിയിരുന്നുവെന്ന് അദ്ദേഹം സമ്മതിച്ചു. കഴിഞ്ഞകാലങ്ങളിൽ പ്രവർത്തിച്ചിരുന്ന ആ കമ്മറ്റികളുടെ അവസാനം എങ്ങനെയായിരുന്നുവെന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. ഈ പദ്ധതിയനുസരിച്ച് എത്ര രാഷ്ട്രങ്ങളിലെ ദാരിദ്ര്യമാണ് നിങ്ങൾ പരിഹരിച്ചത്? ഈ പദ്ധതികൾ നല്ലവണ്ണം നടന്നിരുന്നോ? അദ്ദേഹം പറഞ്ഞു: ഇതു വളരെ പ്രയാസപ്പെട്ട ചോദ്യമാണ്. അദ്ദേഹത്തിന്റെ ഭാര്യയും കൂടെ ഉണ്ടായിരുന്നു. അവരും ചിരിക്കാൻ തുടങ്ങി. മറുപടി നൽകാൻ ഭർത്താവിനോട് പറയുകയും ചെയ്തു. അവരും സാമൂഹികപ്രവർത്തകയാണ്. അവരും ഒരു ആൻജിയോ എന്ന സംഘടന രൂപീകരിച്ചിട്ടുണ്ട്. അതുമുഖേന ആഫ്രിക്കൻ രാജ്യങ്ങളിൽ പോയി സഹായിക്കുന്നവരുമാണ്. മറ്റു ചില ദൂരദൂര ദേശങ്ങളിലും പോയിട്ടുണ്ട്. ഞാൻ അവിടെ പോയപ്പോൾ ഇവരെക്കുറിച്ച് അന്വേഷിച്ചിരുന്നു. എന്തായാലും വ്യക്തിഗതമായ നിലയിൽ കാരുണ്യപ്രവർത്തനം ചെയ്യാൻ ആഗ്രഹിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽതന്നെ, രാഷ്ട്രങ്ങളിലെ സംഘടനകളുമായി ഈ എല്ലാ പ്രവർത്തനങ്ങളും ബന്ധപ്പെട്ടിരിക്കുന്നതിനാൽ അവർക്ക് സ്വന്തമായി ഒന്നും ചെയ്യാൻ കഴിയില്ല. ഈ ഭൗതിക സംഘടനകൾ തങ്ങളുടെ സ്വന്തം നേട്ടങ്ങൾക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്, പുണ്യം ചെയ്യുന്നതിനുവേണ്ടിയല്ല. സൽക്കാര്യങ്ങളിൽ മത്സരിച്ച് മുന്നേറുന്നതിന് വേണ്ടിയുമല്ല.

ഞാൻ പറഞ്ഞതുപോലെ വ്യക്തിഗതമായ നിലയിൽ നല്ലവരുമാനമുണ്ട്. പക്ഷെ, അവർക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. തങ്ങളുടെ നേട്ടം സഫലമാകുന്നതുവരെ മാത്രമെ ഈ സംഘടനകൾ പ്രവർത്തിക്കുകയുള്ളൂ. നിങ്ങൾ നോക്കുക, ഈ യൂറോപ്യൻ രാഷ്ട്രങ്ങളിൽ അതിരില്ലാതെയാണ് ഭക്ഷണപദാർത്ഥങ്ങളും പാനീയങ്ങളും പാഴാക്കിക്കളയുന്നത്. സേവന വികാരമായിരുന്നുവെങ്കിൽ ഇത് പാഴാക്കിക്കളയുന്നതിനുപകരം ആ ദരിദ്ര രാഷ്ട്രങ്ങളിലേക്ക് അത് കയറ്റി അയക്കാൻ സംവിധാനം ഉണ്ടാക്കുകയായിരുന്നെങ്കിൽ നിരവധിയാളുകളുടെ വയറ് അതുകൊണ്ട് നിറയുമായിരുന്നു. മനുഷ്യരെ കണക്കറ്റ് സഹായിക്കാൻ കഴിയുമായിരുന്നു. പക്ഷേ, അവരുടെ ഉദ്ദേശ്യം അതല്ല. നന്മ ചെയ്തിട്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കണമെന്നതല്ല അവരുടെ ലക്ഷ്യം.

ഹസ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഇത് വിശദീകരിച്ച് പറഞ്ഞിട്ടുണ്ട്. അവിടന്ന് പറയുന്നു. "ഇസ്ലാമും മറ്റു മതങ്ങളും തമ്മിൽ ഒരുപാട് വ്യത്യാസങ്ങളുണ്ട്. അത് ഇസ്ലാമിന്റെ ശ്രേഷ്ഠതയെ വ്യക്തമായും സ്ഥാപിക്കുന്നവയാണ്. അതിൽ ഏറ്റവും വലിയൊരു വ്യത്യാസം മറ്റു മതങ്ങൾ സൽക്കാര്യങ്ങളിലേക്ക് വിളിക്കുമ്പോൾ ഇസ്ലാം സൽക്കാര്യങ്ങളിൽ മത്സരിച്ച് മുന്നേറാൻ വേണ്ടിയാണ് വിളിക്കുന്നത്. ഒന്നാമതായി സൽക്കർമ്മങ്ങൾ സ്വീകരിക്കുക. പിന്നീട് സൽക്കർമ്മങ്ങളിൽ മത്സരിച്ച് മുന്നേറുക. ഒരാൾ മറ്റൊരാളെക്കാൾ മുന്നിലെത്താൻ ശ്രമിക്കുക. അല്ലാഹുതആല ഇവിടെ '***ഇസ്തിബാഖ്***' എന്ന പദമാണ് പ്രയോഗിച്ചിട്ടുള്ളത്. പ്രത്യക്ഷമായി നോക്കിയാൽ ഇതിൽ ശീഘ്രതയും തീവ്രതയും ഇല്ല. അത് എന്തുകൊണ്ടെന്നാൽ രണ്ടാളുകൾ മടിച്ച് മടിച്ച് മുന്നോട്ടുപോകുമ്പോൾ അവരിൽ ഒരാൾ കുറച്ചെങ്കിലും മുമ്പിലെത്തിയാൽ നിഘണ്ടുവിന്റെ അടിസ്ഥാനത്തിൽ അയാൾ 'ഇസ്തബാഖ്' ചെയ്തു. അതായത് അന്യോന്യം മത്സരിച്ച് മുന്നേറി. ഇവിടെ മത്സരിച്ച് മുന്നേറുക എന്നത് ഓരോ വ്യക്തിയോടുമുള്ള കല്പനയാണ്. ഒരാൾ പരിശ്രമിച്ച് അല്പം മുമ്പിലെത്തിയാൽ, മറ്റെയാൾക്കുള്ള കല്പന അതിനെക്കാൾ മുമ്പിലെത്തുക എന്നതാണ്." (*തഫ്സീറെ കബീർ വാള്യം 2, പേജ് 255*) ഇപ്രകാരം നന്മ ചെയ്യാനുള്ള ഒരു ഓട്ടമായിരിക്കും. സ്വഹാബത്തിന്റെ ജീവിതത്തെ സംബന്ധിച്ച് നിവേദനങ്ങളിൽ വന്നിട്ടുണ്ട്. അവർ നന്മകളിൽ മത്സരിച്ച് മുന്നേറാൻ ശ്രമിക്കാറുണ്ടായിരുന്നു. ആരെങ്കിലും മുന്നിൽ കടന്നാൽ എന്തുകൊണ്ടാണ് അവർ തങ്ങളെക്കാൾ മുമ്പിലെത്തിയതെന്നോർത്ത് അവർ ആകുലപ്പെടുമായിരുന്നു.

അതുകൊണ്ട് ഈ അധ്യാപനമനുസരിച്ച് നന്മകളിൽ മത്സരിച്ച് മുന്നേറേണ്ടതും അതിനുവേണ്ടി ശ്രദ്ധിക്കേണ്ടതും പരിശ്രമിക്കേണ്ടതും, കഴിവും ശക്തിയും പൂർണ്ണമായും ഉപയോഗിച്ച് പ്രവർത്തിക്കേണ്ടതും ഓരോ അഹ്മദിയുടേയും നിർബന്ധകടമയാണ്. ഓരോരുത്തർക്കും അല്ലാഹു വിവിധ കഴിവുകൾ നല്കിയിട്ടുണ്ട്. കുറഞ്ഞപക്ഷം

അതനുസരിച്ചെങ്കിലും പ്രവർത്തനം ഉണ്ടാകേണ്ടതാണ്.

ഈ നന്മയിൽ മുന്നേറുന്നതിന് മറ്റുള്ളവരെ സഹായിക്കുകയും വേണം. ഒരാൾ നന്മയുടെ സ്ഥാനത്തെത്തിക്കഴിഞ്ഞാൽ മറ്റുള്ളവരേയും അവടംവരെ എത്തിക്കാൻ ശ്രമിക്കണം. കാരണം നിങ്ങൾ സ്വയം ഇഷ്ടപ്പെടുന്നത് മറ്റുള്ളവർക്കുവേണ്ടി ഇഷ്ടപ്പെടാനും കല്പനയുണ്ട്. ഇപ്രകാരം നന്മയിൽ മുന്നിൽ കടക്കാനുള്ള ഓട്ടവും നടന്നുകൊണ്ടിരിക്കും, പരസ്പരം കണ്ടുകൊണ്ട് നന്മ പ്രവർത്തിക്കാനുള്ള ഉത്സാഹവും ഉണ്ടാകും. ഇതിൽ അസൂയ ഉണ്ടാവുകയില്ല. അതുമുഖേന ആർക്കെങ്കിലും നഷ്ടം വരുത്തുന്നുവെന്ന ചിന്തയും ഉണ്ടാകുകയില്ല. മറിച്ച് നന്മ ചെയ്യാനുള്ള ശ്രമം ഉണ്ടാകുന്നതാണ്. ഇപ്രകാരം നിങ്ങൾ തബ്ലീഗും ചെയ്യും. നന്മയിൽ മറ്റുള്ളവരെ ഒപ്പം ചേർത്തു നിർത്താനും, തിന്മയെ ഇല്ലാതാക്കാനും ശ്രമിക്കുന്നതാണ്. നിങ്ങൾ നന്മ ചെയ്യുന്നില്ലെങ്കിൽ ഒന്നും സംഭവിക്കുകയില്ലെന്ന് കരുതരുത്. അങ്ങനെയല്ല. ഒരിക്കൽ അല്ലാഹുവിന്റെയടുക്കൽ വരേണ്ടവരാണ് നിങ്ങൾ. നിങ്ങൾ എവിടെയാണെങ്കിലും ഒരുമിച്ചുകൂട്ടി അല്ലാഹു തന്റെയടുത്തുകൊണ്ടുവരും. നിങ്ങൾ അലസരാണെങ്കിൽ, നന്മയ്ക്കായുള്ള ഓട്ടത്തിൽ പിന്നിലായിപ്പോയെങ്കിൽ, ആ അലസതയ്ക്കുള്ള മറുപടി പറയേണ്ടിവരും. നബി(സ) തിരുമേനിയുടെ ആത്മീയപുത്രന്റെ ജമാഅത്തിൽ ചേർന്നുകൊണ്ട് സൽക്കർമ്മം ചെയ്യുമെന്നായിരുന്നു നിങ്ങൾ വാദിച്ചിരുന്നത്. ബയ്അത്ത് നിബന്ധനകളെ പൂർണ്ണമായും നിറവേറ്റുമെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ, പ്രവർത്തനപരമായി നിങ്ങൾ ഒരു മടിയനെപ്പോലെയായിരുന്നു. അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിലേക്കോ സമസൃഷ്ടികളോടുള്ള ബാധ്യത നിറവേറ്റുന്നതിലേക്കോ നിങ്ങൾ ശ്രദ്ധിച്ചില്ല. ഇപ്പറഞ്ഞതുപോലെയൊക്കെ നിങ്ങൾ ചെയ്യുന്നവരാണെങ്കിൽ തീർച്ചയായും നിങ്ങളായിരിക്കും വിജയം നേടുന്നവർ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവർ.

ബലഹീനതകളൊക്കെ ഉണ്ടായിട്ടും ഈ നന്മകൾ ചെയ്യുകയാണെങ്കിൽ അല്ലാഹുതആല നിങ്ങളുടെ വികാരാവേശത്തെ മാനിച്ചുകൊണ്ട് നിങ്ങൾക്ക് നന്മ ചെയ്തുകൊണ്ടിരിക്കാൻ തൗഫീഖ് നല്കിക്കൊണ്ടേയിരിക്കും. കാരണം അവൻ സർവ്വശക്തനായ അല്ലാഹുവാകുന്നു. അതുകൊണ്ട് സൽക്കർമ്മങ്ങളനുഷ്ഠിക്കാനും അതിൽ മത്സരിച്ച് മുന്നേറാനും ഇനിയും സമയമുണ്ട്. നിങ്ങളുടെ എല്ലാ കഴിവുകളോടും ശക്തികളോടും കൂടി പതുക്കെപ്പതുക്കെ നന്മയിൽ മുന്നോട്ടാഞ്ഞുകൊണ്ടിരിക്കുക. ഓരോരുത്തരുടേയും കഴിവുകളും ശക്തികളും അറിയുന്നവനുമാണ് അല്ലാഹു. ഒറ്റക്കുതിപ്പിന് നന്മ സ്വായത്തമാക്കണമെന്നോ എല്ലാ നന്മയുടെയും ഉന്നതമായ നില കരസ്ഥമാക്കണമെന്നോ അല്ല അവൻ പറയുന്നത്. അവൻ പറയുന്നത് ഒന്നിനുപിറകെ ഒന്നായി നന്മകളിൽ ചുവടുവയ്ക്കുക എന്നാണ്. നിങ്ങളുടെ നടത്തം നിലച്ചുപോകരുത്. തിന്മകളെ പിന്നിൽ ഉപേക്ഷിച്ചുകൊണ്ടേ പോകുക. നന്മയിൽ മുന്നേറിക്കൊണ്ടുപോവുക. പിന്നെ ഓരോരുത്തരും നന്മ പ്രവർത്തിക്കുന്നവരിലേക്ക് നോക്കാനാണ് കല്പിച്ചിട്ടുള്ളത്. ഇതു മുഖേന നന്മയിൽ മത്സരിച്ച് മുന്നേറാനുള്ള താല്പര്യം ഉണ്ടാകും. മത്സരിച്ച് മുന്നേറാനുള്ള റൂഹ് ഉണ്ടാക്കിയെടുക്കുന്നതിന് സ്ഥിരനിഷ്ഠ പാലിക്കേണ്ടത് നിബന്ധനയാണ്. ഒന്നിനു പിറകെ ഒന്നായി പരമ്പരയായി പ്രവർത്തിക്കേണ്ടതായി വരും. ഹസ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: നബി(സ) തിരുമേനിയെക്കുറിച്ച് ഹദീസുകളിൽ വന്നിരിക്കുന്നു. അവിടന്ന് പറഞ്ഞു: മനുഷ്യൻ പതിവായി ചെയ്യുന്ന സൽക്കർമ്മമാണ് ഏറ്റവും ഉത്തമമായിട്ടുള്ളത്. രോഗത്തിന്റെ അവസ്ഥ മുഷിപ്പിന്റേതല്ല, പ്രത്യുത ആരോഗ്യവാന്റെ ലക്ഷണമാണത്. മാനസികരോഗി ചിരിക്കാൻ തുടങ്ങിയാൽ ചിരിച്ചുകൊണ്ടേയിരിക്കും. കരയാൻ തുടങ്ങിയാൽ കരഞ്ഞുകൊണ്ടേയിരിക്കുന്നു. തിന്നാൻ തുടങ്ങിയാൽ തിന്നുകൊണ്ടേയിരിക്കുന്നു. ഉറങ്ങാൻ തുടങ്ങിയാൽ ഉറങ്ങിക്കൊണ്ടേയിരിക്കുന്നു. ഉണർന്നാൽ ആഴ്ചകളോളം അവന് ഉറക്കം വരികയില്ല. ഈ എല്ലാ കാര്യങ്ങളിലും അവന്റെ തീരുമാനത്തിന് പങ്കൊന്നുമില്ല. അവന്റെ പ്രവർത്തനങ്ങളെ ആരും ചോദ്യം ചെയ്യുകയില്ല. എന്തിനാണ് കരയുന്നതെന്നോ ചിരിക്കുന്നതെന്നോ ആരും ചോദിക്കില്ല. മറിച്ച് അവനുവേണ്ടുന്ന ചികിത്സ നടത്തുന്നതാണ്. അവന്റെ ഉറക്കം അലസതയോ ഉണർവ് സാമർത്ഥ്യമോ ആയി ആരും കണക്കാക്കാറില്ല. ഇപ്രകാരം ആത്മീയാവസ്ഥയിലും മനുഷ്യന് ചില സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്. അത് പുറത്തുനിന്നുള്ള സ്വാധീനംകൊണ്ടോ, മാനസികമായ ന്യൂനതകൊണ്ടോ ഒരു പ്രത്യേകാവസ്ഥയുടെ പാരമ്യതയിൽ അവനെകൊണ്ടെത്തിക്കുന്നു. നമസ്കരിക്കാൻ തുടങ്ങിയാൽ നമസ്കാരം തന്നെയായിരിക്കും. കുറച്ചുനാൾ കഴിഞ്ഞു നോക്കിയാൽ നമസ്കാരം പാടേ ഉപേക്ഷിച്ചിട്ടുള്ളതായി കാണാൻ കഴിയും. ഇതിൽ നിന്ന് മനസ്സിലാകുന്നത് അവൻ നമസ്കരിച്ചിരുന്നത് ആത്മീയാഭിവൃദ്ധി ഉണ്ടായതുകൊണ്ടായിരുന്നില്ല എന്നാണ്. കാരണം അല്ലാഹുവിനുവേണ്ടിയാണ് അവൻ നമസ്കരിച്ചിരുന്നതെങ്കിൽ അതുപേക്ഷിക്കുമായിരുന്നില്ല. കൂടുതൽ തിന്നുന്ന രോഗമോ കൂടുതൽ ഉറങ്ങുന്ന രോഗമോ പോലെ ഒരു രോഗമായിരുന്നു അത്. ഇപ്രകാരം കൂടുതൽ നമസ്കരിക്കുന്ന രോഗവും ഉണ്ടാകാം.

കുറച്ചുനാൾ ചെയ്തു, പിന്നെ ഉപേക്ഷിച്ചു, പിന്നെ ചെയ്തു എന്നത് സൽക്കർമ്മമല്ല. സൽക്കർമ്മമെന്ന് പറയുന്നത് പതിവായി ചെയ്തുകൊണ്ടിരിക്കുന്നതിനെയാണ്. അതുകൊണ്ട് സൽക്കർമ്മം ചെയ്യുക. നിങ്ങളുടെ കഴിവനുസരിച്ച് ചെയ്യുക. പിന്നീടതിൽ മുന്നേറിക്കൊണ്ടിരിക്കുക. സ്ഥിരനിഷ്ഠ കാണിക്കുക.

ചിലർക്ക് രോഗം പോലെ, ഹസ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറഞ്ഞതുപോലെ നന്മ ചെയ്യാനുള്ള ഒരു ഭ്രാന്തുതന്നെ ഉണ്ടാകാറുണ്ട്. ചില ഘട്ടങ്ങൾ വരുമ്പോൾ മറ്റു ദിശയിലേക്ക് ഇറങ്ങിപ്പോകുന്നു. ആരിലെങ്കിലുംനിന്ന് എന്തെങ്കിലും നഷ്ടമുണ്ടായോ, ഏതെങ്കിലും ഭാരവാഹിയിൽനിന്നോ ഇമാമുസ്സലാത്തിൽനിന്നോ വിഷമമുണ്ടാകുകയോ, ആരോടെങ്കിലും വഴക്കുണ്ടാകുകയോ വെറുപ്പുണ്ടാകുകയോ ചെയ്താൽ ഉടനെ അല്ലാഹുവിനെ ആരാധിക്കുന്നതുതന്നെ ഉപേക്ഷിച്ചുകളയുന്നു.

അത്തരം ഒരുപാട് ഉദാഹരണങ്ങൾ മുന്നിൽ വരാറുണ്ട്. അല്ലെങ്കിൽ ചിലർ കൃത്രിമ സൽക്കർമ്മകാരികളായിരിക്കും. തങ്ങൾ ഒരുപാട് സൽക്കർമ്മങ്ങൾ ചെയ്തുവെന്നും ഇനി അതിന്റെയൊന്നും ആവശ്യമില്ലെന്നും അവർ കരുതുന്നു. പറഞ്ഞു: ഇതല്ല സൽക്കർമ്മം. സൽക്കർമ്മം എന്നു പറയുന്നത് പതിവായി ചെയ്തുകൊണ്ടിരിക്കുന്നതും അതിൽ മുന്നേറിക്കൊണ്ടിരിക്കുന്നതുമാണ്. മരിക്കുന്നതുവരെ സൽക്കർമ്മം ചെയ്തുകൊണ്ടിരിക്കേണ്ടതുമാണ്. ഇതിലാണ് നിങ്ങളുടെ വിജയം. ഇതിലാണ് നിങ്ങളുടെ രക്ഷ. ഈ മാർഗ്ഗത്തിലൂടെ നിങ്ങൾക്ക് അല്ലാഹുവിന്റെ തൃപ്തി കൈവരിക്കാൻ കഴിയും. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് നാം എന്തുചെയ്യണമെന്ന് നബി(സ) തിരുമേനി പല രീതിയിലും പല ഘട്ടങ്ങളിലും നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. അതിലെ ചില നിവേദനങ്ങൾ ഞാൻ കേൾപ്പിക്കാം.

ഹസ്റത്ത് അബൂഅയ്യൂബ്(റ) നിവേദനം ചെയ്യുന്നു. ഒരാൾ നബി(സ) തിരുമേനിയുടെ അടുക്കൽവന്ന് തന്നെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകാൻ ഉതകുന്ന എന്തെങ്കിലും കാര്യം പറഞ്ഞുതരാൻ ആവശ്യപ്പെട്ടു. നബി(സ) പറഞ്ഞു: "അല്ലാഹുവിനെ ആരാധിക്കുക. അവനോട് ഒന്നിനേയും പങ്കുചേർക്കാതിരിക്കുക. നമസ്കാരം ജമാഅത്തായി അനുഷ്ഠിക്കുക. സക്കാത്ത് കൊടുക്കുക. രക്തബന്ധുക്കളോട് നല്ല രീതിയിൽ പെരുമാറുക."

ഇതിൽ ഒന്നാമത്തെ നിബന്ധന അല്ലാഹുവിനോട് ആരേയും പങ്കുചേർക്കാതിരിക്കുക എന്നതാണ്. തൊഴിൽ, വ്യാപാരം, ഉദ്യോഗം, ഭാര്യ, മക്കൾ, ഭൗതികമായ ബന്ധങ്ങൾ ഒന്നും അല്ലാഹുവുമായുള്ള ബന്ധത്തിന് വിഘ്നമാകരുത്. അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുന്നതിന് തടസ്സമാകരുത്. ഇതിനുശേഷം ഏറ്റവും പ്രധാനപ്പെട്ട കല്പന നമസ്കരിക്കുക എന്നതാണ്. ഇതിനെക്കുറിച്ച് ഞാൻ മുമ്പേ പറഞ്ഞു വന്നതാണ്. ഇതിലേക്ക് പ്രത്യേകം ശ്രദ്ധിക്കുക. സക്കാത്ത് കൊടുക്കുക. ജമാഅത്തിന്റെ ആവശ്യങ്ങളിലേക്ക് ശ്രദ്ധിക്കാനും ദരിദ്രരെ സഹായിക്കാനുമായി സാമ്പത്തികമായി ത്യാഗം ചെയ്യുക. ഇതിനുവേണ്ടി ജമാഅത്തിൽ ചന്ദവ്യവസ്ഥിതിയും നിലവിലുണ്ട്. ഹസ്റത്ത് മസീഹ് മൗഊദ്(അ) മുതൽ ഇന്നേവരെ വിവിധ ഘട്ടങ്ങളിൽ ഖലീഫമാർ ചന്ദയുടെ കാര്യം ശ്രദ്ധയിൽപെടുത്തികൊണ്ടുവരുന്നു. ചിലത് താൽക്കാലികമായ ആഹ്വാനങ്ങളായിരുന്നെങ്കിൽ ചിലത് സ്ഥിരമായിട്ടുള്ളതായിരുന്നു. മാസംതോറും മുടക്കം കൂടാതെ അഹ്മദി ചന്ദ അയക്കണമെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി.

സക്കാത്ത് എല്ലാവർക്കും ബാധകമായ ഒന്നല്ല. എല്ലാവർക്കും നിർബന്ധവുമല്ല. എന്നാൽ ജമാഅത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മറ്റു ചന്ദകൾ ജമാഅത്തിൽ നിലവിലുണ്ട്. ഇക്കാര്യത്തിലേക്ക് പൂർണ്ണമായും ശ്രദ്ധിക്കേണ്ടതാണ്. സാമ്പത്തികമായ ത്യാഗം ചെയ്യലും അല്ലാഹുവിന്റെ അടിസ്ഥാനപരമായ കല്പനകളിൽ ഒന്നാണ്. വിശുദ്ധഖുർആന്റെ ആരംഭത്തിൽ തന്നെ 'യുഖീമൂനസ്സ്വലാത്ത' എന്നു പറഞ്ഞുടനെ പറഞ്ഞത് 'വമിമ്മാറസഖ്നാഹും യുൻഫിക്കൂൻ' എന്നാണ്. അല്ലാഹുതആല നൽകിയതിൽനിന്ന് ചെലവഴിക്കുന്നവരാണ് സത്യവിശ്വാസികൾ. സാമ്പത്തികമായി ത്യാഗം ചെയ്യാൻ പറയുമ്പോൾ തന്ത്രം തേടി നടക്കുന്നവരല്ല അവർ. 'ഞങ്ങൾ സ്വയം അതു ചെയ്യുന്നു ഇത് ചെയ്യുന്നു, ഞങ്ങളുടെ ഇന്ന സഹോദരനെ സഹായിക്കുന്നു അതുകൊണ്ട് ചന്ദ കൊടുക്കുന്നതിൽനിന്ന് ഞങ്ങളെ ഒഴിവാക്കണം' എന്നൊന്നും അവർ പറയുകയില്ല. ഇത് നന്മയിൽനിന്ന് പിന്നാക്കം പോകുന്ന കാര്യമാണ്. ആത്മാവിന്റെ ചതിയാണ്.

പിന്നീട് പറഞ്ഞു: കുടുംബക്കാരോട് നല്ല രീതിയിൽ പെരുമാറുക, അവരെ നോക്കുക. അവരുടെ വികാരത്തെ മാനിക്കുക. അവരുടെ ആവശ്യങ്ങളും പരിഗണിക്കുക.

ഹസ്റത്ത് മുആദ്(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. ഞാൻ നബി(സ) തിരുമേനിയോട്, എന്നെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുന്നതും നരകത്തിൽനിന്ന് അകറ്റി നിർത്തുന്നതുമായ എന്തെങ്കിലും കർമ്മം പറഞ്ഞുതരാൻ പറഞ്ഞു. അവിടന്ന് പറഞ്ഞു: 'താങ്കൾ ചോദിച്ചത് വളരെ വലുതും പ്രയാസകരവുമായ ഒരു ചോദ്യമാണ്. എന്നാൽ അല്ലാഹു തൗഫീഖ് ചെയ്താൽ ഇത് വളരെ എളുപ്പവുമാണ്. നീ അല്ലാഹുവിനെ ആരാധിക്കുക. അവനോട് ആരേയും പങ്കുചേർക്കാതിരിക്കുക, നമസ്കരിക്കുക, വീഴ്ചവരുത്താതെ സക്കാത്ത് കൊടുക്കുക, റമളാനിലെ നോമ്പ് പിടിക്കുക. വഴിച്ചെലവുണ്ടെങ്കിൽ ബയ്ത്തുല്ലായിൽ പോയി ഹജ്ജ് ചെയ്യുക.'

എല്ലാവിധ സൗകര്യവുമുണ്ടെങ്കിൽ സാഹചര്യം അനുവദിക്കുന്നെങ്കിൽ സമാധാനാന്തരീക്ഷമാണെങ്കിൽ ഹജ്ജ് ചെയ്യുക.

പിന്നീട് അവിടന്ന് ചോദിച്ചു. ഞാൻ നന്മയുടേയും സൽക്കർമ്മത്തിന്റേയും കവാടങ്ങളെക്കുറിച്ച് പറഞ്ഞുതരട്ടെ. കേൾക്കുക, പാപങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള പരിചയാണ് നോമ്പ്. സദഖ പാപത്തിന്റെ അഗ്നിയെ, വെള്ളം അഗ്നിയെ അണയ്ക്കുന്നതുപോലെ അണച്ചുകളയുന്നു. രാത്രിയുടെ മധ്യനേരത്ത് എഴുന്നേറ്റ് നമസ്കരിക്കുന്നത് മഹത്തായ പ്രതിഫലം കിട്ടാൻ കാരണമാകും. പിന്നീട് അവിടന്ന് ഈ വചനം ഓതി.

"അവരുടെ ശരീരഭാഗങ്ങൾ അവരുടെ ശയ്യാതലങ്ങളിൽനിന്ന് തഹജ്ജുദ് നമസ്കരിക്കാൻ വേറിട്ടുപോകുന്നു." (*32:17*)

പിന്നീട് അവിടന്ന് പറഞ്ഞു: 'ദീനിന്റെ മുഴുവൻ വേരും അതിന്റെ നെടുംതൂണും അതിന്റെ അഗ്രവും പറഞ്ഞുതരട്ടെ?' അല്ലാഹുവിന്റെ റസൂലെ! തീർച്ചയായും അങ്ങ് പറഞ്ഞുതന്നാലുമെന്ന് ഞാൻ അറിയിച്ചു. അവിടന്ന് പറഞ്ഞു: 'ദീനിന്റെ വേര് ഇസ്ലാമാണ്. അതിന്റെ നെടുംതൂണ് നമസ്കാരമാണ്. അതിന്റെ അഗ്രം ജിഹാദാണ്.' പിന്നീട് അവിടന്ന് ചോദിച്ചു, ഈ ദീനിന്റെ മുഴുവൻ സംക്ഷിപ്തവും ഞാൻ നിനക്ക് പറഞ്ഞുതരട്ടെ?' ഞാൻ പറഞ്ഞു, 'പറഞ്ഞുതന്നാലും അല്ലാഹുവിന്റെ റസൂലേ! നബി(സ) തിരുമേനി തന്റെ നാവ് പിടിച്ചുകൊണ്ട് പറഞ്ഞു, 'ഇതിനെ തടഞ്ഞുവെയ്ക്കുക.' ഞാൻ ചോദിച്ചു. അല്ലാഹുവിന്റെ റസൂലെ, ഞങ്ങൾ സംസാരിക്കുന്നതിനെക്കുറിച്ചും ഞങ്ങളോട് ചോദിക്കുമോ? അവിടന്ന് പറഞ്ഞു: നിന്റെ ഉമ്മ നിന്നെ

കളഞ്ഞുകുളിക്കട്ടെ! (വിഷമം ഉണ്ടാകുമ്പോൾ അറബിയിൽ പറയുന്ന ഒരു ചൊല്ലാണിത്) ജനങ്ങൾ തങ്ങളുടെ സംസാരത്തിൽനിന്ന് കൊയ്തെടുത്ത വിളവുകാരണത്താലാണ് നരകത്തിൽ മുഖം കുത്തിവീഴുന്നത്. അതായത് തങ്ങളുടെ ദോഷകരമായ സംസാരങ്ങളും അനവസരത്തിലുള്ള വർത്തമാനങ്ങളും കാരണത്താലാണ് നരകത്തിൽ പതിക്കുന്നത്.

ഇതിൽ ആദ്യനിവേദനത്തിൽ പെടാത്ത ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. റമളാനിലെ നോമ്പിനെക്കുറിച്ചും ഹജ്ജിനെക്കുറിച്ചും ഇതിലും പറഞ്ഞിട്ടുണ്ട്. നബി(സ) തിരുമേനിക്ക് തന്റെ ഉമ്മത്ത് നേരായപാതയിൽ സഞ്ചരിക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നു. അതിനുവേണ്ടി വേറെ പല സൽക്കർമ്മങ്ങളെക്കുറിച്ചും തുറന്ന നിലയിൽ അവിടുന്നുതന്നെ വിവരിച്ചുതന്നിരിക്കുന്നു. നോമ്പ് നിങ്ങളെ പാപങ്ങളിൽനിന്ന് രക്ഷിക്കും. ദാനധർമ്മങ്ങൾ, സാമ്പത്തികത്യാഗം തുടങ്ങിയവ നരകത്തിൽ നിന്ന് നിങ്ങളെ രക്ഷിക്കും. തഹജ്ജുദ് നമസ്കരിക്കുക എന്നത് വലിയ പ്രതിഫലമുള്ള കാര്യമാണ്. പിന്നീട് ഇതിന്റെ വലിയ ജിഹാദും പറഞ്ഞുതന്നു.

ഇക്കാലഘട്ടത്തിൽ ജിഹാദ് എന്താണ്? വാളെടുത്തുള്ള ജിഹാദ് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരവോടെ അവസാനിച്ചിരിക്കുകയാണ്. യുദ്ധവും, കലഹവും ദീനിൽ ഹറാമാണെന്ന് അവിടന്ന് പറഞ്ഞു. ഇവിടെ ജിഹാദുകൊണ്ടുള്ള ഉദ്ദേശ്യം ശരീരേച്ഛയോടുള്ള പോരാട്ടമാണ്. ആത്മാവിനെ തിന്മയിൽനിന്ന് തടഞ്ഞ്, നന്മയിൽ നിലനിറുത്തുന്നതിനേയും, നന്മയിൽ മത്സരിച്ച് മുന്നേറുന്നതിനേയുമാണ് ഇവിടെ ജിഹാദ് എന്നു പറഞ്ഞിട്ടുള്ളത്. സാമ്പത്തികത്യാഗമാണ് ജിഹാദുകൊണ്ടുള്ള ഉദ്ദേശ്യം. തെളിവുകൾകൊണ്ട് ശത്രുവിനെ നിശബ്ദരാക്കുക എന്നതാണ് ജിഹാദ്. ഇന്ന് ദജ്ജാൽ തന്റെ ചതി പ്രയോഗത്താൽ മുസ്ലിംകളെ അവരുടെ ദീനിൽനിന്ന് തെറ്റിച്ചുകളഞ്ഞിരിക്കുന്നു. ആ ദജ്ജാലിനെതിരെ, അവർ പ്രയോഗിക്കുന്നതായ ആയുധം ഉപയോഗിച്ചുകൊണ്ട് അവരെ നേരിടുക എന്നതാണ് ജിഹാദുകൊണ്ടുള്ള ഉദ്ദേശ്യം. അവർ തങ്ങളുടെ സാഹിത്യങ്ങളിലൂടെയാണ് ജിഹാദ് ചെയ്യുന്നത്. അഹ്മദിയ്യാജമാഅത്തും സാഹിത്യങ്ങൾ മുഖേനയാണ് ജിഹാദ് ചെയ്യുന്നത്. അല്ലാഹുവിന്റെ ഏകത്വത്തെ ഭൂമിയിൽ നിലനാട്ടുന്നതിന്റെ പേരാണ് ജിഹാദ്. ഇതിനെയാണ് നബി(സ) തിരുമേനി ജിഹാദെ അക്ബർ എന്നു പറഞ്ഞിട്ടുള്ളത്. പിന്നീട് ദീനിന്റെ സംക്ഷിപ്തം അവിടന്ന് വിവരിക്കുകയുണ്ടായി. അതെന്താണെന്നുവെച്ചാൽ എപ്പോഴും നല്ലകാര്യങ്ങൾ പറയുക എന്നതാണ്. നന്മ ഉപദേശിക്കുക. ജനങ്ങളെ ഒരിക്കലും നാവുകൊണ്ട് വേദനിപ്പിക്കരുത്. കയ്പു സംസാരംകൊണ്ട് ആരുടേയും വികാരത്തെ വ്രണപ്പെടുത്തരുത്. കാരണം നിങ്ങളുടെ സംസാരം തന്നെയാണ് നിങ്ങളെ നരകത്തിലെത്തിക്കുന്നത്. ചിലപ്പോൾ മർദ്ദിതന്റെ ദുആ ജ്വലിച്ചുയരും. ആ ജ്വാല ജീവിതത്തിന്റെ എല്ലാ നന്മകളേയും കരിച്ചുകളയും. നന്മയിൽ മുന്നേറിക്കൊണ്ടിരിക്കുന്നവരുടെ നാവ് എപ്പോഴും പരിശുദ്ധവും നിർമ്മലവുമായിരിക്കും.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: 'ഒരു മുസൽമാന് മറ്റൊരു മുസൽമാന്റെമേൽ അഞ്ച് കടമകളുണ്ട്. സലാം മടക്കുക, രോഗിയായാൽ സന്ദർശിക്കുക, ജനാസയിൽ പങ്കെടുക്കുക, ക്ഷണം സ്വീകരിക്കുക, തുമ്മുമ്പോൾ ***അൽഹംദുലില്ലാഹ്*** എന്നു പറഞ്ഞാൽ ***യർഹമുക്കല്ലാഹ്*** എന്നു പറഞ്ഞുകൊണ്ട് മറുപടി പറയുക.'

മറ്റൊരു നിവേദനത്തിൽ വേറൊരു കാര്യംകൂടി പറഞ്ഞിട്ടുണ്ട്. നീ അവനെ കണ്ടാൽ അവനോട് സലാം പറയുക. അവൻ നിന്നോട് അഭിപ്രായം ചോദിച്ചാൽ നന്മനിറഞ്ഞുള്ള അഭിപ്രായം പറഞ്ഞുകൊടുക്കുക.

ഇതാണ് നന്മകൾ പരത്തുന്നതിനും, അതിൽ മുന്നേറുന്നതിനുമുള്ള രീതികൾ. ഇത് നബി(സ) തിരുമേനി നമുക്ക് പറഞ്ഞുതന്നതാണ്. ഇതിൽ ചിന്തിക്കുകയാണെങ്കിൽ, ഇതിനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ മനോഹരമായ ഒരു സമൂഹം നിലവിൽ വരും. അത് നന്മ മാത്രം പ്രവർത്തിക്കുന്ന സമൂഹമായിരിക്കും. അത് നന്മയിൽ മാത്രം മുന്നോട്ടുകുതിക്കുന്ന സമൂഹമായിരിക്കും. ഇവിടെ പരസ്പരം ദുആ ചെയ്യുന്നുണ്ടാകും. നന്മയ്ക്കായുള്ള അഭിപ്രായവും പരസ്പരം നൽകുന്നുണ്ടാകും. നന്മയിൽ പിന്നാക്കം പോകുന്നവരെ കൈപിടിച്ച് കൂടെ നിറുത്തുന്നവരുടെ സമൂഹമായിരിക്കുമത്.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഏതൊരു നന്മയിൽ ഒരുവൻ മികച്ചുനിൽക്കുന്നുവോ അവനോട് ആ നന്മയുടെ വാതിലിലൂടെ സ്വർഗ്ഗത്തിനകത്ത് പ്രവേശിക്കാൻ വിളിച്ചുപറയപ്പെടും. നമസ്കരിക്കുന്നവരെ നമസ്കാരത്തിന്റെ വാതിൽക്കൽ നിന്നും ജിഹാദ് ചെയ്തവരെ ജിഹാദിന്റെ വാതിൽക്കൽനിന്നും നോമ്പുകാരെ റയ്യാൻ വാതിൽക്കൽനിന്നും നിർബന്ധദാനം നൽകിയവരെ ദാനത്തിന്റെ വാതിൽക്കൽനിന്നും വിളിക്കും. ഹുസൂർ(സ) ന്റെ ഈ വാക്കുകൾ കേട്ട് ഹസ്റത്ത് അബൂബക്കർ(റ) ചോദിച്ചു. എന്റെ ഉമ്മയും ബാപ്പയും അങ്ങയ്ക്ക് ബലിയാണ്. (ഞാൻ അങ്ങയെ ആദരിക്കുന്നു) ഈ വാതിലുകളിൽ ഏതെങ്കിലും ഒരു വാതിൽക്കൽനിന്ന് വിളിക്കപ്പെട്ടവന് ഒരു വിഷമവുമില്ല. (സ്വർഗ്ഗത്തിൽ അവന് പ്രവേശിക്കാം) എന്നാൽ, എല്ലാ വാതിലുകളിൽ നിന്നും ആരെങ്കിലും വിളിക്കപ്പെടുമോ? നബി(സ) പറഞ്ഞു: 'അതെ താങ്കൾ അക്കൂട്ടത്തിൽ ഉൾപ്പെടാൻ ഞാനാഗ്രഹിക്കുന്നു.' (*ബുഖാരി, മുസ്ലിം*)

ഇതാണ് യഥാർത്ഥ നന്മയിൽ മുന്നേറുന്നവരുടെ നടപടിയും ആഗ്രഹവും. എല്ലാ വാതിലിലൂടെയും കടക്കാൻ കഴിഞ്ഞെങ്കിൽ! അതുകൊണ്ട് എല്ലാതരം നന്മയും ചെയ്യാൻ ശ്രമിക്കേണ്ടതാണ്. മറ്റൊരു ഹദീസിൽ നരകത്തിനും വാതിലുകളുണ്ടെന്ന് പറഞ്ഞിരിക്കുന്നു. ചില പാപികൾക്ക് നരകത്തിന്റെ വാതിലുകൾ ജന്നത്തിൽ കടക്കുന്നതിന് തടസ്സമാകും. കൂടുതലും കുറവും നന്മ ചെയ്യുന്നവരുണ്ടാകും. ഒരു നന്മ ചെയ്യുന്നുണ്ടെങ്കിൽ മറ്റു നന്മകളിലും വളരാൻ ശ്രമിക്കേണ്ടതാണ്. പക്ഷെ, ഒരു നന്മ അതിന്റെ പാരമ്യതയിലെത്തുമ്പോൾ അവിടെനിന്ന് അവന് വിളിയുണ്ടാകും. അതുകൊണ്ട്

പാപം ചെയ്താലും പ്രശ്നമൊന്നുമില്ലെന്ന് കരുതരുത്. ബാക്കി നന്മ ചെയ്യുന്നുണ്ടല്ലോ എന്ന് കരുതരുത്. ആരുടെയെങ്കിലും അവകാശം പിടിച്ചെടുത്താലും സാരമില്ല, നമസ്കാരം കൂടുതൽ അനുഷ്ഠിച്ചാൽ മതി എന്നുള്ളതും ശരിയായ ചിന്താഗതിയല്ല. സന്ദർഭോചിതമാണ് ഇവിടെ കാര്യങ്ങൾ പറയപ്പെട്ടിട്ടുള്ളത്. മറ്റു സ്ഥലത്ത് വേറെ കാര്യവും പറഞ്ഞിട്ടുണ്ട്.

അതുകൊണ്ട് എല്ലാതരം നന്മയിലും മുന്നേറുന്നതിനും തിന്മ ഉപേക്ഷിക്കുന്നതിനും ശ്രമം ഉണ്ടാവേണ്ടതാണ്. പിന്നീടെന്തെങ്കിലും കുറവുണ്ടായാലും അല്ലാഹു വിളിക്കാൻ കഴിവുള്ളവനാണ്. എന്തായാലും നമ്മളിൽ താല്പര്യമുണ്ടാക്കാനാണ് ഇക്കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുള്ളത്.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. ഒരാൾ നബി(സ) തിരുമേനിയുടെ സന്നിധിയിൽ വന്നു. അല്ലാഹുവിന്റെ റസൂലേ! പ്രതിഫലത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും വലിയ സദഖ എന്താണെന്ന് അയാൾ ചോദിച്ചു. നബി(സ) പറഞ്ഞു: നീ ആരോഗ്യവാനായിരിക്കുകയും നിനക്ക് ധനം ആവശ്യമുണ്ടാകുകയും അത് നീ ആഗ്രഹിക്കുകയും ദാരിദ്ര്യത്തെ ഭയക്കുകയും ക്ഷേമം ആഗ്രഹിക്കുകയും ചെയ്യുന്ന ഘട്ടത്തിൽ നീ സദഖ കൊടുക്കുന്നതാണ് ഏറ്റവും വലിയ സദഖ. കൊടുക്കുന്നതിന് താമസം വരുത്താതിരിക്കുക. അങ്ങനെ മരണം തൊണ്ടക്കുഴിയിൽ എത്തുമ്പോൾ ഇന്നയാൾക്ക് ഇത്ര കൊടുക്ക്, ഇന്നയാൾക്ക് ഇത്ര കൊടുക്ക് എന്ന് പറയുന്ന ഘട്ടം ഉണ്ടാകരുത്. വാസ്തവത്തിൽ അപ്പോൾ ആ പണം നിന്റേതല്ലാതായിത്തീർന്നിട്ടുണ്ടാകും.

അതായത് മരിക്കാൻ പോകുന്നവന്റെ നിയന്ത്രണം അപ്പോൾ അവന്റെ ധനത്തിനുമേൽ ഉണ്ടാകുന്നില്ല.

വസിയ്യത്തിനെക്കുറിച്ചും ഞാൻ പറയാനാഗ്രഹിക്കുന്നത് ഇതുതന്നെയാണ്. ചിലയാളുകൾ യുവത്വകാലത്ത് നല്ല സമ്പാദ്യമുണ്ടാക്കുമ്പോൾ വസിയ്യത്ത് ചെയ്യാറില്ല. വാർദ്ധക്യം പ്രാപിക്കുമ്പോൾ, മരണത്തോട് തൊട്ടടുക്കുമ്പോൾ വസിയ്യത്തിന്റെ ഫോറം പൂരിപ്പിക്കുന്നു. അപ്പോൾപിന്നെ, ഞങ്ങളുടെ വസിയ്യത്ത് സ്വീകരിച്ചില്ലെന്ന് പരാതി ഉയരുന്നു. അതുകൊണ്ട് നന്മ ചെയ്യാനാഗ്രഹിക്കുന്നെങ്കിൽ, നന്മ ചെയ്യേണ്ട പ്രായത്തിൽ നന്മ ചെയ്യേണ്ടതാണ്. സ്വയം തനിക്ക് ആവശ്യമെന്നുകണ്ടാൽ പത്തിലൊരു ഭാഗം വസിയ്യത്ത് ചെയ്യുക.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: മനുഷ്യൻ അവന്റെ നിർബന്ധകടമകൾ നിറവേറ്റുകയും സൽക്കർമ്മങ്ങളിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യേണ്ടതാണ്. ഇൽഹാം ഇറക്കുക, സ്വപ്നങ്ങൾ കാണിക്കുക എന്നത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. ഇതിൽ അഹങ്കരിക്കരുത്. സ്വന്തം കർമ്മങ്ങൾ ശരിയാക്കിയെടുക്കേണ്ടതാണ്. അല്ലാഹു പറയുന്നു.

"വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് സൃഷ്ടികളിലേറ്റവും ഉൽകൃഷ്ടർ." *(98:8)*

അല്ലാതെ സ്വപ്നങ്ങളും ഇൽഹാമുകളും ഉണ്ടാകുന്നവരാണ് സൃഷ്ടികളിൽ ഏറ്റവും ഉൽകൃഷ്ടർ എന്നുപറഞ്ഞില്ല. വിശ്വസിക്കുന്നവരും സൽക്കർമ്മങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരാണ് സൃഷ്ടികളിലേറ്റവും ഉൽകൃഷ്ടർ. നാലു സ്വപ്നങ്ങളുണ്ടായാൽ ഞങ്ങൾ പുണ്യാത്മാക്കളായി എന്നു കരുതുന്നത് നന്മയല്ല. നന്മയിൽ മുൻകടക്കുക എന്നതിന്റെ ഉദ്ദേശ്യം സത്യമായ സ്വപ്നങ്ങൾ ഉണ്ടാകുക എന്നതല്ല. ഇന്നയാൾക്ക് സത്യമായ സ്വപ്നങ്ങളുണ്ടാകുന്നുണ്ടെന്നും അതുകൊണ്ട് അയാളെകൊണ്ട് ദുആ ചെയ്യിക്കുക എന്നുപറഞ്ഞ് ആളുകളും ചിലരെ വഴിതെറ്റിക്കാറുണ്ട്. ശരിയാണ്. ഇൽഹാമും സത്യമായ സ്വപ്നങ്ങളും ഉണ്ടാകുന്ന ആളുകളുണ്ടാകും. ഇത് അല്ലാഹുവിന്റെ പ്രവൃത്തിയാണെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. നിങ്ങളുടെ പ്രവൃത്തി എല്ലാത്തരം നന്മയിലും മുന്നോട്ടുകുതിക്കുക എന്നതാണ്. സത്യമായ സ്വപ്നങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിൽ തന്നെ ഒരുതരത്തിലുള്ള വലിപ്പത്തവും ഉണ്ടാകാൻ പാടില്ല. അതും കൂടുതലായി അല്ലാഹുവിലേക്ക് കുനിയുന്നതിനും സൽക്കർമ്മങ്ങൾ അധികമായി ചെയ്യുന്നതിനും കാരണമായിത്തീരണം. സത്യമായ സ്വപ്നം കാണുന്നത് ഒരു നന്മയായിട്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നില്ല.

വീണ്ടും അവിടുന്ന് പറയുന്നു: ആദ്യം മനുഷ്യവംശം ഒരു ജനത പോലെയായിരുന്നു. പിന്നീട് അവർ മുഴുലോകത്തും വ്യാപിച്ചു. അല്ലാഹു തആല അവരുടെ പ്രവൃത്തികൾ എളുപ്പമാക്കിത്തീർക്കുന്നതിനുവേണ്ടി അവരെ പല ജനതകളായി തിരിച്ചു. ഓരോ ജനതയ്ക്കും അവർക്ക് ചേരും വിധം ഒരു മാർഗ്ഗം നിശ്ചയിച്ചു. അവൻ പറയുന്നു:

നിങ്ങളിൽ നിന്നുള്ള ഓരോരുത്തർക്കും വ്യക്തമായ ആത്മീയ നിയമവും പ്രകടമായ ഭൗതികമാർഗ്ഗവും നാം നിശ്ചയിച്ചിരിക്കുന്നു. വിവിധ പ്രകൃതിയുടെ വിത്തുകൾ വിവിധ സന്മാർഗ്ഗങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിനുവേണ്ടി. അതുകൊണ്ട് അല്ലയോ മുസ്ലിംകളെ, എല്ലാ നന്മകളേയും ഓടിച്ചെന്ന് നിങ്ങൾ എടുത്തുകൊള്ളുക. എന്തുകൊണ്ടെന്നാൽ നിങ്ങൾ സകല ജനതയുടേയും സമുച്ചയമാണ്. പരിശുദ്ധമായ പ്രകൃതിയാണ് നിങ്ങളുടെ ഉള്ളിലുള്ളത്.

പറഞ്ഞു: നിങ്ങളുടെ ഉള്ളിൽ എല്ലാ ജനതകളുടേയും സമുച്ചയമാണുള്ളത്. അതുകൊണ്ട് എല്ലാ ജനതകളിലേയും നന്മയും നിങ്ങളുടെ ഉള്ളിൽ ഉണ്ടാവണം. അത് നേടിയെടുക്കാൻ പരിശ്രമിക്കുകയും ചെയ്യുക.

അതുകൊണ്ട് ഇന്ന് അഹ്മദികളായ നമ്മോടുതന്നെയാണ് ഈ കല്പനയുള്ളത്. ഇതിൽ വിവിധ ജനതകളിലെ സൽപ്രകൃതക്കാരും പ്രവേശിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ ഒരു ഉദ്ദേശ്യം ഇതുകൂടിയാണ്. ഓരോരുത്തരും പരസ്പരം ഇത്തരത്തിലുള്ള നന്മ കരസ്ഥമാക്കുക.

വീണ്ടും അവിടന്ന് പറയുന്നു: ഇസ്ലാമിൽ മനുഷ്യന്റെ മൂന്നു സംഘങ്ങൾ ഉണ്ട്. ***ളാലിമ്മുല്ലിനഫ്സിഹി, മുഖ്തസിദൂൻ, സാബിഖുമ്പിൽഖയ്റാ***

*ത്ത്. ളാലിമ്മുല്ലിനഫ്സിഹീ* ദോഷപ്രവമണമായ ആത്മാവിന്റെ പിടിയിൽ ഒതുങ്ങിയവരാണ്. അവർ പ്രാരംഭ പദവിയിലാകുന്നു. ഈ അവസ്ഥയിൽ നിന്ന് രക്ഷപ്പെടാൻ അത് ശ്രമിച്ചുകൊണ്ടിരിക്കുന്നു. മുഖതസിദ് മധ്യമനിലയിലുള്ളവരാണ്. ഇവർ ദോഷപ്രവണമായ ആത്മാവിൽ നിന്ന് മോചിതരാണെങ്കിലും ഇടയ്ക്കിടെ അതിൽ വീണുപോകുന്നു. പക്ഷെ, അവർ അതിൽ ലജ്ജിക്കുന്നു. പൂർണ്ണമായനിലയിൽ അതിൽനിന്ന് അവർക്ക് മോചനം കിട്ടിയിട്ടില്ല. എന്നാൽ സാബിഖുമ്പിൽഖയ്റാത്തിൽപ്പെട്ടവരിൽ നിന്ന് നന്മേയ ഉണ്ടാകുകയുള്ളൂ. അവരതിൽ ഏറ്റവും അഭിവൃദ്ധി ഏറ്റവും അഭിവൃദ്ധിപ്പെട്ടു പോകുന്നു. അവരുടെ അനക്കമടക്കമെല്ലാം പ്രകൃതിപരമായ നിലയിലുള്ളതായിത്തീർന്നിട്ടുണ്ടാകും. അവരിൽനിന്ന് സൽക്കർമ്മങ്ങൾ മാത്രമേ ഉണ്ടാകുകയുള്ളൂ. അവരുടെ ദോഷപ്രവണമായ ആത്മാവ് തികച്ചും മരിച്ചുപോകുന്നു. അവർ മുത്മഇന്ന അവസ്ഥയിലായിരിക്കും. അവരിൽനിന്ന് സൽക്കർമ്മങ്ങളുണ്ടാകുന്നത് ഒരു സാധാരണ പ്രവൃത്തിപോലെയാണ്. അതുകൊണ്ട് മറ്റുള്ളവരുടെ പക്കൽ നന്മയെന്നുതോന്നുന്ന ചില കാര്യങ്ങൾപോലും അവരുടെ പക്കൽ പാപമായിരിക്കും.

വീണ്ടും അവിടന്ന് പറയുന്നു: ഒന്നിനും കൊള്ളാത്തതും, വിലയില്ലാത്തതുമായ സാധനങ്ങൾ ചെലവഴിച്ചുകൊണ്ട് ആർക്കും നന്മ ചെയ്തു എന്ന് വാദിക്കാൻ പറ്റുകയില്ല. നന്മയുടെ വാതിൽ ഇടുങ്ങിയതാണ്. അതുകൊണ്ട് ഒന്നിനും കൊള്ളാത്ത സാധനങ്ങൾ ചെലവഴിച്ചുകൊണ്ട് അതിൽ കടക്കാമെന്ന് ആരും ആഗ്രഹിക്കേണ്ട. കാരണം ഖുർആൻ വ്യക്തമായും പറഞ്ഞിരിക്കുന്നു.

'നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടതും നിങ്ങൾ ഏറ്റവും അധികം സ്നേഹിക്കുന്നതുമായ വസ്തുക്കൾ ചെലവഴിക്കുന്നതുവരെ, സ്നേഹിതന്റേയും പ്രിയപ്പെട്ടവന്റേയും പദവി നിങ്ങൾക്കു കിട്ടുകയില്ല.' (*3:93*)

നിങ്ങൾ ബുദ്ധിമുട്ടു സഹിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ യഥാർത്ഥമായ നന്മ സ്വായത്തമാക്കാനാഗ്രഹിക്കുന്നില്ലെങ്കിൽ, എങ്ങനെ വിജയിക്കാനും ലക്ഷ്യം നേടാനുമാണ്? സ്വഹാബിമാർ സൗജന്യമായിട്ടാണോ ഈ പദവിയിലെത്തിയത്? ഭൗതികമായ സ്ഥാനമാനങ്ങൾ കരസ്ഥമാക്കാൻ എത്രത്തോളം ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സഹിക്കേണ്ടിവരുന്നു. അങ്ങനെയൊക്കെ വിഷമിച്ചാൽ, എവിടെയെങ്കിലും ചെന്നിട്ട് ഒരു ചെറിയ സ്ഥാനം ലഭിക്കും. ഇങ്ങനെ വരുമ്പോൾ മനസ്സിന് ശാന്തിയും ഹൃദയത്തിന് സമാധാനവും പ്രദാനം ചെയ്യുന്നതും യജമാനനായ അല്ലാഹുവിന്റെ പ്രീതിയുടെ അടയാളവുമായ റളിയല്ലാഹുഅൻഹും എന്ന പദവി അങ്ങനെയങ്ങ് എളുപ്പത്തിൽ കിട്ടുമോ?

അല്ലാഹുവിന്റെ തൃപ്തിയാണ് യഥാർത്ഥ സന്തോഷം പ്രദാനം ചെയ്യുന്നത്. അത് താൽക്കാലികമായ ബുദ്ധിമുട്ടുകൾ സഹിക്കാതെ ലഭിക്കുകയില്ല. ദൈവപ്രീതിയുടെ സമ്പാദനം മുഖേന, ബുദ്ധിമുട്ടുകളെ കാര്യമാക്കാത്തവർ ബാഗ്യവാന്മാരാണ്. കാരണം അനശ്വരമായ സന്തോഷവും ശാശ്വത സൗഖ്യത്തിന്റെ പ്രകാശവും ഈ താൽക്കാലികബുദ്ധിമുട്ടുകൾക്കു ശേഷം സത്യവിശ്വാസികൾക്ക് ലഭിക്കുന്നു.

അല്ലാഹുവിന്റെ പ്രീതി ആഗ്രഹിക്കുന്നെങ്കിൽ നിങ്ങൾക്ക് കഠിനാധ്വാനം ചെയ്യേണ്ടിവരുമെന്നാണ് പറഞ്ഞത്. ഓരോ തരത്തിലുള്ള നന്മയും ചെയ്യേണ്ടിവരും. അതിനുവേണ്ടി സ്ഥിരനിഷ്ഠയോടെ പ്രവർത്തിക്കേണ്ടിവരും. ഇങ്ങനെ ബുദ്ധിമുട്ടുകൾ അവഗണിച്ചുകൊണ്ട് നന്മ പ്രവർത്തിക്കാൻ ശ്രമിക്കുമ്പോൾ എന്നെന്നേക്കുമുള്ള സന്തോഷവും അല്ലാഹുവിന്റെ പ്രീതിയും ലഭിക്കുന്നതാണ്.

വിശുദ്ധഖുർആനിൽ എല്ലാ കല്പനകളേയും അപേക്ഷിച്ച് തഖ്വ കൈക്കൊള്ളാനും, തിന്മ ഉപേക്ഷിക്കാനും താക്കീതായി പറഞ്ഞിരിക്കുന്നു. കാരണം, എല്ലാ തിന്മകളിൽ നിന്നും രക്ഷപ്പെടാനുള്ള ശക്തി തഖ്വ പ്രദാനം ചെയ്യുന്നു. എല്ലാ നന്മയിലേക്കും ഓടാനുള്ള കരുത്ത് അത് നൽകുന്നു. ഇത്രമാത്രം ഊന്നിപറയാനുള്ളതിന്റെ രഹസ്യം എന്താണെന്നുവെച്ചാൽ തഖ്വ എല്ലാ രംഗങ്ങളിലും മനുഷ്യന്റെ സമാധാനത്തിനുള്ള ഏലസാണ്. എല്ലാ ഫിത്നകളിൽനിന്നും സുരക്ഷിതനായിരിക്കാനുള്ള നല്ല ഒരു കോട്ടയാണ്. മറ്റുള്ളവർ കുടുങ്ങി കിടക്കുന്ന നിരർത്ഥകവും ഭയാനകവുമായ ഒരുപാട് കാര്യങ്ങളിൽനിന്ന് മുത്തഖിയായ മനുഷ്യന് ഇതുമുഖേന രക്ഷപ്പെടാൻ കഴിയും. എതിരാളികൾക്ക് ആക്ഷേപിക്കാനുള്ള അവസരങ്ങളിൽനിന്ന് രക്ഷപ്പെടാൻ കഴിയും. നമ്മൾ നന്മകളെ സ്വീകരിക്കുമ്പോൾ മാത്രമാകാതെ, അതിൽ മത്സരിച്ച് മുന്നേറുന്നവരാകാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. തഖ്വയുടെ ഉന്നതമായ നില കരസ്ഥമാക്കാൻ അവൻ നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. നമ്മുടെ ഓരോ വാക്കും പ്രവൃത്തിയും നമ്മുടെ ഇരുത്തവും നിൽപ്പുമെല്ലാം അല്ലാഹുവിന്റെ തൃപ്തിക്കനുയോജ്യമായിരിക്കട്ടെ. ഇന്നുമുതൽ തുടങ്ങിയിരിക്കുന്ന ജൽസയുടെ ഈ ദിനങ്ങളിൽ നിങ്ങളെ ഇതിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നവരാക്കി തീർക്കുമാറാകട്ടെ. പരസ്പരം കടമകൾ നിറവേറ്റി തീർക്കുന്നവരാക്കി തീർക്കട്ടെ. അതിഥികളും ആതിഥേയരും പരസ്പരം ആവശ്യങ്ങൾ നോക്കിക്കണ്ടു ചെയ്യുന്നവരും ഏതൊരു ഉദ്ദേശ്യത്തിനു വേണ്ടിയാണോ ഇവിടെ സമ്മേളിച്ചിട്ടുള്ളത് അതായത് – നന്മകൾ പഠിക്കുന്നതിനും നന്മകൾ പരത്തുന്നതിനും അതിൽ പരസ്പരം മത്സരിച്ച് മുന്നേറുന്നതിനും– ആ ഉദ്ദേശ്യം കരസ്ഥമാക്കിത്തീർക്കുന്നവരാക്കി തീർക്കട്ടെ. ഇബാദത്തിന്റെ ഉന്നതമായ നില കരസ്ഥമാക്കുന്നവരാക്കിത്തീർക്കട്ടെ. സാമ്പത്തികത്യാഗത്തിന്റെ ഉന്നതനില കരസ്ഥമാക്കിതീർക്കുന്നവരാക്കിതീർക്കട്ടെ. അല്ലാഹുതആല എല്ലാവരേയും, ഹസ്റത്ത് മസീഹ് മൗഊദ്(അ)തന്നെ വിശ്വസിച്ചവർക്കു വേണ്ടി ചെയ്തിട്ടുള്ള എല്ലാ ദുആയുടേയും അവകാശികളാക്കിത്തീർക്കട്ടെ.

●

# തഹ്‌രീക് ജദീദ്, വഖഫ്ജദീദ്

എസ്. അഹ്മദ് ശരീഫ്

തഹ്‌രീക്ജദീദ് എന്നാൽ ഒരു പുതിയ പദ്ധതി എന്നാണതിന്റെ അർത്ഥം. അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശങ്ങൾ വിദേശരാജ്യങ്ങളിൽ പ്രചരിപ്പിക്കുന്നതിനും അങ്ങനെ ലോകമാകെ ഇസ്‌ലാമിനെ വിജയിപ്പിക്കുന്നതിനും നിരന്തരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കണം. അതിന് പണം ആവശ്യമാണല്ലോ. അതിനുവേണ്ടി ഉദ്ദേശിക്കപ്പെട്ട ഫണ്ടാണ് 'തഹ്‌രീക് ജദീദ്.' വാഗ്ദത്ത പരിവർത്തനകാരി എന്നറിയപ്പെടുന്ന ഹസ്‌റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) 1934–ൽ ജമാഅത്തിന്റെ മുമ്പിൽ അവതരിപ്പിച്ച പദ്ധതിയാണിത്.

'വഖ്ഫ്ജദീദ്' എന്നാൽ ഒരു പുതിയ സമർപ്പണം എന്നാണർത്ഥം. ഇന്ത്യയിൽ കർണ്ണാടക, ആന്ധ്രാപ്രദേശ്, യു.പി., മദ്ധ്യപ്രദേശ്, പശ്ചിമബംഗാൾ മുതലായ സംസ്ഥാനങ്ങളിലും മറ്റും നാമമാത്രമായ ധാരാളം മുസ്‌ലിംകൾ അധിവസിക്കുന്നുണ്ട്. അവർക്ക് ഇസ്‌ലാമിന്റെ അടിസ്ഥാനവചനമായ കലിമയോ ഇസ്‌ലാമിന്റെ തൂണുകളായി അറിയപ്പെടുന്ന ഈമാൻകാര്യം, ഇസ്‌ലാംകാര്യം എന്നിവയോ മുഹമ്മദ്(സ) തിരുമേനിയുടെ പരിശുദ്ധജീവിതമോ യാതൊന്നും വേണ്ട രീതിയിൽ അറിഞ്ഞുകൂടാ. പണ്ടുകാലത്ത് ഇവർ ഇസ്‌ലാംമതം സ്വീകരിക്കുകയും പിന്നീട് വ്യവസ്ഥാപിതമായ രീതിയിൽ ഇസ്‌ലാമിക അദ്ധ്യാപനങ്ങൾ ലഭിക്കാത്തതിനാൽ ഇവർ വിശ്വാസാചാര വിഷയങ്ങളിൽ വളരേയധികം പിന്നോക്കാവസ്ഥയിലാവുകയാണുണ്ടായത്. അതുകൊണ്ടുതന്നെ മേല്പറഞ്ഞ വിഷയങ്ങൾ പഠിപ്പിച്ചുകൊടുക്കേണ്ടത് അവരുടെ ജീവിതത്തെ ഉദ്ദേശ്യപൂർണ്ണമാക്കാൻ അനിവാര്യമായിത്തീർന്നു. അവർക്കു മാത്രമല്ല, പിന്നീട് വരുന്ന തലമുറയ്ക്കും അത് അത്യാവശ്യംതന്നെ. ഇത് നിർവ്വഹിക്കേണ്ടത് കാലത്തിന്റെ സന്ദേശം ലഭിച്ച അഹ്മദികളല്ലാതെ മറ്റാര്? അവരെയാണ് വിശുദ്ധഖുർആൻ പഠിപ്പിക്കുവാനായി ഹസ്‌റത്ത് അഹ്മദ്(അ) മുഖേന അല്ലാഹു എഴുന്നേല്പിച്ചിരിക്കുന്നത്. ഇതിലേക്ക് ആവശ്യമായ ചിലവിന് വേണ്ടിയുള്ള ഫണ്ടാണ് 'വഖ്ഫ് ജദീദ്.'

മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യമായി ഖുർആൻ പറയുന്നത് '***വമാ ഖലഖ്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലിയഅ്ബുദൂൻ***' എന്നാണ്. അതായത് 'നാം മനുഷ്യനെ സൃഷ്ടിച്ചത് എന്നെ അറിയുകയും, ആരാധിക്കുകയും എനിക്കുവേണ്ടി ജീവിക്കുന്നതിനുമാണ്.' അല്ലാഹുവിന്റെ ഗുണങ്ങളെ മനുഷ്യൻ മനസ്സിലാക്കുകയും അതുകളെ തന്റെ ജീവിതത്തിൽ പ്രകടിപ്പിക്കുകയും ചെയ്യുമ്പോൾ മാത്രമേ ലോകസമാധാനം പുലരുകയുള്ളൂ. എന്നാൽ ഇന്ന് വിദേശരാജ്യങ്ങളിൽ നാം കണ്ണോടിക്കുകയാണെങ്കിൽ ഈ ലക്ഷ്യത്തിൽനിന്നും മനുഷ്യർ വളരെ വിദൂരത്തിലാണെന്ന് കാണ്മാൻ സാധിക്കുന്നതാണ്. ലോകത്ത് എണ്ണത്തിലും ബുദ്ധിയിലും ശക്തിയിലും മികച്ചുനിൽക്കുന്ന ക്രൈസ്തവർ ഒരു പ്രവാചകൻ മാത്രമായ യേശുക്രിസ്തുവിനെ ദൈവത്തിന് പങ്കുകാരനാക്കുകയും, ദൈവത്തിന്റെ ചില ഗുണങ്ങൾ അദ്ദേഹത്തിൽ ആരോപിക്കുകയും പ്രാർത്ഥനയിൽ ഇടനിലക്കാരനാക്കുകയും ചെയ്തുകൊണ്ട് വ്യക്തമായ സൃഷ്ടിപൂജ നടത്തുകയാണ് ചെയ്യുന്നത്. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ ജനങ്ങൾ മനുഷ്യന്റെ ഭൗതിക ആവശ്യങ്ങൾക്കുവേണ്ടി അല്ലെങ്കിൽ ഉദരപൂരണത്തിനുവേണ്ടി മാത്രം പരിശ്രമിച്ചുകൊണ്ട് ദൈവത്തെ തങ്ങൾക്ക് ആവശ്യമില്ല എന്നു വരുത്തുന്നു. ഇവർക്കും നിരക്ഷരരും അർദ്ധ അടിമത്വത്തിൽ കഴിയുന്നവരുമായ ആഫ്രിക്കൻ രാജ്യങ്ങളിലെ ജനങ്ങൾക്കും ആത്മീയമായ സേവനം നല്കേണ്ടത് കാലഘട്ടത്തിന്റെ കടമയാണ്. ഈ ജനതകൾക്ക് ഏകദൈവത്വത്തിന്റെ സന്ദേശം എത്തിക്കേണ്ടതും അഹ്മദികളായ നമ്മുടെ ബാദ്ധ്യതയാണ്.

മുഹമ്മദ്(സ) തിരുമേനിയെ സർവ്വലോകത്തിനും അനുഗ്രഹമായിട്ടാണ് അല്ലാഹു നിയോഗിച്ചിരിക്കുന്നത്. അല്ലാഹു പറയുന്നു. "സർവ്വലോകത്തിനും അനുഗ്രഹമായിട്ടല്ലാതെ നാം നിന്നെ നിയോഗിച്ചിട്ടില്ല." അവസാനകാലത്ത് ഇസ്‌ലാമികസൂര്യൻ പടിഞ്ഞാറൻ രാജ്യങ്ങളിൽ ഉദിച്ചുയരുമെന്ന് നബി(സ) പ്രവചിച്ചിരിക്കുന്നു. "ലോകത്തിന്റെ കോണുകളിലോളം നിന്റെ സന്ദേശത്തെ എത്തിക്കു"മെന്ന് അല്ലാഹു ഹസ്‌റത്ത് അഹ്മദ്(അ)ന് വാഗ്ദാനം ചെയ്യുകയുണ്ടായി. ഈ വാഗ്ദത്ത വിജയത്തിന്റെ ലക്ഷണങ്ങൾ ഇന്ന് കണ്ടുതുടങ്ങിയിരിക്കുന്നു. നാം ഈ വിജയത്തിനുവേണ്ടി ദുആ ചെയ്യുകയും ധനസഹായം ചെയ്തുകൊണ്ട് ഈ വിജയത്തിന് ആക്കം കൂട്ടുകയും ചെയ്യേണ്ടിയിരിക്കുന്നു.

1934–ൽ ഹസ്‌റത്ത് ഖലീഫത്തുൽ മസീഹ് സാനി 'തഹ്‌രീക്ജദീദ്' എന്ന പദ്ധതിയെ ജമാഅത്തിന്റെ മുമ്പിൽ വെക്കുന്നതിന് ചില കാരണങ്ങളുണ്ടായിരുന്നു. 1933–ൽ ലാഹോറിലെ അഞ്ചുമൻ അഹ്റാർ സംഘടന അഹ്മദികൾക്കെതിരിൽ തിരിയുകയും പഞ്ചാബിൽനിന്നും അഹ്മദിയ്യത്തിനെ തൂത്തെറിയുമെന്ന് വീരവാദം മുഴക്കുകയും ചെയ്തു. അവർ വടക്കേ ഇന്ത്യയിൽ മുഴുവൻ അഹ്മദിയ്യത്തിനെതിരെ ദുഷ്പ്രചരണം നടത്തുകയും മുസ്‌ലിംകളെ ജമാഅത്തിനെതിരെ ഇളക്കിവിടുകയും ചെയ്തു. അക്കാലത്ത് പേരെടുത്ത മുസ്‌ലിംനേതാക്കളായ മുഹമ്മദ് ഇഖ്ബാൽ, മൗലാനാ സഫറലീഖാൻ, അതാഉല്ലാശാ

മുതലായവർ അഹ്റാർ സംഘടനയെ പരസ്യമായി സഹായിക്കാൻ തുടങ്ങി. അന്നാളുകളിൽ അഹ്റാറികൾ ഖാദിയാനിൽ അതിക്രമിച്ചുകയറുകയും വാഗ്ദത്ത മസീഹിന്റെ പുത്രനായ സാഹിബ് സാദാ മിർസാ ശരീഫ് അഹ്മദ് സാഹിബിനെ കയ്യേറ്റം ചെയ്യുകയുമുണ്ടായി. അന്നത്തെ പഞ്ചാബ് ഗവർണറായ ജംഗിൻസ് അഹ്മദികൾക്കെതിരിൽ നടപടികളെടുക്കുകയും, ജസ്റ്റീസ് ഘോസ്ലയെ പോലുള്ള ജഡ്ജിമാർ അഹ്മദികൾക്കെതിരിൽ പക്ഷപാതപരവും ന്യായരഹിതവുമായ വിധികൾ പുറപ്പെടുവിച്ചുകൊണ്ട് അഹ്റാർ സംഘടനയെ പരോക്ഷമായി സഹായിക്കുകയും ഉണ്ടായി. സിക്കുകാരും ആര്യസമാജികളും ക്രിസ്ത്യാനികളും അഹ്റാറികളുടെ ഭാഗം ചേർന്നു. ഈ വിപരീത ചുറ്റുപാടിലാണ് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അല്ലാഹുവിന്റെ ഇംഗിതാനുസരണം തഹ്രീക് ജദീദ് പദ്ധതി ജമാഅത്തിന്റെ മുമ്പിൽ വെച്ചത്. ഈ ആഹ്വാനത്തെ സ്വീകരിച്ചുകൊണ്ട് പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഉൾപ്പെടെ ആബാലവൃദ്ധം അഹ്മദികളും ധനപരമായ വമ്പിച്ച ത്യാഗങ്ങൾക്ക് സന്നദ്ധരാവുകയും വയറ്മുറുക്കി വിദേശങ്ങളിൽ അഹ്മദിയ്യത്തിനെ വിജയിപ്പിക്കുന്നതിനുവേണ്ടിയുള്ള ധനത്യാഗത്തിൽ മുന്നിട്ടിറങ്ങുകയും ചെയ്തു. എതിരാളികൾ ഇന്ത്യയിൽ അഹ്മദിയ്യത്തിനെതിരിൽ നീങ്ങുമ്പോൾ അല്ലാഹു ലോകമാകെ അഹ്മദിയ്യത്തിനെ വിജയിപ്പിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയാണുണ്ടായത്. അതാണ് തഹ്രീക് ജദീദ്.

ഇത് അല്ലാഹുവിന്റെ ജമാഅത്താണെന്നും ഇതിനെ നശിപ്പിക്കുവാൻ എതിരാളികൾക്ക് കഴിയുകയില്ലെന്നും ഖലീഫാ തിരുമനസ്സ് അന്ന് പ്രഖ്യാപിക്കുകയുണ്ടായി. മിർസാ മഹ്മൂദ് അഹ്മദ്(റ)ന്റെ ഖിലാഫത്താകുന്ന ഉരുക്കുകോട്ടയിൽ കഴിഞ്ഞ അഹ്മദികളെ ഒരു പോറലേൽപിക്കാൻപോലും എതിരാളികൾക്കു കഴിഞ്ഞില്ല. ഖലീഫാ തിരുമനസ്സ് ഇങ്ങനെയും പറഞ്ഞു, 'എതിരാളികളുടെ പാദങ്ങൾക്കടിയിൽനിന്നും മണ്ണ് മാറിപ്പോകുന്നതായി ഞാൻ കാണുന്നു' എന്ന്. അതായത്, അവർ പരാജയം വരിക്കാൻ പോകുന്നു. അങ്ങനെതന്നെ സംഭവിച്ചു. അഹ്മദിയ്യത്തിനെതിരിൽ മലപോലെ വന്ന പ്രക്ഷോഭം മഞ്ഞുപോലെ ഉരുകിപ്പോയി.

ഈ പദ്ധതികൾക്കായി തങ്ങളുടെ ധനം ചിലവഴിക്കുന്നവർക്ക് ലഭിക്കുന്ന പ്രതിഫലങ്ങളെക്കുറിച്ചും ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്) പറയുന്നു.

അദ്ദേഹം തഹ്രീക് ജദീദിന്റെ പുതിയവർഷം വിളംബരം ചെയ്തുകൊണ്ട് നടത്തിയ ഖുത്വുബയിൽ അൽബഖറ 262–ാം ആയത്ത് ഉദ്ധരിക്കുകയുണ്ടായി.

'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധനം ചെലവാക്കുന്നവരുടെ ഉപമ ഒരു ധാന്യമണിയുടേതുപോലെയാകുന്നു. അത് ഏഴ് കതിരുകളെ ഉല്പാദിപ്പിച്ചു. ഓരോ കതിരിലും നൂറുമണിവീതം ഉണ്ട്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ (ഇതിനേക്കാൾ) ഇരട്ടിയായി നൽകുന്നതാണ്. അല്ലാഹു ഔദാര്യവാനും സർവ്വജ്ഞനുമാകുന്നു."

ഖുത്വുബയുടെ അവസാനം ഹുസൂർ തിരുമനസ്സ് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)വിന്റെ തഹ്രീഖ് ജദീദിനെ കുറിച്ചുള്ള ഒരു നിർദ്ദേശം ഇപ്രകാരം കേൾപ്പിക്കുകയുണ്ടായി.

"ഓർക്കുക! തഹ്രീക് ജദീദ് അല്ലാഹുവിൽനിന്നുള്ളതാണ്. ആയതിനാൽ ഇതിന്റെ എല്ലാ ആവശ്യങ്ങളും അവൻ പൂർത്തീകരിക്കുന്നതായിരിക്കും. ഇതിന്റെ മാർഗ്ഗത്തിൽ വരുന്ന എല്ലാ തടസ്സങ്ങളും അവൻ നീക്കിക്കൊണ്ട് ഭൂമി ഇതിനെ സഹായിച്ചില്ലെങ്കിൽ ആകാശത്തുനിന്ന് ഇതിന് അനുഗ്രഹം വർഷിക്കുന്നതായിരിക്കും. ഈ പദ്ധതിയിൽ ആവേശത്തോടുകൂടി പങ്കെടുക്കുന്നവർ ഭാഗ്യവാന്മാരാണ്. അവരുടെ പേര് ഇസ്ലാമിന്റെ ചരിത്രത്തിൽ എക്കാലത്തേക്കുവേണ്ടിയും മായാതെ തെളിഞ്ഞുകിടക്കുന്നതായിരിക്കും. കൂടാതെ അല്ലാഹുവിന്റെ പക്കൽ ഇവർ പ്രത്യേക സ്ഥാനം കൈവരിക്കുന്നതായിരിക്കും. എന്തെന്നാൽ ഇവർ സ്വന്തം കഷ്ടതകൾ അനുഭവിച്ചുകൊണ്ട് ദീനിനുവേണ്ടി കഠിനപ്രയത്നം ചെയ്തു."

"ഇവരുടെ സന്താനങ്ങളും അല്ലാഹുവിന്റെ സംരക്ഷണത്തിലായിരിക്കും. ദൈവികപ്രകാശം ഇവരുടെ മനസ്സുകളിൽനിന്നും പുറപ്പെട്ട് മുഴുവൻ ലോകത്തേയും പ്രകാശപൂരിതമാക്കുന്നതായിരിക്കും."

2000 ഡിസംബർ 8–ന് നടത്തിയ ഖുത്വുബയിൽ സൂറഃആലുഇംറാനിലെ ഈ ആയത്ത് ഓതുകയുണ്ടായി. ''നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്നും നിങ്ങൾ ചിലവഴിക്കുന്നതുവരെ നിങ്ങൾ പൂർണ്ണാനന്ദം പ്രാപിക്കുകയില്ല. നിങ്ങൾ ഏതൊന്നു ചിലവഴിക്കുന്നുവോ അതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു. ഇതിനുശേഷം ഹുസൂർ തിരുമനസ്സ് ഇതു സംബന്ധിച്ച് ഒരു ഹദീസ് ഉദ്ധരിച്ചു:

നബി(സ) അരുൾചെയ്തു. ''നിങ്ങൾ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനുവേണ്ടി എന്തെല്ലാം ചിലവഴിക്കുന്നുവോ തീർച്ചയായും അതിന്റെ പ്രതിഫലം നിങ്ങൾക്ക് ലഭിക്കുന്നതാണ്. പക്ഷെ, ചിലവഴിക്കുന്നത് അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമായിരിക്കേണ്ടതാണ്. ജനങ്ങളെ കാണിക്കുന്നതിനുവേണ്ടിയാകരുത്."

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവ് ചെയ്യുന്നവർക്ക് നിശ്ചയമായും അല്ലാഹു സമുചിതമായ പ്രതിഫലം നല്കുകതന്നെ ചെയ്യും. വിശുദ്ധഖുർആൻ വിശ്വാസികളോട് ഉടനീളം ആവശ്യപ്പെടുന്നത് ചെലവഴിക്കുവാനാണ്. നിങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുക. തീർച്ചയായും അത്യുദാരനായ അല്ലാഹു നിങ്ങൾക്ക് ഒരിരട്ടിയോ, പത്തിരട്ടിയോ; എഴുന്നൂറിരട്ടിയോ ചിലപ്പോൾ അതിലും അധികമോ നല്കുന്നതാണ്. ഇത് അല്ലാഹുവിന്റെ വാഗ്ദത്തമാണ്. ഇതു സംബന്ധിച്ച് ഖലീഫത്തുൽ മസീഹ് റാബിഅ് പറഞ്ഞ ഒരു കാര്യംകൂടി ഇവിടെ ഉദ്ധരിക്കട്ടെ.

ഈ അനുഗ്രഹീത പദ്ധതികളിൽ ഭാഗഭാക്കാകാനുള്ള തൗഫീഖും അല്ലാഹു നമുക്കു നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

●

# വിശ്വാസപരമായ പകവീട്ടൽ മൃതദേഹത്തോടോ?

ഏ.ക്യു. മഹ്ദി

**വ**ലപ്പോഴും അദ്ദേഹം ഫോൺ ചെയ്യാറുണ്ടെങ്കിലും അന്നത്തെ ടെലിഫോൺകാളിനെന്തോ പ്രത്യേകത തോന്നി; പതിവിനുവിരുദ്ധമായി നന്നേ രാവിലെയാണ് വിളിച്ചിരുന്നത്.

"ഇന്നത്തെ പത്രത്തിൽ നിങ്ങളെപ്പറ്റി, നിങ്ങൾ അഹ്മദികളെപറ്റി, ഒരു വാർത്ത കണ്ടുവല്ലൊ; പാലക്കാടുവെച്ച് അന്തരിച്ച മുഹമ്മദ് ഷാഫി എന്ന ഒരു അഹ്മദിയെ മുസ്‌ലിമായി അംഗീകരിക്കാനാവില്ലെന്ന് ശഠിച്ച് മുസ്‌ലിം ശ്മശാനക്കമ്മറ്റി ഭാരവാഹികൾ നഗരസഭയുടെതന്നെ ഗ്രൗണ്ടിൽ മറവുചെയ്യാൻ അനുവദിച്ചില്ല എന്ന്..."

"ഏതു പത്രത്തിൽ?" രാവിലെ വായിച്ച രണ്ടു പത്രങ്ങളിലും ഈ വാർത്തയുണ്ടായിരുന്നില്ല. സ്നേഹിതൻ പറഞ്ഞു. "ദേശാഭിമാനിയിൽ...."

"നിർഭാഗ്യകരമായിപ്പോയി. ശത്രുവിന്റേതാണെങ്കിൽപോലും മൃതദേഹത്തെ ബഹുമാനിക്കണമെന്നല്ലേ പ്രവാചകഗുരുവായ മുഹമ്മദ് നബി(സ) പറഞ്ഞിട്ടുള്ളത്. നബിയുടെ വാക്കുകളെപ്പോലും ഈ യഥാർത്ഥ മുസ്‌ലിംകൾ മാനിക്കുന്നില്ലെന്നോ?" അൽപമൊരു പരിഹാസവും അതിലേറെ ധർമ്മരോഷവും ആ വാക്കുകളിലുണ്ടായിരുന്നു. അദ്ദേഹം കൂട്ടിച്ചേർത്തു.

"തീർച്ചയായും ഇങ്ങനെയൊന്ന് നമ്മുടെ നാട്ടിൽ സംഭവിക്കാൻ പാടില്ലാത്തതായിരുന്നു, പ്രത്യേകിച്ച് ഒരു മതേതരരാഷ്ട്രമായ ഇന്ത്യയിൽ, പ്രബുദ്ധമായ കേരളത്തിൽ.... വിവിധ മതവിശ്വാസികൾ സൗഹാർദ്ദത്തോടെ ജീവിക്കുന്ന നമ്മുടെ സാംസ്കാരിക കേരളത്തിൽ ഇങ്ങനെയൊന്നുണ്ടായതിൽ ശരിക്കും നാം ലജ്ജിക്കേണ്ടിയിരിക്കുന്നു."

വീണ്ടും വിളിക്കാം എന്നു പറഞ്ഞ് അദ്ദേഹം ഫോൺ തൽക്കാലത്തേക്ക് കട്ട് ചെയ്തു. അന്നത്തെ ദേശാഭിമാനി പത്രം കിട്ടാനുള്ള ഏർപ്പാടാണ് ഞാനുടൻ ചെയ്തത്.

ആ ടെലിഫോൺകാൾ ഡോക്ടർ റസലുദ്ദീന്റേതായിരുന്നു. അറിയപ്പെടുന്ന ഒരു ചിന്തകനും കമ്യൂണിസ്റ്റ് സൈദ്ധാന്തികനുമാണ് റസൽ. ഒരു ആദർശവാദിയായ അദ്ദേഹം നല്ലൊരു വിജ്ഞാനിയാണ്. എഴുത്തുകാരനാണ്, ബിരുദാനന്തരബിരുദവും ഡോക്ടറേറ്റും ഉള്ള ആളാണ്. അഹ്മദിയ്യാ സാഹിത്യങ്ങൾ താല്പര്യപൂർവ്വം വായിക്കാറുള്ള അദ്ദേഹം സത്യമിത്രത്തിന്റെ വരിക്കാരനുമാണ്. കേരള യൂണിവേഴ്സിറ്റിയുടെ പബ്ലിക്കേഷൻ ഡയരക്ടറാണ് റസലുദ്ദീൻ ഇപ്പോൾ.

ബാഹ്യമായി ദുർബലരാണെന്നു തോന്നാമെങ്കിലും ഒരു കാലഘട്ടത്തിന്റെ മുഴുവൻ ആത്മീയചൈതന്യവും ശക്തിയും ഇന്ന് നമ്മിൽ, നമ്മുടെ ജമാഅത്തിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. ഇത് കേവലം ഒരു നൂറ്റാണ്ടിന്റെ മാത്രം വളർച്ചയുടെ കഥയല്ല, ചരിത്രവുമല്ല. ഇന്ത്യയുടെ വടക്കുകിഴക്കേയറ്റത്ത് പഞ്ചാബ് സംസ്ഥാനത്തെ തീരെച്ചെറിയൊരു ഗ്രാമം, ഇന്നത് മുഴുലോകത്തിന്റെയും ആത്മീയകേന്ദ്രവും ആസ്ഥാനവുമായി മാറിക്കൊണ്ടിരിക്കുന്നു.

നൂറുവർഷത്തിനപ്പുറമുള്ള, വാഗ്ദത്ത മസീഹിന്റെ ജീവിതകാലത്തെ അവസ്ഥയല്ല ലോകമൊട്ടാകെ നമ്മുടേതിന്. കേവലം കൈവിരലിലെണ്ണാവുന്നത്ര അനുയായികളുമായി തന്റെ ആത്മീയജൈത്രയാത്ര ആരംഭിച്ച മഹ്ദീമസീഹിന്റെ ജമാഅത്തിൽ ഇന്ന് 170 -ലധികം ലോകരാഷ്ട്രങ്ങളിൽനിന്നായി കോടിക്കണക്കിന് അംഗങ്ങളുണ്ട്, വിശ്വാസികളുണ്ട്. ആദ്യകാല അഹ്മദികൾ അവരുടെ കാലത്ത് ജമാഅത്തിലേക്ക് കടന്നുവന്നത് ത്യാഗോജ്ജ്വലമായ ഒരു ജീവിതപാശ്ചാത്തലത്തിലൂടെയായിരുന്നു. സമൂഹത്തിൽനിന്നും, സ്വന്തം കുടുംബത്തിൽനിന്നും, സമുദായത്തിൽനിന്നും, ജനിച്ചുവളർന്ന മണ്ണിൽനിന്നും ഒക്കെ അവരിൽ പലരും നിഷ്കാസിതരായിട്ടുണ്ട്. എന്നിട്ടും തങ്ങളുടെ വിശ്വാസപ്രമാണങ്ങളിൽ അവർ അടിയുറച്ചുനിന്നു. അത്തരം ത്യാഗമനസ്ഥരുടെ മുൻസമൂഹമായിരുന്നു അന്ന് നമുക്കുണ്ടായിരുന്നത്. എന്റെയും നിങ്ങളുടെയുമൊക്കെ മാതാപിതാക്കളടങ്ങുന്ന പഴയകാല അഹ്മദികളുടെ ചരിത്രംതന്നെ അതായിരുന്നു. ഇന്നത്തെ പുതിയ തലമുറയ്ക്ക് അതജ്ഞാതമാണെന്ന് തോന്നിപ്പോകുന്നു. അനവരതയാതനകളിലൂടെ ആ തലമുറ വെട്ടിത്തെളിച്ചുതന്ന പാതയിലൂടെയല്ലേ നാമിന്ന് നമ്മുടെ വിജയരഥം അനായാസം ഉരുട്ടിക്കൊണ്ടുപോകുന്നത്.

സർവ്വശക്തനായ അല്ലാഹുവിന്റെ അപരിമേയമായ അനുഗ്രഹാശിസ്സുകൾ അന്നവർക്കും, ഇന്നിതാ ഓരോ നിമിഷവും, ഓരോ ഘട്ടത്തിലും, നമുക്കോരോരു

ത്തർക്കും നിർലോഭം വർഷിക്കപ്പെട്ടുകൊണ്ടുമിരിക്കുന്നു. നമ്മുടെ ഇന്നത്തെ അസാധാരണവളർച്ചയും സൂചിപ്പിക്കുന്നതതാണ്. നിരവധി പരീക്ഷണഘട്ടങ്ങൾ ആ മുൻതലമുറയ്ക്ക് നേരിടേണ്ടിവന്നിട്ടുണ്ട്; വളരെ അപൂർവ്വമായി മാത്രം നമുക്കിന്നും. അവയൊക്കെ അതീവവിജയകരമായി തരണംചെയ്യാനുള്ള സൗഭാഗ്യം ഈ വർത്തമാനകാലത്തും അതിശക്തന്മാരായ ശത്രുക്കളെ നേരിടേണ്ടിവരുമ്പോഴും നമുക്കുണ്ടാകുന്നു. ആ ദൈവികാനുഗ്രഹം മാത്രംമതി നമ്മുടെ വിശ്വാസത്തിന്റെ സത്യസന്ധത തെളിയിക്കപ്പെടാൻ.

നമ്മുടെ മുൻതലമുറയ്ക്ക് പലപ്പോഴും ശക്തമായി നേരിടേണ്ടിവന്ന നിർണ്ണായകപ്രശ്നങ്ങളിലൊന്ന് മയ്യത്ത് മറവുചെയ്യുന്ന വിഷയം തന്നെയായിരുന്നു. ജീവിച്ചിരിക്കുമ്പോഴുള്ളതിലേറെ പ്രശ്നങ്ങൾ മരിച്ചവരോടു കാട്ടി പലപ്പോഴും ശത്രുക്കൾ നമ്മോടു പകതീർക്കാൻ ശ്രമിച്ചിരുന്നു. നമ്മുടെ മയ്യത്തുകൾ മറവുചെയ്യാൻ അനുവദിക്കാതെ എതിർപ്പുകളും തടസ്സങ്ങളും സൃഷ്ടിക്കുന്നതിലൂടെയായിരുന്നു അതവർ നിറവേറ്റിയത്. പിന്നെപ്പിന്നെ സ്വന്തമായി ശ്മശാനഭൂമി സ്വായത്തമാക്കാൻ നാം ശ്രമം നടത്തി. എല്ലായിടത്തും അനായാസേന ഇത് സ്വന്തമാക്കാൻ നമ്മുടെ പല ജമാഅത്തുകൾക്കും കഴിഞ്ഞിരുന്നുമില്ല. ഈ വിഷയത്തിൽ പ്രാദേശികമായി ബുദ്ധിമുട്ടുണ്ടാവാതിരിക്കാൻ എല്ലായിടത്തും തൊട്ടടുത്തുള്ള നമ്മുടെ ജമാഅത്തുകളുടെ ശ്മശാനത്തിലാണ് നാമിപ്പോൾ മയ്യത്ത് മറവുചെയ്യുന്നത്.

സ്വന്തമായി ശ്മശാനഭൂമിയില്ലാത്ത പാലക്കാട്ടെ അഹ്മദികളുടെ അവസ്ഥ ഇതാണെങ്കിൽ, വിലകൊടുത്തു വാങ്ങിയ സ്വന്തം ഭൂമിയുണ്ടായിട്ടുകൂടി, മയ്യത്ത് മറവുചെയ്യാനാവാതെ വിഷമിച്ച ഒരു ജമാഅത്തിലെ അനുഭവം വിവരിക്കാൻ ഞാനിവിടെ ശ്രമം നടത്തുകയാണ്. ഈ അനുഭവം ഉണ്ടായത് മണ്ണാർക്കാട് ജമാഅത്തിനാണ്. മണ്ണാർക്കാട്ടെ ഈ അഹ്മദിയ്യാ ശ്മശാനത്തിലാണ് പാലക്കാട്ടെ 'യഥാർത്ഥമുസ്ലിംകൾ' വിലക്കിയ, ജ. മുഹമ്മദ് ശാഫി സാഹിബിന്റെ ജനാസ നാം മറവ് ചെയ്തതും.

പതിമൂന്നുവർഷം പിന്നിലേക്കാണ് ഞാനിപ്പോൾ കടന്നുപോകുന്നത്. കൃത്യമായി പറഞ്ഞാൽ 1991 മെയ് 21–ന് നടന്നതാണീ സംഭവം.

ജനാബ് എം.കെ. അബ്ദുല്ലാ സാഹിബ്. മണ്ണാർക്കാട്ടെ ഒരു പഴയകാല അഹ്മദി. മരണത്തിന്റെ കാലൊച്ചകൾക്ക് അദ്ദേഹം കാതോർത്തതും, വഴങ്ങിയതും തന്റെ 90–ാം വയസ്സിലാണ്.

കുളിപ്പിക്കൽ കഴിഞ്ഞു. ജനാസ നമസ്കാരവും നിർവഹിക്കപ്പെട്ടു. ഇനി അടക്കുകയേ വേണ്ടൂ.

ഇന്നും പ്രബലന്മാരായ എതിരാളികൾ അഹ്മദികൾക്കുള്ള നാടാണ് മണ്ണാർക്കാട്. സാഹസികവും, ത്യാഗോജ്ജ്വലവുമായ ജീവിതത്തിലൂടെയാണ് വിരലിലെണ്ണാൻ മാത്രം പാകത്തിലുള്ള സാധുക്കളായ ഒരു കൂട്ടം അഹ്മദികളുടെ ഒരു മുൻതലമുറ ഇവിടെ ജീവിച്ചിരുന്നത്. വളരെ കഷ്ടപ്പെട്ടാണ് അവർ ഇവിടെ ഒരു ജമാഅത്ത് സ്ഥാപിച്ചത്. ആ മുൻകാല അഹ്മദികളിൽപെട്ട ഒരാളായിരുന്നു അന്തരിച്ച എം.കെ. അബ്ദുല്ലാസാഹിബ്.

മയ്യത്തുകൾ മറവുചെയ്യാൻ ജമാഅത്തിന്റെ ആരംഭകാലത്ത് മണ്ണാർക്കാട് സ്ഥലമുണ്ടായിരുന്നില്ല. അങ്ങനെയാണ് ടൗണിൽനിന്ന് നാലഞ്ചുനാഴിക അകലെ തെങ്കര എന്ന സ്ഥലത്ത് 1956–ൽ ഏകദേശം അരയേക്കറിലധികം സ്ഥലം മണ്ണാർക്കാട് ജമാഅത്തിന്റെ പേരിൽ വാങ്ങിയത്. അവിടെയായിരുന്നു തുടർന്ന് നാം മയ്യത്ത് മറവുചെയ്തു വന്നിരുന്നതും.

ജ: അബ്ദുല്ലാ സാഹിബിന്റെ മരണം നടന്നത് ഒരു രാത്രി 7 മണി സമയത്തായിരുന്നു. ഒരുക്കങ്ങളൊക്കെ പൂർത്തിയായി. മയ്യത്ത് മറവുചെയ്യേണ്ടത് പിറ്റേന്നു രാവിലെയാണ്. ഇതേ ദിവസം തന്നെയാണ് നമ്മുടെ പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ മരണവും സംഭവിച്ചത്. ഇന്ത്യ മുഴുവൻ പ്രധാനമന്ത്രിയുടെ നിര്യാണത്തിൽ നിശ്ചലമായി. പിറ്റേന്ന് വ്യാപകവും പൂർണ്ണവുമായ ഹർത്താൽ പ്രഖ്യാപിക്കപ്പെട്ടു. ഇത് മയ്യത്ത് മറവുചെയ്യുന്നതിന് തടസ്സം സൃഷ്ടിക്കുമോ എന്ന ആശങ്കയുണ്ടായപ്പോൾ എത്ര കഷ്ടപ്പെട്ടിട്ടായാലും അന്നുരാത്രിതന്നെ കബറടക്കത്തിനുള്ള തീവ്രശ്രമം ആരംഭിച്ചു.

മണ്ണാർക്കാട് മരണം സംഭവിക്കുമ്പോൾ ഖബ്ർ തയ്യാറാക്കുവാൻ സഹായം എത്തുന്നത് സമീപത്തുള്ള മുറിയക്കണ്ണി ജമാഅത്തിൽനിന്നാണ്. അവിടെനിന്നും അർദ്ധരാത്രിതന്നെ ആൾക്കാർ എത്തി. അവർ കുഴി കുഴിക്കാനാരംഭിച്ചു. കൈക്കോട്ട് മണ്ണിലാഴ്ന്ന് തുടങ്ങിയപ്പോഴേക്കും പരിസരവാസികളായ കുറേ നാട്ടുകാർ സംഘടിതരായി, തീപ്പന്തങ്ങളും കത്തിച്ച് നിരനിരയായി വന്ന് കുഴിയെടുപ്പിക്കൽ നിർത്തിവയ്പ്പിച്ചു.

"ഇനി ഇവിടെ മയ്യത്ത് മറവുചെയ്യാൻ ഞങ്ങൾ അനുവദിക്കില്ല...." പെട്രോമാക്സിന്റെ അരണ്ടവെളിച്ചത്തിൽ കുഴി തയ്യാറാക്കിക്കൊണ്ടിരുന്നവരെ നാട്ടുകാർ തടഞ്ഞപ്പോൾ, ഒപ്പമുണ്ടായിരുന്ന, ഇപ്പോഴത്തെ മണ്ണാർക്കാട് പ്രസിഡന്റായ പ്രൊഫസർ അബ്ദുൽ കരീം സാഹിബ് ചോദിച്ചു,

"കാരണമെന്താണ്?"

"കാരണമൊന്നും പറയാനില്ല, ഇവിടെ അടക്കാൻ ഞങ്ങൾ അനുവദിക്കില്ല അത്രതന്നെ...." ധാർഷ്ഠ്യം കലർന്ന മറുപടി.

മോശമല്ലാത്ത ആൾക്കൂട്ടമാണ് കൂടിയിരിക്കുന്നത്. എത്ര അപേക്ഷിച്ചിട്ടും അവർ വഴങ്ങാൻ തയ്യാറായില്ല. നിർവാഹമില്ലാതെ വന്നപ്പോൾ, വിവരം മണ്ണാർക്കാടറിയിക്കാനായി അബ്ദുൽകരീം സാഹിബിന് ആ അർദ്ധരാത്രിനേരത്ത് കൂരിരുട്ടിലൂടെ 5 നാഴിക നടന്ന് ടൗണിൽ എത്തേണ്ടിവന്നു. റോഡുകൾ മുഴുവൻ, മരങ്ങൾ നീക്കിയിട്ട് ബ്ലോക്ക് ചെയ്യപ്പെട്ടിരുന്നു. പിറ്റേന്നത്തെ ഹർത്താലിനു മുന്നോടിയായിട്ടായിരുന്നു ഈ നടപടി.

മണ്ണാർക്കാട്ടെ ജമാഅത്തംഗങ്ങൾ തീർത്തും പരിഭ്രാന്തിയിലായി. പിറ്റേന്ന് പൂർണ്ണഹർത്താലാണ്, അന്ന് ഒന്നും ചെയ്യാനാവില്ല. രാത്രിയിൽതന്നെ എന്തെങ്കിലും ചെയ്തേപറ്റൂ.

പോലീസ് സഹായം തേടാനാണ് തീരുമാനമായത്. ജമാഅത്ത് ഭാരവാഹികൾ സ്റ്റേഷനിലെത്തി. രാജീവ്ഗാന്ധിയുടെ മരണം പ്രമാണിച്ചുള്ള അടിയന്തിരഘട്ടത്തിൽ തിടുക്കത്തിലാണ് പോലീസ് സ്റ്റേഷൻ മുഴുവൻ. ഡ്യൂട്ടിക്കാരനായി ഒരു അഡീഷണൽ സബ് ഇൻസ്പെക്ടർ മാത്രം. വളരെ കുറച്ച് കോൺസ്റ്റബിൾമാരും. എസ്.ഐ.പോലും സ്റ്റേഷനില്ല.

എ.എസ്.ഐ കൈമലർത്തി, തനിക്കൊന്നും ചെയ്യാനാവില്ല. തീരുമാനം എടുക്കേണ്ടത് എസ്.ഐ. ആണ്. തൊട്ടടുത്ത് താമസിക്കുന്ന സർക്കിൾ ഇൻസ്പെക്ടറെ പോയി നേരിൽ കാണാനാണ് എ.എസ്.ഐ. നിർദ്ദേശിച്ചത്.

ഭാഗ്യം, അപ്പോഴേക്കും സർക്കിൾ ഇൻസ്പെക്ടർ പെട്ടെന്ന് സ്റ്റേഷനിലേക്ക് കടന്നുവന്നു. സ്റ്റേഷനിൽ കാത്തിരുന്ന നമ്മുടെ ആൾക്കാർക്ക് ആശ്വാസമായി.

സർക്കിൾ ഇൻസ്പെക്ടർ വന്നയുടൻ എ.എസ്.ഐ. അദ്ദേഹത്തെ സല്യൂട്ട് ചെയ്തിട്ട് നമ്മുടെ പ്രശ്നത്തെപ്പറ്റി സൂചിപ്പിച്ചു. നിർഭാഗ്യം, എ.എസ്.ഐ. പറയുന്നത് കേൾക്കാൻപോലും കൂട്ടാക്കാതെ പരുഷമായ ഭാഷയിൽ എന്തോ പറഞ്ഞിട്ട് അദ്ദേഹം ഉള്ളിലേക്ക് കയറി. പ്രധാനമന്ത്രിയുടെ മരണം സംഭവിച്ച ഈ സാഹചര്യത്തിൽ മണ്ണാർക്കാട്ടെ ഒരു സാധാരണക്കാരന്റെ ശവമടക്കൽ വിഷയത്തിനെന്തു പ്രസക്തി എന്ന മട്ടിലായിരുന്നു സർക്കിൾ ഇൻസ്പെക്ടറുടെ പ്രതികരണം.

സർക്കിൾ ഇൻസ്പെക്ടർ സ്റ്റേഷനിൽ വരുംമുമ്പ്, ഡ്യൂട്ടിയിലായിരുന്ന എ.എസ്.ഐക്ക് വന്ന ഒരു ടെലിഫോണും, അതിന് അദ്ദേഹം നൽകിയ മറുപടിയും, സ്റ്റേഷനിലെ ബെഞ്ചിൽ അക്ഷമരായി കാത്തിരുന്ന നമ്മുടെ ആൾക്കാർ ശ്രദ്ധിച്ചിരുന്നു. അർദ്ധരാത്രി സമയമായിരുന്നു അപ്പോൾ. ടെലിഫോൺ ഏതോ ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്റേതാണെന്ന് സന്ദർഭം വ്യക്തമാക്കി. കൂടുതൽ ശ്രദ്ധിച്ചപ്പോൾ അത്, ഷൊർണ്ണൂർ എ.എസ്.പി ശ്രീമതി സന്ധ്യ ഐ.പി.എസിന്റേതാണെന്ന് വ്യക്തമായി. അവർക്കായിരുന്നു മണ്ണാർക്കാടിന്റെയും ചുമതലയെന്ന് മനസ്സിലായി.

ശ്രീമതി സന്ധ്യ ഇപ്പോൾ കേരളത്തിലെ ക്രൈംബ്രാഞ്ച് ഡി.ഐ.ജി. ആണ്.

രാജീവ്ഗാന്ധിയുടെ വധം പ്രമാണിച്ച് നാടുമുഴുവൻ വിറങ്ങലിച്ചുനിൽക്കുകയാണ്. ജനങ്ങളുടെ രോഷാഗ്നിയും പ്രതിഷേധവുംമൂലം എന്തും സംഭവിക്കാം, എന്തനിഷ്ട സംഭവവും നടക്കാം എന്ന മട്ടാണ്.

തന്റെ കീഴിലുള്ള സ്റ്റേഷനതിർത്തികളിലെവിടെയെങ്കിലും ക്രമസമാധാനപ്രശ്നമുണ്ടോ എന്നന്വേഷിക്കുന്നതിനിടയിൽ മണ്ണാർക്കാട് സ്റ്റേഷനിലും അവർ വിളിച്ചുചോദിക്കുകയായിരുന്നെന്ന് എ.എസ്.ഐയുടെ മറുപടിയിൽനിന്നും വ്യക്തമായി.

"ഇല്ല സർ, ഇവിടെ പ്രശ്നങ്ങളൊന്നുമില്ല. എന്നാൽ ഒരു മൃതദേഹം മറവുചെയ്യുന്നത് സംബന്ധിച്ച് ചെറിയൊരു പരാതി വന്നിട്ടുണ്ട്. നാട്ടുകാരിൽ ചിലർ ശ്മശാനത്തിൽ മൃതദേഹം അടക്കാൻ അനുവദിക്കുന്നില്ല എന്ന പരാതിയുമായി കുറച്ചുപേർ ഇതാ ഇവിടെ സ്റ്റേഷനിൽ വന്നിരിപ്പുണ്ട് സർ..."

എ.എസ്.പി. ശ്രീമതി സന്ധ്യ ഇങ്ങോട്ട് എന്തുപറയുന്നുവെന്നത് കേട്ടില്ല. എ.എസ്.ഐയുടെ വീണ്ടുമുള്ള മറുപടി മാത്രം നമുക്ക് ശ്രദ്ധിക്കാം. "സർ... തീർച്ചയായും സർ. ഉടൻ വേണ്ടതു ചെയ്യാം സർ. സർക്കിൾ ഇൻസ്പെക്ടർ വന്നാലുടൻ വിളിക്കാൻ പറയാം സർ....."

വീണ്ടും എ.എസ്.പി. എന്തോ പറഞ്ഞുവെന്ന് തോന്നി. എ.എസ്.പിയുടെ മറുപടി ഇതായിരുന്നു.

"ശരി സർ. പോലീസ് ഫോഴ്സ് വേണ്ടിവരും സർ. ഇവിടെ സ്റ്റേഷനിലുള്ളവരൊക്കെ പുറത്തെ ഡ്യൂട്ടിയിലാണ് സർ. ശവമടക്കൽപ്രശ്നം തീർത്തിട്ട് ഉടൻതന്നെ വിളിക്കാം സർ...."

സർക്കിൾ ഇൻസ്പെക്ടർ സ്റ്റേഷനിലെ തന്റെ കാബിനിലേക്ക് കടക്കും മുമ്പ് അദ്ദേഹം തനിക്കുവന്ന ഒരു വയർലസ്സ് സന്ദേശം സ്വീകരിക്കുന്നതും നമ്മുടെ ആൾക്കാർ കേട്ടു. അതും എ.എസ്.പിയുടേതാകണം. ബഹുമാനം കലർന്ന മറുപടിയിൽനിന്നും അതാണ് ഊഹിക്കാൻ കഴിഞ്ഞത്.

"വേണ്ടത് ഉടൻ ചെയ്യാം സർ. അവർ ഇവിടെ ഇരിപ്പുണ്ട് സർ. പോലിസ്ഫോഴ്സ് വേണ്ടിവരും സർ. ഞാൻ

ഉടൻതന്നെ വിളിക്കാം സർ..” ഭവ്യതകലർന്ന തന്റെ വാക്കുകൾ അവസാനിപ്പിച്ചിട്ട് അദ്ദേഹം, കേവലനീതിക്കായി നിസ്സഹായപൂർവ്വം കാത്തുനിന്ന നമ്മുടെ ആൾക്കാരോട് ചോദിച്ചു, നിങ്ങൾ എ.എസ്.പിയോട് വിവരം വല്ലതും വിളിച്ചുപറഞ്ഞിരുന്നുവോ? എ. എസ്.പി മാഡമാണിപ്പോൾ വിളിച്ചത്. എവിടെയാണ് മൃതശരീരം മറവുചെയ്യേണ്ട സ്ഥലം, ആരാണ് നിങ്ങളെ തടയുന്നത്, ഇവിടെനിന്നും എന്തുദൂരം വരും?

എല്ലാ ചോദ്യങ്ങൾക്കും നാം, വ്യക്തമായി മറുപടി കൊടുത്തു.

''അത് നിങ്ങൾക്കനുവദിച്ചുകിട്ടിയ ബറിയൽ ഗ്രൗണ്ട് ആണോ?"

“ഞങ്ങളുടെ സ്വന്തം സ്ഥലം തന്നെയാണ് സർ..”

“അതിന് രേഖകൾ വല്ലതുമുണ്ടോ കാണിക്കാൻ?”

“ഉണ്ട് സർ, തീർച്ചയായും കാണിക്കാം.”

“എങ്കിൽ ഉടൻ കൊണ്ടുവരൂ. എ.എസ്.പി. മാഡത്തിന്റെ അടുത്ത മെസേജ് വരുംമുമ്പ് പ്രശ്നമൊക്കെ തീർക്കണം.''

തെങ്കര എന്ന സ്ഥലത്തുള്ള ആ ഭൂമിയുടെ 1956 –ലെ പ്രമാണമാണ് കാണിക്കേണ്ടത്. അരനൂറ്റാണ്ടിനു മുമ്പുള്ള കടലാസ്സ്. ഭാഗ്യത്തിന് അത് കയ്യിൽകിട്ടി.

ശ്മശാനത്തിന്റെ രേഖകൾ കണ്ടപ്പോൾ സർക്കിൾ ഇൻസ്പെക്ടർക്ക് തൃപ്തിയായി.

“ശരി... വേഗം ഡെഡ്ബോഡി കൊണ്ടുപോകാൻ തയ്യാറായിക്കൊള്ളൂ. പോലീസ് പ്രൊട്ടക്ഷൻ ഉണ്ടാവും. ഒപ്പം എസ്ക്കോർട്ട് ജീപ്പും വിടാം...”

മണ്ണാർക്കാടുനിന്നും അട്ടപ്പാടിക്ക് പോകുന്ന വഴിയിലാണ് തെങ്കര.5 കി.മീറ്റർ ദൂരം മയ്യത്ത് സന്തുവിൽ ഏറ്റി നാം പുറപ്പെട്ടു. ഒപ്പം പോലീസ് ജീപ്പുമുണ്ട്. വഴിയിലൊക്കെ കൂറ്റൻ മരക്കഷണങ്ങൾ കുറുകേയിട്ട് റോഡ് ബ്ലോക്ക് ചെയ്യപ്പെട്ടിരുന്നു. ആ തടസ്സങ്ങളൊക്കെ നീക്കിക്കൊണ്ടായിരുന്നു പോലീസ്ജീപ്പിന്റെ എസ്കോർട്ട് യാത്ര.

ശ്മശാനഭൂമിക്കടുത്തെത്തിയപ്പോൾ, അപ്പോഴും എതിർപ്പിന്റെ മുനകളുമായി നാട്ടുകാരിൽ ചിലർ കൂട്ടം കൂടി നിൽക്കുന്നു.

നിമിഷങ്ങൾക്കം വയർലസ്സ് ഘടിപ്പിച്ച നാലഞ്ച് പോലീസ് ജീപ്പുകളും വലിയൊരു വാൻനിറയെ പോലീസും സംഭവസ്ഥലത്ത് കുതിച്ചെത്തി.

“ആർക്കാണ് ഇവിടെയീ മൃതദേഹം മറവുചെയ്യുന്നതിൽ എതിർപ്പുള്ളത്?'' സബ്ഇൻസ്പെക്ടറുടെ ഗൗരവഭാവത്തിലുള്ള ചോദ്യം കേട്ടപ്പോൾതന്നെ കൂട്ടം കൂടിനിന്നവരിൽ പലരും പിന്നിലേക്ക് വലിഞ്ഞു. അപൂർവ്വം ചിലർമാത്രം മുന്നോട്ടുവന്നു.

“സമ്മതിക്കില്ല...ഇവരുടെ മയ്യത്ത് ഇവിടെ അടക്കാൻ ഞങ്ങൾ അനുവദിക്കില്ല....” മുന്നോട്ടുനീങ്ങിനിന്നവരിൽ ഒരു വിപ്ലവകാരി ഉറച്ചസ്വരത്തിൽ പ്രസ്താവിച്ചു.

“ശരി, എങ്കിൽ അവനെത്തന്നെ ആദ്യം ജീപ്പിൽ കയറ്റൂ...” വശത്തുനിന്ന് പോലീസ്കാരോട് എസ്.ഐ. കൽപിച്ചു. എസ്.ഐയുടെ നിർദ്ദേശം കിട്ടിയയുടൻ, പോലീസ്വാനിൽനിന്നും ഇറങ്ങിവന്ന് നിലയുറപ്പിച്ചിരുന്ന എസ്എ.പിക്കാരിൽ രണ്ടുമൂന്നുപേർ മുന്നോട്ടു കടന്നുവന്ന് അയാളെ ജീപ്പിലേക്ക് ബലമായി പിടിച്ചു തള്ളി.

വിപ്ലകാരിയുടെ വീര്യം ചോർന്നുപോയ നിമിഷമായിരുന്നു അത്. അവൻ ദയനീയഭാവത്തിൽ കൈകൂപ്പി യാചനാസ്വരത്തിൽ പറഞ്ഞു,

“വേണ്ട സർ, അവർ മറവുചെയ്തുകൊള്ളട്ടെ. ഞങ്ങൾക്ക് എതിർപ്പില്ല. ഞങ്ങൾ പിരിഞ്ഞുപൊയ്ക്കൊള്ളാം...”

സംഭവം നേരിട്ട് കണ്ടുനിന്ന ജനക്കൂട്ടം ഭയപ്പാടോടെ ചിതറിയോടി. അവരിൽ ചിലർ, ഏതോ നിർബന്ധിത പരിതസ്ഥിതിയിൽ തങ്ങളും ഈ കൂട്ടത്തിൽ ചേർന്നുപോയതാണെന്ന മട്ടിൽ, ശവസംസ്കാരത്തിന് പിന്നീട് എല്ലാ സഹായങ്ങളും ചെയ്തുതരികയും ചെയ്തു.

ഇതിനിടയ്ക്ക് പലതവണ എസ്.ഐയുടെ പക്കലിരുന്ന വയർലസ്സ് സെറ്റിൽ സന്ദേശങ്ങൾ വരികയും പോവുകയും ചെയ്തുകൊണ്ടിരുന്നു.

സർവശക്തനായ അല്ലാഹുവിന് സ്തുതി. ഒക്കെയും ഭംഗിയായി കലാശിച്ചു. അബ്ദുല്ലാ സാഹിബിനുശേഷം പിന്നീട് പല മയ്യത്തുകളും ഈ ഭൂമിയിൽതന്നെ മറവുചെയ്യാൻ നമുക്ക് കഴിഞ്ഞു. ഏറ്റവും ഒടുവിൽ ഇതാ ഇപ്പോൾ, പാലക്കാട് പ്രസിഡന്റായിരുന്ന ജനാബ് മുഹമ്മദ് ശാഫി സാഹിബിന്റെ ജനാസയും.

ഇത് തികച്ചും ദൈവികമായ ഒരു നടപടി തന്നെയായിരുന്നുവെന്ന് നമുക്ക് വിശ്വസിക്കേണ്ടിയിരിക്കുന്നു. പ്രധാനമന്ത്രിയുടെ വധവും, അത് സൃഷ്ടിച്ച പോലീസ് ജാഗ്രതയും, തന്റെ അധികാരപരിധിയിലെ സ്റ്റേഷനുകളിലെ ക്രമസമാധാനനിലയെപ്പറ്റിയുള്ള എ.എസ്.പി. സന്ധ്യ ഐ.പി.എസിന്റെ അന്വേഷണത്തിനിടയിൽ നമ്മുടെ പ്രശ്നം അവരുടെ ശ്രദ്ധയിൽപെട്ടതും, പോലീസ് നടപടിയിലൂടെ ഒരു ബുദ്ധിമുട്ടും കൂടാതെ മയ്യത്ത് മറവുചെയ്യാൻ കഴിഞ്ഞതും ഒക്കെ നമുക്കുണ്ടായ ദൈവികമായ അനുഗ്രഹമല്ലെങ്കിൽ മറ്റെന്താണ്?

ഇത്തരുണത്തിൽ നമുക്ക് ഓർക്കാവുന്ന ഒരു ഖുർആൻ വാക്യമുണ്ട്. '***ഹാദാ മിൻ ഫസ്‌ലി റബ്ബീ***', ഇതെന്റെ നാഥന്റെ അനുഗ്രഹങ്ങളിൽപെട്ടതാകുന്നു. ●

# ഖാദിയാൻ–
# ഭക്തദാസരുടെ പ്രത്യാശാഗേഹം

മുഹമ്മദ് ഉമർ. എച്ച്.എ. (ഇൻചാർജ്ജ് മുബല്ലിഗ് കേരള)

**1954** ഡിസംബർ 23 ! എന്റെ ജീവിതത്തിന്റെ ധാര തിരിച്ചുവിട്ട, ചിരകാലസ്വപ്നം പൂവണിഞ്ഞ ഒരു സുദിനം. അന്നാണ് ഈ വിനീതന് ഹസ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ പുണ്യനഗരിയായ ഖാദിയാനിൽ–ദാറുൽ അമാനിൽ കാൽകുത്തുവാനുള്ള മഹാഭാഗ്യം ലഭിച്ചത്.

മദ്രസ അഹ്മദിയ്യായിൽ ചേർന്നു പഠിക്കണമെന്ന ഉദ്ദേശ്യമായിരുന്നു എനിക്കുണ്ടായിരുന്നത്. ഇൻഡോ–പാക്ക് വിഭജനത്തിനുശേഷം 1953–ലായിരുന്നു മദ്രസ്സ അഹ്മദിയ്യ പുനഃസ്ഥാപിക്കപ്പെട്ടത്. ഞാൻ ചെന്നപ്പോൾ ഒന്നൊന്നര വർഷം പിന്നിട്ടിരുന്നു. ആദ്യവർഷത്തിൽ മദ്രസ അഹ്മദിയ്യായുടെ ക്ലാസ്സിൽ മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബ് (ഇപ്പോൾ നാസിം വഖ്ഫ് ജദീദ്– ഖാദിയാൻ) അടക്കം ഹൈദരബാദികളായ അഞ്ചാറ് വിദ്യാർത്ഥികളായിരുന്നു ഉണ്ടായിരുന്നത്. രണ്ടാം വർഷ ക്ലാസ്സ് ആരംഭിച്ചിരുന്നില്ല. എനിക്ക് ഉർദുഭാഷയിൽ തീരെ പരിജ്ഞാനമില്ലാതിരുന്നതുകൊണ്ട് മദ്രസയിൽ പ്രവേശനം നല്കാൻ നസാറത്ത് തഅ്ലീം വിസമ്മതം പ്രകടിപ്പിച്ചിരുന്നു. പലരും എന്നോട് കേരളത്തിൽപോയി ഉർദു പഠിച്ചുവരാൻ ആവശ്യപ്പെടുകപോലുമുണ്ടായി. എന്നാൽ പ്രതീക്ഷ കൈവിടാതെ, ഒട്ടുധൈര്യത്തോടെതന്നെ പല കടമ്പകളും കടന്ന് അവസാനം മദ്രസ്സ അഹ്മദിയ്യായിൽ പ്രവേശിക്കുന്നതിനുള്ള അവസരം എനിക്കൊത്തുകിട്ടി. എന്റെ ക്ലാസ്സിൽ ഒരു ഹൈദരബാദിയും ഒരു ഒറീസ്സക്കാരനും വേറെയുമുണ്ടായിരുന്നു. എന്നാൽ പിന്നീട് അവർക്ക് മുബല്ലിഗായി പ്രവർത്തിക്കാനുള്ള സൗഭാഗ്യം ലഭിച്ചില്ല. വിഭജനത്തിനുശേഷം സമാരംഭിച്ച മദ്രസ്സ അഹ്മദിയ്യായിൽ ഒന്നാമത്തെ കേരളീയനായ വിദ്യാർത്ഥിയായിരുന്നു ഞാൻ.

ആദ്യകാലത്ത് മൂന്ന് മലയാളികുടുംബങ്ങൾ അവിടെ സ്ഥിരതാമസക്കാരായിട്ടുണ്ടായിരുന്നു. (1) ജ: ഫഖ്റുദ്ദീൻ സാഹിബും കുടുംബവും (2) ജ: എച്ച് ഹുസൈൻ സാഹിബും (മൗ. ജലാലുദ്ദീൻ സാഹിബ്, നാസിർ ബൈത്തുൽ മാലിന്റെ പിതാവ്) കുടുംബവും, (3) ജ: മുഹമ്മദ് അഹ്മദ് സാഹിബ് നസീമിന്റെ കുടുംബവുമായിരുന്നു അവർ.

മദ്രസയിൽ പഠനം പൂർത്തിയാക്കിയ എനിക്ക് 1961–ൽ പഞ്ചാബ് യൂനിവർസിറ്റിയിൽനിന്നും മൗലവി ഫാസിൽ (എച്ച്.എ) ബിരുദം ലഭിച്ചു. തുടർന്ന് മദ്രസ്സ അഹ്മദിയ്യായിൽത്തന്നെ രണ്ടുവർഷം പഠിപ്പിക്കുവാനുള്ള അവസരവും ലഭിച്ചു. അതിനുശേഷം 1963 മുതൽ 1967വരെ ഹൈദരബാദിലും 1968–ൽ മദ്രാസ്സിലും 1969, 70–ൽ ബോംബെയിലും 1970 മുതൽ 1990 വരെ വീണ്ടും മദ്രാസ്സിലും മുബല്ലിഗ്–ഇൻ– ചാർജ്ജായി സേവനമനുഷ്ഠിക്കുവാനുള്ള സൗഭാഗ്യം ലഭിച്ചു. 1990–ൽ എന്റെ നിയമനം കേരളത്തിലുണ്ടായി. ഇതിന്നിടയിൽ 1999–ൽ കേന്ദ്ര നിർദ്ദേശമനുസരിച്ച് ഫലസ്തീനിൽ മുബല്ലിഗായി പ്രവർത്തിക്കുവാനും സാധിച്ചു.

1954–ലെ ഖാദിയാനും ഇന്നത്തെ ഖാദിയാനും തമ്മിൽ വളരേ വളരേ അന്തരമുണ്ട്. അജഗജാന്തരം എന്ന് പറഞ്ഞാൽ അത് അതിശയോക്തിയല്ല. ഇപ്പോൾ ജാമിഅ അഹ്മദിയ്യായിൽ പഠിക്കുന്ന നൂറുക്കണക്കിലുള്ള വിദ്യാർത്ഥികൾക്ക് എല്ലാവിധ സൗകര്യങ്ങളും ഉണ്ട്. എന്നാൽ ഞങ്ങൾ പഠിച്ചിരുന്ന 1954 കാലങ്ങളിൽ ഇന്നത്തെ സൗകര്യങ്ങളെക്കുറിച്ച് സ്വപ്നം കാണുവാൻ കൂടി സാധിച്ചിരുന്നില്ല.

ഞങ്ങൾ താമസിച്ചിരുന്ന ബോർഡിംഗ് ഹൗസ് കളിമണ്ണുകൊണ്ടുണ്ടാക്കപ്പെട്ടതായിരുന്നു. അവിടെ ഓരോ വിദ്യാർത്ഥിക്കും ഓരോ ചാർപായും (കയറ്റുകട്ടിൽ) പുസ്തകങ്ങളും വസ്ത്രങ്ങളും സൂക്ഷിക്കുവാൻ അലമാരിയുടെ ഒരു ഭാഗവും ആയിരുന്നു നൽകിയിരുന്നത്. അതായത് രണ്ട് വിദ്യാർത്ഥികൾക്ക് ഒരു അലമാരി. ഞങ്ങളുടെ ഡൈനിംഗ് ടേബിളും സ്റ്റഡിടേബിളും ആ ചാർപായി തന്നെയായിരുന്നു. ബോർഡിംഗ് ഹൗസിൽ ഫേനും ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഉഷ്ണകാലത്ത് അതിന്റെ കാഠിന്യം ഒട്ടും കുറയാതെ തന്നെ ഞങ്ങൾ അനുഭവിച്ചിരുന്നു. പുറത്ത് തീകാറ്റ് വീശുമ്പോൾ അതിൽനിന്ന് രക്ഷപ്പെടുന്നതിന് ജനലുകളും വാതിലുകളും അടച്ചിടുകയാണ് പതിവ്. അപ്പോൾ ബോർഡിംഗിന്നകത്ത് ഞങ്ങൾ അക്ഷരാർത്ഥത്തിൽ വെന്തുരുകുകയായിരിക്കും. രാവിലെയും വൈകുന്നേരവും ഈ രണ്ട് തന്തൂർ റൊട്ടികളായിരുന്നു ഞങ്ങൾക്ക് ലഭിച്ചിരുന്നത്. ചോറു വേണമെങ്കിൽ സുഖമില്ലെന്നതിന് ഡാക്ടറിൽനിന്നും ലങ്കർഖാനയിൽ കുറിപ്പുകൊടുക്കണം. ഈ രീതിയിലായിരുന്നു കഷ്ടപ്പെട്ടും അർദ്ധപട്ടിണിയിൽപെട്ടും ഞങ്ങൾ പഠനം നടത്തിയിരുന്നത്. ആ അവസ്ഥ ഇപ്പോഴത്തെ അവസ്ഥയുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഇന്നത്തെ മദ്രസ അഹ്മദിയ്യായിലെ വിദ്യാർത്ഥികൾ സ്വർഗ്ഗീയജീവിതമാണ് നയിക്കുന്നതെന്ന് പറയാം.

50 വർഷങ്ങൾക്കു മുമ്പുള്ള ദർവേശുമാരുടെ ജീവി

തവും വളരെ ദാരിദ്ര്യം നിറഞ്ഞതായിരുന്നു. എന്നാൽ ഇന്ന് അല്ലാഹു ഖാദിയാൻവാസികൾക്ക് എല്ലാവിധ സുഖസൗകര്യങ്ങളും നൽകി അനുഗ്രഹിച്ചിരിക്കുന്നു.

ലോകത്ത് വലിയ വലിയ പട്ടണങ്ങളുടേയും നഗരങ്ങളുടേയും പ്രശസ്തിക്കും പ്രസിദ്ധിക്കും പല കാരണങ്ങളുമുണ്ട്. ചിലത് വ്യാപാരകേന്ദ്രങ്ങൾ എന്ന നിലയിലും ചിലത് ചരിത്രപ്രാധാന്യം അർഹിക്കുന്ന നിലക്കും ചിലത് വൻകെട്ടിടങ്ങളും മണിമന്ദിരങ്ങളും പുരാതനവസ്തുക്കളും ഉള്ളതുകൊണ്ടും ചിലത് സുഖവാസകേന്ദ്രങ്ങൾ എന്ന നിലയിലും പ്രസിദ്ധിയാർജ്ജിച്ചവയായിട്ടുണ്ട്. എന്നാൽ ഖാദിയാൻ അതിന്റെ ആരംഭകാലഘട്ടങ്ങളിൽ കേൾപ്പോരും കേൾവിയുമില്ലാത്ത ഒരു കുഗ്രാമമായിരുന്നു. റെയിൽവേസ്റ്റേഷനും ടെലിഗ്രാഫ് ഓഫീസുമുണ്ടായിരുന്ന ബട്ടാലയിൽനിന്ന് 11 നാഴികയകലെ സ്ഥിതിചെയ്യുന്ന ഈ ഗ്രാമത്തിൽ ഒരുവിധ സൗകര്യവും ഉണ്ടായിരുന്നില്ല. വാഗ്ദത്ത മഹ്ദിയുടെ സഹാബിയായിരുന്ന ഹസ്റത്ത് മൗലാനാ അബ്ദുർറഹീം സാഹിബ് ദർദ് തന്റെ 'ഹസ്റത്ത് അഹ്മദ്' എന്ന ഗ്രന്ഥത്തിലെഴുതുന്നു. "ഖാദിയാൻ ഏറ്റവും ചെറിയൊരു ഗ്രാമമായിരുന്നു. അവിടുത്തെ ജനസംഖ്യ ആയിരത്തിൽ കുറവായിരുന്നു. പഴയകാലത്ത് ഈ ഗ്രാമത്തിൽ പ്രവേശിക്കുന്നതിന് നംഗ്ലീ, മോരി, പഹ്രവി, ബടാൽവി എന്നീ പേരുകളിൽ നാലു കവാടങ്ങൾ ഉണ്ടായിരുന്നു. മുഴുവൻ പ്രദേശവും വിജനമായിരുന്നു. വൈകുന്നേരം ആളുകൾ പുറത്തിറങ്ങി സഞ്ചരിക്കുവാൻ ഭയപ്പെട്ടിരുന്നു.

ഖാദിയാനിലെ ഒരു ഹൈന്ദവസഹോദരൻ മോഹൻലാൽ പറയുന്നു: മിർസാ സാഹിബിന്റെ ആഗമനത്തിനു മുമ്പ് ഖാദിയാന്റെ അവസ്ഥ വളരെ മോശമായിരുന്നു. അവിടെയുണ്ടായിരുന്ന ഒരേയൊരു പാൽക്കാരൻ ദിവസം മുഴുവനും വിറ്റപാൽ കഴിച്ചു ബാക്കി പിറ്റേന്ന് തൈരാക്കി വിൽക്കാറുണ്ടായിരുന്നു. എന്നിട്ടും മിച്ചം വരുന്ന തൈര്കൊണ്ട് തൈർവടയുണ്ടാക്കി വിറ്റിരുന്നു. ഇവിടെയുള്ള ജനങ്ങൾ ഒട്ടുമുക്കാലും നിരക്ഷരരായിരുന്നു. മിർസാ സാഹിബ് കാരണം, സ്ഥിതിഗതികളിൽ വമ്പിച്ച മാറ്റം വന്നു. ഇപ്പോൾ ഇവിടെ എല്ലാംതന്നെ ലഭ്യമാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ജനങ്ങൾ ഇവിടെ വന്നെത്തുന്നു. അഹ്മദികൾ കാരണം ഞങ്ങളുടെ അന്തസ്സ് വളരെയധികം ഉയർന്നിരിക്കുന്നു. ഇവിടെ ഒരു കാലത്ത് റോഡുകളോ വിദ്യുച്ഛക്തിയോ തീവണ്ടിയോ പോസ്റ്റാഫീസോ തുടങ്ങി യാതൊരു സൗകര്യങ്ങളും ഉണ്ടായിരുന്നില്ല. എന്നാൽ മിർസാ സാഹിബിന്റെ ആഗമനത്തോടുകൂടി ഈ കുഗ്രാമത്തിന്റെ യശസ്സും പ്രശസ്തിയും ലോകത്തങ്ങോളമിങ്ങോളം വ്യാപിക്കുകയുണ്ടായി."

ഹസ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് അരുൾചെയ്യുന്നു. "ഞാൻ വളരെ സാധുവും നിരാലംബനും പേരും പ്രശസ്തിയും ഇല്ലാത്തവനുമായിരുന്നു. ഖാദിയാൻ എവിടെയാണെന്നുപോലും ആർക്കും അറിവുണ്ടായിരുന്നില്ല. ജനങ്ങളുടെ ദൃഷ്ടി ഈ ഭാഗത്തേക്ക് അല്പമെങ്കിലുമുണ്ടായിരുന്നില്ല. എന്നെക്കുറിച്ചും ആർക്കും യാതൊരറിവും ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ എപ്രകാരമാണ് ജനങ്ങൾ ഇവിടെ വന്നുകൊണ്ടിരിക്കുന്നതെന്ന് നിങ്ങൾ കാണുന്നു. അതെ, ഒരു പ്രത്യേക ജനവിഭാഗത്തിന്റെ സങ്കേതമായിത്തീർന്നിരിക്കുകയാണ് ഖാദിയാൻ."

ഈ ഇരുപതാം നൂറ്റാണ്ടിൽ മറ്റു പട്ടണങ്ങളിലും നഗരങ്ങളിലും കാണപ്പെടുന്ന സുഖസൗകര്യങ്ങളും ഭൗതികമായ ആകർഷണങ്ങളും ടൂറിസ്റ്റു കേന്ദ്രങ്ങളും ഇല്ലാതിരുന്നിട്ടും ഖാദിയാനിൽ ലണ്ടൻ, ന്യൂയോർക്ക്, പാരീസ് മുതലായ പാശ്ചാത്യനാടുകളിൽനിന്നും മറ്റു ഏഷ്യൻ ആഫ്രിക്കൻ നാടുകളിൽനിന്നും തികച്ചും ബഹുമാനാദരങ്ങളോടെ ആയിരക്കണക്കിലുള്ള അഹ്മദികൾ സന്ദർശനത്തിനായെത്തുകയും ആത്മീയനിർവൃതി അടയുകയും ചെയ്യുന്നു. അതിനുള്ള കാരണം, ഇന്ന് ലോകത്ത് മറ്റെവിടെയും കാണുവാൻ സാധിക്കാത്ത ആത്മീയമായ ആകർഷണശക്തിയാണ്. ഈ പുണ്യനഗരിയിൽ വന്നാൽ മനസ്സിനും ഹൃദയത്തിനും ആത്മസംതൃപ്തിയും അവാച്യമായ ആനന്ദാനുഭൂതിയും ആത്മീയനിർവൃതിയും ലഭ്യമാകുന്നു. പാശ്ചാത്യപൗരസ്ത്യ ഭേദമന്യെ, കറുത്തവരെന്നും വെളുത്തവരെന്നും ഉള്ള വ്യത്യാസമില്ലാതെ ഇവിടെ ആഗതരാകുന്നവർ ആത്മാർത്ഥ സ്നേഹത്തിന്റെ ചരടിൽ കോർത്തിണക്കപ്പെടുന്നു.

ഹസ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ ജന്മസ്ഥലവും അദ്ദേഹത്തിന്റെ അവസാനത്തെ വിശ്രമഗേഹവും ആയ ഖാദിയാൻ ഇന്ന് ആയിരക്കണക്കിൽ വിശ്വാസികളുടെ പ്രതീക്ഷാഗേഹമായി പരിലസിക്കുന്നു.

ഞാൻ പഠിച്ചിരുന്ന കാലത്ത്, ഹസ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ സ്വഹാബാക്കളായിരുന്ന ഹസ്റത്ത് മൗലാനാ അബ്ദുൽ റഹ്മാൻ സാഹിബ് (അമീർ, ജമാഅത്ത്, ഖാദിയാൻ) ഹസ്റത്ത് ഭായി അബ്ദുർറഹ്മാൻ സാഹിബ് ഖാദിയാനി എന്നീ മഹാത്മാക്കളുടെ സാന്നിദ്ധ്യം ഖാദിയാന്റെ സവിശേഷതയായിരുന്നു. അന്ന് ഹസ്റത്ത് സാഹിബ്സാദാ മിർസാ വസീം അഹ്മദ് സാഹിബ് (നാസിർ ദഅ്വത്തൊ തബ്ലീഗ്) നിറഞ്ഞ യൗവ്വനദശയിലായിരുന്നു. ഇന്ന് ഖാദിയാനിൽ പേരെടുത്തുപറയാവുന്ന വ്യക്തിത്വം അദ്ദേഹത്തിന്റേതു മാത്രമാണ്. അല്ലാഹു അദ്ദേഹത്തിന് ദീർഘായുസ്സും പൂർണ്ണാരോഗ്യവും നല്കി അനുഗ്രഹിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഹസ്റത്ത് ഭായി അബ്ദുർറഹ്മാൻ സാഹിബ് ഖാദിയാൻ ഖാദിയാന്റെ ഇടുങ്ങിയ ഗല്ലിയിൽ നടക്കവെ ഹസ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ ഒരു പാർസി കവിത ഭക്ത്യാദരപൂർവ്വം ഉരുവിട്ടുകൊണ്ടിരുന്നത് ഇന്നും കാതുകളിൽ മഹാമന്ത്രമായി പതിയുന്നു. ആ

ഈരടികളിതായിരുന്നു.

"ഇംറോസ് ഖൗമെ മൻ ശനാസദ് മഖാമെ മൻ

റോസെ ബഗിർയാ യാദ് കുനദ് വഖ്തെഖുശ്ത്തറം"

"ഇന്ന് എന്റെ സമുദായം എന്നെ തിരിച്ചറിഞ്ഞിട്ടില്ല. എന്നാൽ ഒരുനാൾ വരാനിരിക്കുന്നു. അന്ന് ജനങ്ങൾ കണ്ണീർവാർത്തുകൊണ്ട് എന്നെ അനുസ്മരിക്കുന്നതായിരിക്കും."

അതെ– ഈ ദൃശ്യം നമുക്കിന്ന് ഖാദിയാനിൽ പ്രത്യക്ഷമായി കാണുവാൻ സാധിക്കുന്നു.

അഹ്മദിയ്യാ ജമാഅത്തിന് അതിന്റെ ചരിത്രത്തിൽ നിരവധി പരീക്ഷണഘട്ടങ്ങളെ തരണം ചെയ്യേണ്ടതായി വന്നിട്ടുണ്ട്. 1947–ലെ ഭീതിജന്യമായ ഇന്ത്യാ പാക്കിസ്ഥാൻ വിഭജനാവസരത്തിൽ ഖാദിയാനിലെ നിവാസികൾക്ക് അതിദുസ്സഹമായ പരീക്ഷണഘട്ടങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. ഖാദിയാനിലെ ഭൂരിപക്ഷം അഹ്മദികളും ഹിജ്റത്ത് ചെയ്തു പാക്കിസ്ഥാനിലേക്ക് പ്രയാണം ചെയ്തു. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനിയും 31.8.1947–ൽ പാക്കിസ്ഥാനിലേക്ക് ഹിജ്റത്ത് ചെയ്തു. ഖാദിയാന്റെ കാവൽക്കാരായി ഹസ്റത്ത് ഖലീഫാതിരുമനസ്സ് 313 ദർവേശുമാരെ നിശ്ചയിച്ചു. നിരായുധരായ സാധാരണക്കാരായിരുന്നു അവർ. അവരുടെ ഏക അവലംബം അല്ലാഹുവിലുള്ള ദൃഢവും അചഞ്ചലവുമായ വിശ്വാസവും ദുആയും മാത്രമായിരുന്നു. 'ഹിഫാസത്തെ മർക്കസി'ന്നായി തങ്ങളെ അർപ്പണം ചെയ്തവരിൽ കണ്ണൂർ നിവാസികളായ മർഹൂം ജ:പി.സൈനുൽ ആബിദീൻ സാഹിബും ജ:പി. മുഹമ്മദ് സാഹിബും ഉൾപ്പെട്ടിരുന്നതിവിടെ പ്രസ്താവ്യമാണ്. അല്ലാഹുവിന്റെ മലക്കുകളായിരുന്നു പല സന്ദർഭങ്ങളിലും അവരെ സഹായിച്ചിരുന്നതെന്ന് പല അത്ഭുതസംഭവങ്ങളും വിളിച്ചോതുന്നു.

വിഭജനത്തിന് അല്പകാലത്തിനുശേഷം ഖാദിയാനിൽ വീണ്ടും ജീവിതം പുഷ്പിച്ചു തളിർത്തുവന്നു സാധാരണനിലയിലെത്തിച്ചേർന്നു.

ഖാദിയാനിലെ പല പുണ്യസ്ഥലങ്ങളിലുംവെച്ച് ചെയ്യപ്പെടുന്ന പ്രാർത്ഥനകൾക്ക് അതിന്റേതായ പ്രത്യേകമായ ഒരാത്മനിർവൃതിയുണ്ട്. ആ അവാച്യമായ ആനന്ദം അനുഭവിച്ചറിയേണ്ടത് തന്നെയാണ്.

അത്തരം ചില പുണ്യസ്ഥലങ്ങളെ ഇവിടെ പരിചയപ്പെടുത്തുകയാണ്.

### മസ്ജിദ് മുബാറക്ക്

1883–ലാണ് മസ്ജിദ് മുബാറക്ക് നിർമ്മിക്കപ്പെട്ടത്. മസ്ജിദ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് പല ദിവ്യവെളിപാടുകളും ഉണ്ടായിരുന്നു. അതായത്

നാം നിനക്ക് എല്ലാ കാര്യങ്ങളും എളുപ്പമാക്കിത്തന്നില്ലേ? നിനക്ക് ബൈത്തുൽഫിക്റും ബൈത്തുദ്ദിക്റും തന്നു. ഈ മസ്ജിദിൽ നല്ല ഉദ്ദേശ്യത്തോടെ പ്രവേശിക്കുന്നവർക്ക് സമാധാനം ലഭിക്കുന്നതാണ്. ***ലാ റാദ്ദ ലിഫള്ലിഹി*** അവന്റെ അനുഗ്രഹത്തെ ആർക്കും തടുക്കാൻ സാധ്യമല്ല.

മസ്ജിദ് മുബാറക് അക്ഷരാർത്ഥത്തിൽ സമാധാനഗേഹമാണ്. അതിൽ പ്രവേശിക്കുമ്പോൾതന്നെ മനസ്സ് ശാന്തമാകുന്നു. അവിടെവെച്ച് ചെയ്യപ്പെടുന്ന ഓരോ അനുഷ്ഠാനവും അനുഗ്രഹപൂർണ്ണമാണ്.

മസ്ജിദുമുബാറക്ക് രണ്ട് പ്രാവശ്യമായി വിപുലീകരിക്കപ്പെടുകയുണ്ടായി. ഇന്നത്തെ മസ്ജിദിന്റെ വിപുലീകരിക്കപ്പെട്ട രൂപം 1944–ൽ ഉള്ളതാണ്.

### ചുകപ്പുതുള്ളി സംഭവം നടന്ന മുറി

മസ്ജിദുമുബാറക്കിനകത്ത് വടക്കുകിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന മുറിയിലാണ് ആ സംഭവം നടന്നത്. അതിന്റെ സംക്ഷിപ്തം ഇപ്രകാരമാണ്.

1885 ജൂലായ് 10–ാം തിയ്യതി റമളാൻ മാസം 27–ാം തിയ്യതി വെള്ളിയാഴ്ച പ്രഭാതനമസ്ക്കാരാനന്തരം ഹസ്റത്ത് മസീഹ് മൗഊദ്(അ) ആ മുറിയിൽ വിശ്രമിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പ്രയിശിഷ്യനായ ഹസ്റത്ത് അബ്ദുല്ലാഹ് സാഹിബ് സന്നോരി(റ) ഹുസൂറിന്റെ തൊട്ടടുത്ത് ഇരിക്കുകയായിരുന്നു. ആ അവസരത്തിൽ ഹുസൂറിന്റെ ശരീരമാകെ പെട്ടെന്ന് വിറകൊള്ളുന്നതായി അദ്ദേഹം കണ്ടു. ഹസ്റത്ത് അഹ്മദ്(അ) തന്റെ ശിഷ്യനെ നോക്കി. ഹുസൂറിന്റെ നേത്രങ്ങൾ സജ്ജലങ്ങളായിരുന്നു. അല്പം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഞെരിയാണിക്കുമേൽ ഒരു ചുവന്ന ദ്രവപദാർത്ഥം പതിഞ്ഞതായി ശിഷ്യൻ കണ്ടു. ഹുസൂറിന്റെ കുപ്പായത്തിലും വലിയൊരു ചുവന്നതുള്ളി പതിഞ്ഞതായി അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപെട്ടു. സന്നൗരി സാഹിബ് ഉടനെ എഴുന്നേറ്റ് ചുറ്റുപാടും നോക്കി. യാതൊന്നും കാണുകയുണ്ടായില്ല. പിന്നീടദ്ദേഹം ഹുസൂർ തിരുമനസ്സിനോട് പ്രസ്തുത ചുകപ്പ് തുള്ളികളെക്കുറിച്ച് ചോദിച്ചു. അപ്പോൾ അദ്ദേഹം താൻ കണ്ട ദിവ്യദർശനത്തെക്കുറിച്ച് പറഞ്ഞു.

"ജാഗ്രതാവസ്ഥയിൽ കണ്ട ദിവ്യദർശനത്തിൽ ഞാൻ ഒരു മനോഹരഹർമ്മ്യം കണ്ടു. അതിൽ ഉയർന്ന ഒരു പീഠത്തിൽ ഒരു മഹദ്രൂപം ഉപവിഷ്ഠനായിരുന്നു. അത് ദൈവം തന്നെയായിരുന്നു. ആ ദൈവിക കൊട്ടാരത്തിലെ എളിയ ഒരുദ്യോഗസ്ഥനാണ് ഈയുള്ളവനെന്ന് എനിക്ക് തോന്നി. ഞാൻ ഏതാനും വിധികൾ എഴുതി തയ്യാറാക്കിയിരുന്നു. സർവ്വശക്തന്റെ തിരുമുന്നിൽ അവ ഒപ്പിടുവിക്കുന്നതിനുവേണ്ടി സമർപ്പിക്കുകയായിരുന്നു. പിതൃബദ്ധമായ പരമവാത്സല്യത്തോടുകൂടി എന്നോട് തൊട്ടടുത്ത് ഉപവിഷ്ഠനായിരിക്കുവാൻ സർവ്വശക്തൻ ആജ്ഞാപിച്ചു. പിന്നീട് ചുവന്നൊരു മഷിപ്പാത്രത്തിൽ ദൈവം തന്റെ പേന മുക്കി അല്പം കുടഞ്ഞശേഷം ആ കടലാസ്സുകളിൽ ഒപ്പുവെച്ചു. നിങ്ങളിപ്പോൾ കണ്ട ചുവന്നതുള്ളികൾ ദൈവം പേന കുടഞ്ഞപ്പോൾ അതിൽനിന്നു തെറിച്ച

തത്രെ. (*ഹസ്റത്ത് അഹ്മദ് വാല്യം-1, പേജ്-131,132*)

ഈ അത്ഭുതദർശനത്തെക്കുറിച്ച് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി ഇപ്രകാരം അരുൾചെയ്യുന്നു.

ദൈവത്തിന് ഒരു രൂപമുണ്ടെന്നോ അവൻ ഒപ്പിടാറുണ്ടെന്നോ പേനയും മഷിയും ഉപയോഗിക്കാറുണ്ടെന്നോ വാഗ്ദത്ത മസീഹിന്റെ കുപ്പായത്തിൽ ഉറ്റി വീണ ചുകന്നതുള്ളികൾ ദൈവം ആയവസരത്തിൽ ഉപയോഗിച്ച മഷിയുടെ തുള്ളികൾ തന്നെയാണെന്നോ ഞങ്ങൾ വിശ്വസിക്കുന്നില്ല. നേരെമറിച്ച്, അല്ലാഹുവിന് രൂപമോ സാദൃശ്യമോ ഇല്ലെന്നും മനുഷ്യരൂപമോ മറ്റെന്തെങ്കിലും രൂപമോ സ്വീകരിക്കുന്നതിൽനിന്നും അവൻ അതീതനാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. വാഗ്ദത്ത മസീഹ് കണ്ടത് ഒരു ദിവ്യദർശനം മാത്രമായിരുന്നു. അല്ലാഹുവിനോട് അദ്ദേഹത്തിനുണ്ടായിരുന്ന ബന്ധത്തിന്റെ പ്രതീകാത്മകമായ ആവിഷ്ക്കാരം മാത്രമായിരുന്നു ആ ദിവ്യസംഭവം. അല്ലാഹു ഒപ്പിട്ടു എന്നതിന്റെ അർത്ഥം അല്ലാഹു അദ്ദേഹത്തിന്റെ ഉദ്ദേശ്യങ്ങളും അഭിലാഷങ്ങളും പൂർത്തിയാക്കുമെന്നാണ്. (*അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാം*)

'തദ്കിറത്തുൽ അവ്ലിയാ' എന്ന ഗ്രന്ഥത്തിൽ പല ഔലിയാക്കളും തങ്ങൾ കണ്ട ദർശനങ്ങൾ പ്രത്യക്ഷത്തിൽ പ്രതീകാത്മകമായിക്കണ്ടതായി സാക്ഷ്യം പറയുന്നു. ചുരുക്കത്തിൽ ആ അത്ഭുതപ്രതിഭാസം നടന്ന മുറി മസ്ജിദുമുബാറക്കിന്റെ വടക്കുകിഴക്കു ഭാഗത്ത് ഇന്നും സ്ഥിതിചെയ്യുന്നു.

### ബൈത്തുദ്ദുആ

മസ്ജിദ് മുബാറക്കിന് വടക്കുഭാഗത്ത് ഹസ്റത്ത് അഹ്മദ്(അ) ഏകാന്തമായ അവസ്ഥയിൽ തന്റെ യജമാനനെ വണങ്ങുവാൻ ഒരു പ്രത്യേകമുറി 1903-ൽ പണിയുകയും അതിന് 'ബൈത്തുദ്ദുആ' എന്ന് നാമകരണം ചെയ്യുകയുമുണ്ടായി. ജൽസാസാലാനയുടെ ദിവസങ്ങളിൽ രാത്രി മുഴുവനും ഇവിടെ ജനത്തിരക്കാണ്. ഇതിനകത്ത് വെച്ച് ദുആ ചെയ്യുകയും നമസ്കരിക്കുകയും ചെയ്യുക എന്നത് ഒരനുഭവവും ആനന്ദാനുഭൂതിയുമാണ്. തങ്ങൾക്ക് നമസ്ക്കാരത്തിൽ കണ്ണീർ വരുന്നില്ല എന്ന് ചിലർ പറയാറുണ്ട്. എന്നാൽ ബൈത്തുദ്ദുആയിൽ വെച്ചുള്ള നമസ്ക്കാരം കണ്ണീർ വരാതെ പൂർണ്ണമാകുന്നില്ല. ദുആയിലും സുജൂദിലും സ്വാഭാവികമായിത്തന്നെ കണ്ണീർ വന്നുപോകുന്നു. പൊതുവിൽ മനുഷ്യന് പരിഭ്രമവും വേദനയും ദുഃഖവും ഉണ്ടാകുമ്പോഴാണ് കണ്ണുകൾ നിറയുന്നത്. എന്നാൽ ബൈത്തുദ്ദുആയിൽവെച്ച് നമസ്കരിക്കുകയും ദുആ ചെയ്യുകയും ചെയ്താൽ ഒരു പ്രത്യേകമായ മനഃസമാധാനം സംജാതമാകുന്നു.

### മസ്ജിദ് അഖ്സാ

ഈ മസ്ജിദ് ഹസ്റത്ത് അഹ്മദി(അ)ന്റെ വന്ദ്യപിതാവ് ഹസ്റത്ത് മിർസാ ഗുലാം മുർതസാ സാഹിബ് നിർമ്മിച്ചതാണ്. 1876 ജൂൺമാസത്തിലാണിതിന്റെ നിർമ്മാണം പൂർത്തിയായത്. ഈ മസ്ജിദിന്റെ അങ്കണത്തിലാണ് മിനാരത്തുൽ മസീഹും ഹസ്റത്ത് മിർസാ ഗുലം മുർതസാ സാഹിബിന്റെ ഖബറും സ്ഥിതി ചെയ്യുന്നത്. 1900 ഏപ്രിൽ പതിനൊന്നാം തിയ്യതിയത്തെ ഖുത്വുബ ഇൽഹാമിയയും ഈ മസ്ജിദിൽ വെച്ചായിരുന്നു നടന്നിരുന്നത്. ഹസ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് സന്നിഹിതനായിരുന്ന അവസാനത്തെ ജൽസാസാലന 1907-ൽ ഇവിടെവെച്ച് നടന്നു.

### മനാരത്തുൽ മസീഹ്

മസ്ജിദ് അഖ്സയുടെ അങ്കണത്തിൽ ഹസ്റത്ത് അഹ്മദ്(അ) 1903 മാർച്ച് 13-ാം തിയ്യതി മനാരത്തുൽ മസീഹിന്നായുള്ള ശിലാസ്ഥാപനകർമ്മം നിർവഹിച്ചു. ജോലി ആരംഭിച്ചുവെങ്കിലും സാമ്പത്തികവിഷമം കാരണം പണി പൂർത്തിയാക്കുവാൻ സാധിച്ചിരുന്നില്ല. ഹുസൂർ തിരുമനസ്സിന്റെ വിയോഗത്തിന് ആറു വർഷങ്ങൾക്കുശേഷം 1914 നവംബർ 27-ാം തിയ്യതി ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) മിനാരത്തിന്റെ ജോലി തുടരുകയും 1916-ൽ പൂർത്തിയാക്കുകയും ചെയ്തു. 105 അടി ഉയരവും മൂന്ന് മൻസിലുകളുമുള്ള ഈ മനാരത്തിന് 92 പടികളാണുള്ളത്. 1931-ൽ ഇതിന്റെ മുകളിൽ ഒരു ക്ലോക്ക് ടവർ സ്ഥാപിച്ചു. 1935-ൽ മുകളിൽ വിദ്യുച്ഛക്തി വിളക്കുകൾ ഘടിപ്പിച്ചു. 1980-81-ൽ മനാരത്തിനു ചുറ്റും വെണ്ണക്കല്ലുകൾ പതിപ്പിക്കുകയുണ്ടായി. ഇതിന്നുവന്ന ചെലവ് 8,02,135 രൂപയായിരുന്നു.

### ബഹശ്ത്തീ മഖ്ബറ

ഹസ്റത്ത് അഹ്മദ്(അ)ന്റെ സഹാബി ഹസ്റത്ത് മൗലാനാ അബ്ദുൽകരീം സാഹിബ്(റ) 11.10.1905-ൽ വഫാത്തായി. അതിനുശേഷം ഹസ്റത്ത് മഹ്ദീ മസീഹിന് അദ്ദേഹത്തിന്റെ വിയോഗം അടുത്തിരിക്കുന്നു എന്ന് സൂചിപ്പിക്കുന്ന ധാരാളം ദിവ്യവെളിപാടുകൾ ആവർത്തിച്ചുണ്ടായിക്കൊണ്ടിരുന്നു. 1905 ഒക്ടോബർ 18-ാം തിയ്യതി അദ്ദേഹം ഒരു ദർശനത്തിൽ തനിക്ക് സ്ഫടികസമാനമായ ശുദ്ധജലം രണ്ട് മൂന്നിറക്ക് നൽകപ്പെട്ടതായിക്കണ്ടു. അതോടൊപ്പം '***ആബെ സിന്ദഗീ***' 'ജീവിതജലം' എന്ന ഇൽഹാം ഉണ്ടായി. അതായത് ഇത് നിന്റെ അവശേഷിച്ച ജീവിതമാണ്. അതിനുശേഷം ***ഖല്ലമീ ആദു റബ്ബിക്ക*** നിന്നെക്കുറിച്ചുള്ള നിന്റെ നാഥന്റെ കാലാവധി വളരെ കുറച്ചു മാത്രമെയുള്ളൂ. ഇതുപോലുള്ള പല ദിവ്യവെളിപാടുകളും അദ്ദേഹത്തിനുണ്ടായിക്കൊണ്ടിരുന്നു. ഇതിൽനിന്നും അദ്ദേഹത്തിന്റെ വിയോഗം വളരെ അടുത്തു എന്ന് മനസ്സിലാക്കാൻ സാധിച്ചു. തുടർന്ന് ഹസ്റത്ത് അഹ്മദ്(അ) 'അൽവസിയ്യത്ത്' എന്ന പേരിൽ ഒരു സന്ദേശം എഴുതുകയും പ്രസ്തുത ദിവ്യവെളിപാടുകൾ അതിൽ രേഖപ്പെടുത്തുകയും അതോടൊപ്പം തന്റെ അദ്ധ്യാപനങ്ങളുടെ സംക്ഷിപ്തം വെളിപ്പെടുത്തുക

യുമുണ്ടായി. എന്നുമാത്രമല്ല, തന്റെ വിയോഗാനന്തരം ഉണ്ടാകാനിരിക്കുന്ന അല്ലാഹുവിന്റെ രണ്ടാം ശക്തിപ്രഭാവമായ ഖിലാഫത്തിനെക്കുറിച്ചുള്ള സുവിശേഷവും നൽകി.

ഹസ്റത്ത് അഹ്മദ്(അ) പ്രസ്തുത കൃതിയിൽ ദൈവകല്പന പ്രകാരം ജമാഅത്തിലെ സാത്വികരും ഭക്തരുമായ ആളുകൾക്കായി സ്ഥാപിക്കാനിരിക്കുന്ന ബഹശ്ത്തിമഖ്ബറ എന്ന ശ്മശാനത്തെക്കുറിച്ച് വിശദീകരിക്കുകയുണ്ടായി. അങ്ങനെ ഖാദിയാന്റെ തെക്കു ഭാഗത്ത് തന്റെ തോട്ടത്തിന്നടുത്ത് സ്ഥിതിചെയ്യുന്ന വിശാലമായ ഒരു സ്ഥലം അദ്ദേഹം ശ്മശാനമാക്കുകയും അതിന് ബഹശ്ത്തിമഖ്ബറ എന്ന് നാമകരണം ചെയ്യുകയുമുണ്ടായി. അദ്ദേഹം ദൈവികമായ ദിവ്യവെളിപാടുകളനുസരിച്ച് ഈ ശ്മശാനത്തിൽ മറവ് ചെയ്യപ്പെടുന്നവർക്കായി രണ്ട് നിബന്ധനകൾ വെക്കുകയുണ്ടായി. ഒന്ന്, ഈ ശ്മശാനത്തിൽ മറവ് ചെയ്യപ്പെടുന്ന ആൾ സാത്വികനും ദൈവഭക്തനും യഥാർത്ഥ സത്യവിശ്വാസിയും നിഷിദ്ധകാര്യങ്ങളിൽനിന്ന് വിട്ടുനില്ക്കുന്നവനും എല്ലാവിധത്തിലുള്ള ബിദ്അത്തുകളിൽനിന്നും ശിർക്കിൽനിന്നും പരിശുദ്ധനും ആയിരിക്കണം. രണ്ട്, ഇസ്ലാമിന്റെയും അഹ്മദിയ്യത്തിന്റെയും സേവനത്തിന്നായി തന്റെ വരുമാനത്തിൽനിന്നും സ്വത്തിൽനിന്നും കുറഞ്ഞപക്ഷം പത്തിൽ ഒരു ഭാഗമോ അധികപക്ഷം മൂന്നിൽ ഒരു ഭാഗമോ ത്യാഗം ചെയ്യുന്ന ആളുമായിരിക്കണം. ഇത് സംബന്ധിച്ച് വസിയ്യത്ത് ചെയ്ത് ജമാഅത്തിന്റെ പേരിൽ എഴുതിക്കൊടുക്കേണ്ടതാണ്. എന്നാൽ സ്വത്തൊന്നുമില്ലാത്ത ആൾ തന്റെ ജീവിതം ഇസ്ലാമിനുവേണ്ടി അർപ്പണം ചെയ്തയാളാണെന്ന് സ്ഥാപിതമാവുകയാണെങ്കിൽ അയാളും ഈ ശ്മശാനത്തിൽ മറയടക്കം ചെയ്യപ്പെടുന്നതാണ്.

ഹസ്റത്ത് അഹ്മദ്(അ) മറ്റൊരിടത്തിൽ അരുൾചെയ്യുന്നു. ഒരു ബഹശ്ത്തി മഖ്ബറ ഉണ്ടായിരിക്കുമെന്ന് അല്ലാഹു എനിക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്നു. അതായത് ഈ ശ്മശാനത്തിൽ അല്ലാഹുവിന്റെ അറിവിൽ സ്വർഗ്ഗസ്ഥരാകുന്നവർ മാത്രമേ അടക്കം ചെയ്യപ്പെടുകയുള്ളൂ. പിന്നീട് ഇപ്രകാരം ദിവ്യവെളിപാടുണ്ടായി. ***ഉൻസില കുല്ലു റഹ്മത്തിൻ*** എല്ലാവിധ റഹ്മത്തുകളും ഇതിൽ ഇറക്കപ്പെട്ടിരിക്കുന്നു. (*മൽഫൂസാത്ത്, വാള്യം 8, പേ:324*)

1908 മെയ് 26–ാം തിയ്യതി ഹസ്റത്ത് അഹ്മദ്(അ) വഫാത്തായി. പിറ്റേന്ന് ഇതേ ബഹശ്ത്തി മഖ്ബറയിൽ തന്നെ മറയടക്കം ചെയ്യപ്പെട്ടു. പിന്നീട് സൽക്കർമ്മങ്ങളിലും തഖ്വയിലും തങ്ങളുടെ ജീവിതം കഴിച്ചുകൂട്ടുകയും തങ്ങളുടെ വരുമാനത്തിൽനിന്നും സ്വത്തിൽനിന്നും കുറഞ്ഞപക്ഷം പത്തിലൊരു ഭാഗം ഇസ്ലാമിന്റെ പ്രചാരണത്തിനായി വഖ്ഫ് ചെയ്യുകയും ചെയ്ത നൂറുക്കണക്കിൽ സാത്വികരും ഭക്തരുമായ ആളുകൾ ഈ ശ്മശാനത്തിൽ മറയടക്കം ചെയ്യപ്പെട്ടുവന്നു. 1947–ലെ ഇന്ത്യാ–പാക്ക് വിഭജനവേളയിൽ പഞ്ചാബിൽ ഭയങ്കരമായ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. അതിന്റെ ഫലമായി പഞ്ചാബിലുള്ള ധാരാളം പള്ളികളും മക്ബറകളും നശിപ്പിക്കപ്പെട്ടു. എന്നാൽ അല്ലാഹു ഖാദിയാനിലെ ഇസ്ലാംമത പ്രചാരണകേന്ദ്രവും ബഹശ്ത്തിമഖ്ബറയും സുരക്ഷിതമാക്കി നിർത്തി. ഇന്നും അവിടെ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ആയിരക്കണക്കിലുള്ള ഭക്തജനങ്ങൾ സിയാറത്തിനായി വരികയും ഈ പുണ്യസ്ഥലത്ത് നിന്ന് അല്ലാഹുവിനോട് പ്രാർത്ഥിച്ച് ആത്മനിർവൃതി അടയുകയും ചെയ്യുന്നു.

ഞാൻ ഖാദിയാനിൽ പഠിച്ചിരുന്നപ്പോൾ കേരളത്തിൽനിന്നും അംഗുലീപരിമിതരായ അഹ്ദമികൾ മാത്രമെ ജൽസയിൽ പങ്കെടുക്കാൻ വന്നിരുന്നുള്ളൂ. അവരിൽത്തന്നെ അധികമായി വന്നിരുന്നവർ ഹസ്റത്ത് മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബും ജ:സിദ്ദീഖ് അമീർ അലി സാഹിബും ആയിരുന്നു. അവരുടെ ആഗമനം ഹൃദയത്തിന് അവാച്യമായ ആനന്ദം നൽകിയിരുന്നു. എന്നാൽ ഇപ്പോൾ ചില വർഷങ്ങളിലായി കേരളത്തിൽനിന്നും നൂറുക്കണക്കിലുള്ള സഹോദരീസഹോദരന്മാർ പങ്കെടുക്കുന്നത് ചാരിതാർത്ഥ്യജനകമാണ്. കഴിഞ്ഞ ചില വർഷങ്ങളിലായി ശരാശരി എഴുന്നൂറു പേരാണ് പങ്കെടുക്കുന്നത്.

ഈ പുണ്യനഗരം കാലക്രമേണ പുരോഗതി പ്രാപിക്കുമെന്ന് അല്ലാഹു ഹസ്റത്ത് അഹ്മദ്(അ)ന് സുവിശേഷം നൽകിയിരുന്നു. അദ്ദേഹം ഒരിക്കൽ തനിക്കുണ്ടായ ദിവ്യദർശനത്തിൽ ഖാദിയാൻ ബയാസ് നദി വരെ വ്യാപിച്ചതായി കാണുകയുണ്ടായി. 1882–ൽ അദ്ദേഹത്തിന് ***വസ്സിഅ് മകാനക്ക*** നീ നിന്റെ ഭവനം വിശാലമാക്കുക എന്ന ദിവ്യവെളിപാടുണ്ടായി. 1887–ൽ ഉണ്ടായ മറ്റൊരു ഇൽഹാമിൽ ***വസ്സിഅ് മക്കാനക്ക, യഅ്തൂന മിൻ കുല്ലിഫജ്ജിൻ അമീഖ്*** ജനങ്ങൾ ദൂരദൂര ദിക്കുകളിൽനിന്നും നിന്റെയടുക്കൽ വരുന്നതാണെന്ന സുവിശേഷവും നല്കുകയുണ്ടായി. 1903 ജൂലായ് മാസത്തിലും ഇതുപോലുള്ള ഇൽഹാമുകൾ ഉണ്ടായി.

പ്രസ്തുത പ്രവചനങ്ങളിൽനിന്നും വ്യക്തമാകുന്നത് ലക്ഷക്കണക്കിൽ ജനങ്ങൾ ഖാദിയാൻ സന്ദർശിക്കുന്ന സുദിനം വരാൻ പോകുന്നുവെന്നും ഖിലാഫത്തെ അഹ്മദിയ്യയുടെ ആസ്ഥാനം ഖാദിയാനിൽ വീണ്ടും സ്ഥാപിതമാകുന്നതാണെന്നും ആണ്. അതനുസരിച്ച് അനേകരെ ഉൾക്കൊള്ളാൻ കഴിയുമാറ് വളരെ വിശാലമായ ഒരു മാസ്റ്റർപ്ലാൻ ഖാദിയാന് വേണ്ടി തയ്യാറായി വരികയാണ്.

ആ സുദിനം കാണുവാനുള്ള തൗഫീഖ് അല്ലാഹു നമുക്ക് തന്നനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

●

# ഖാദിയാൻ ഒരനുഭവം

പ്രൊഫ. എം. മുഹമ്മദ്

**കാലഘട്ടത്തിന്റെ ആത്മീയാചാര്യൻ വെളിപാടുകളുടെ വിളി കേട്ട് തന്റെ പ്രാണനിൽ പ്രാണനായ സ്രഷ്ടാവിന്റെ അനുഗ്രഹചിഹ്നമായി പണികഴിപ്പിച്ചതത്രെ മിനാരത്തുൽ മസീഹ്. ഖാദിയാനിൽ എവിടെനിന്ന് നോക്കിയാലും കണ്ണിൽപ്പെടുന്ന ഈ മിനാരം അതിന്റെ നേരെ ചുവട്ടിലെത്തി നിന്നപ്പോൾ ഞാൻ കാണാതെ പോയി. ഏറ്റവും അടുത്ത സത്യങ്ങളെ നാം കാണാതെ പോവുന്നുവെന്ന വസ്തുതയിലേക്കാകാം ഈ അനുഭവം വിരൽചൂണ്ടിയത് !**

**വ**ണ്ടേ ഞാൻ ഒരു യാത്രാവിമുഖനാണ്. ജനിച്ച നാട്ടിൽ ഒട്ടിനില്ക്കുന്ന ഒരു പ്രകൃതക്കാരൻ. എന്നിട്ടും നടപ്പിൽവരുത്തിയ ചുരുക്കം ചില യാത്രകളിലൊന്നായിരുന്നു ഈ കഴിഞ്ഞ ഒക്ടോബർ ആദ്യവാരത്തിൽ സകുടുംബം ഖാദിയാനിലേക്ക് പോയത്. തീർത്ഥാടനങ്ങളെക്കുറിച്ച് ഇപ്പോഴും ഒട്ടേറെ സംശയങ്ങളുണ്ട്. സർവ്വവ്യാപിയായ സർവ്വാധിനാഥനെ ആരാധിക്കാൻ ഒരു പ്രത്യേക രാജ്യത്തേക്കോ പ്രദേശത്തേക്കോ പോകേണ്ടതുണ്ടോ? അവൻ ഇതാ എന്റെ ജീവനാഢിയേക്കാൾ അടുത്തല്ലേയിരിക്കുന്നത്. ഒരു പ്രത്യേക സ്ഥലത്ത് ചെന്ന് പ്രാർത്ഥിച്ചതുകൊണ്ട് പ്രത്യേക പുണ്യം നേടാനാവുമോ? ഇതൊക്കെ ചെയ്യുന്ന വ്യക്തി ആത്യന്തികമായ ഒരു മാനസികപരിവർത്തനത്തിന് വിധേയനാകുമോ? അതൊരു സവിശേഷാനുഭവമായി അയാളെ ആവേശിക്കുമോ? ഒടുവിലെ ചോദ്യത്തിന് ''അതെ'' എന്നുത്തരം നല്കാനാണ് എനിക്കിന്ന് കൗതുകം. ഖാദിയാൻ സന്ദർശനം അത്തരമൊരനുഭവമായി എന്നതുതന്നെ കാരണം. ഈ കാലത്തെ ദൈവനിയുക്തൻ ഹസ്റത്ത് അഹ്മദ്(അ)ലുള്ള വിശ്വാസമല്ലേ ഇതിന് കാരണം എന്ന് ചോദിച്ചാൽ "അതെ", എന്ന് തന്നെയാണുത്തരം. തീർച്ചയായും അതെ. ഒരു ദിവസം ഒരു തീവണ്ടി മാത്രം വന്നുംപോയും കൊണ്ടിരിക്കുന്ന ഖാദിയാനിൽ തീവണ്ടിയാപ്പീസ് ഉണ്ടായതെങ്ങനെ എന്ന ചോദ്യത്തിനുത്തരവും വിശ്വാസികൾ കാരണമെന്ന് മാത്രം.

മോട്ടോർ വാഹനങ്ങളുടെ ഇരമ്പലും മൈക്ക് പ്രചരണങ്ങളുടെ അസഹ്യതയും ഉത്സവപ്പറമ്പുകളിലെ ഘോരഅട്ടഹാസങ്ങളും രാഷ്ട്രീയകക്ഷികളുടെ നിലയ്ക്കാത്ത മുദ്രാവാക്യജാഥകളും കഴുത്തറപ്പൻ പോരാട്ടങ്ങളും നിറഞ്ഞുനില്ക്കുന്ന ഈ ലോകത്തിൽ നിന്നും രക്ഷതേടിപ്പോകാൻ ഇന്നീ ലോകത്ത്തന്നെ ഒരിടമുണ്ടോ? ഒരിടമുള്ളത് ഖാദിയാനാണ് എന്നെനിക്ക് തോന്നുന്നു. വിശുദ്ധഖുർആനിൽ സ്വർഗ്ഗത്തെക്കുറിച്ച് അവിടെ 'സമാധാനം' 'സമാധാനം' എന്ന അഭിവാദനമല്ലാതെ പാഴ്വാക്കൊന്നും കേൾക്കാനാവില്ലെന്ന് പറഞ്ഞത് ഖാദിയാനെക്കുറിച്ചും അന്വർത്ഥമാണ്. ആളുകളുടെ പൊട്ടിച്ചിരിയും അട്ടഹാസങ്ങളും കേൾക്കാനാവാത്ത ഒരു ഭൂതലം. "നിങ്ങൾ പരിചിതർക്കും അപരിചിതർക്കും സലാം പറയുക" എന്ന നബിവചനം പ്രകടമായിക്കണ്ട ഒരിടം. മുഖം കനപ്പിച്ച് നടക്കാത്ത ഒരു കൂട്ടം പുഞ്ചിരിതൂകുന്ന നല്ല മനുഷ്യർ. അവർ സന്ദർശകരെ ആശ്ലേഷിക്കുന്നു. അവർ സൃഷ്ടിക്കുന്ന സ്നേഹവലയം നമുക്കാശ്വാസം പകരുന്നു. അവർ പ്രാർത്ഥനാനിരതരത്രെ. അവിടെയുള്ള പ്രാർത്ഥനാലയങ്ങൾ പ്രൗഢഗംഭീരങ്ങളോ സുന്ദരകോമള ശില്പാത്ഭുതങ്ങളോ അല്ല. കാലഘട്ടങ്ങളുടെ സനാതന സത്യസന്ദേശം വഹിച്ച് നില്ക്കുന്ന ഈ പഴയ കെട്ടിടങ്ങൾക്കു ആത്മീയപ്രഭാവത്തിന്റെ തിളക്കമാണുള്ളത്. 'ആത്മീയാനുഭൂതി'യെന്ന പദത്തിന്റെ അർത്ഥചൈതന്യം അവിടങ്ങളിൽ അനുഭവവേദ്യമായി. നമുക്ക് പരിചയമുള്ള പള്ളികളിൽ ആളുകൾ പ്രാർത്ഥനാനിമഗ്നരാകുന്നത് നമസ്ക്കാരവേളകളിൽ മാത്രം. ഖാദിയാനിലെ പള്ളികളിൽ ആരാധ

നയ്ക്ക് വരുന്നവർ നിശ്ശബ്ദരായി, ധ്യാനനിരതരായി ഏറെ സമയം നമസ്ക്കാരത്തിനായി കാത്തിരിക്കുന്നു! നമ്മുടെ നാട്ടിൽ പള്ളിയിലും ആളുകൾ വാക്കുകൾകൊണ്ടും ആയുധങ്ങൾകൊണ്ടും ഏറ്റുമുട്ടുന്നു!

മസീഹ് മൗഊദ്(അ) ഉള്ളുരുകി പ്രാർത്ഥനകളിൽ മുഴുകിയ ബൈതുദ്ദുആ ഹിറാഗുഹയെ അനുസ്മരിപ്പിക്കുന്ന നന്നെ ചെറിയൊരു മുറി. അവിടെ ഉപദേശങ്ങളും പ്രഭാഷണങ്ങളും കേൾക്കാതെ നമ്മുടെ മനസ്സ് ഏകാഗ്രത അറിയുന്നു– ശാന്തിപ്രാപിക്കുന്നു.

ഭൗതികനേട്ടങ്ങൾക്കും ലാഭങ്ങൾക്കുമായി ദൈവത്തോടർത്ഥിക്കാൻ അവിടെ നിങ്ങൾക്കാവുകയില്ല. അത് ത്യാഗത്തിന്റെ ഇടമാകുന്നു. കണ്ണുനീർ വാർക്കപ്പെടുന്ന, മനുഷ്യമനസ്സുകളുടെ രോദനം കേൾക്കാവുന്ന ഒരു കൊച്ചുമുറി. കണ്ണുനീർ വാർത്തുകൊണ്ടല്ലാതെ അവിടെ നിന്നിറങ്ങിപ്പോരാനും നമുക്കാവുകയില്ല. നമ്മുടെയെല്ലാം യുക്തിബോധത്തിനുമപ്പുറം നിലകൊള്ളുന്ന ചില അപൂർവ്വമാനങ്ങളും ജീവിതത്തിനുണ്ടെന്ന് നമ്മെ തെര്യപ്പെടുത്തുന്ന മറ്റൊരു ഇടുങ്ങിയ മുറിയാണ് മസീഹ് മൗഊദ്(അ)ന് ദിവ്യദർശനങ്ങൾ പദാർത്ഥരൂപം പ്രാപിച്ച ഇടം. അവിടങ്ങളിലൊക്കെ തങ്ങിനില്ക്കുന്ന ദിവ്യാനുഭൂതികൾ മാറ്റിപ്പണിയൽകൊണ്ടും മോടിപിടിപ്പിക്കൽകൊണ്ടും മാഞ്ഞുപോകാതിരിക്കാൻ ജമാഅത്ത് മനസ്സ് വെക്കുന്നുവെന്നത് ഏറെ ആശ്വാസകരം.

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ അഖില ഭാരതാദ്ധ്യക്ഷൻ, ഹസ്റത്ത് മിർസാ വസീം അഹ്മദ് സാഹിബ് ഈ പുരാതന കെട്ടിട സമുച്ചയങ്ങളിലൊന്നിൽ ആഡംബരരഹിതനായി താമസിക്കുന്നു. മതപ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും അധിപന്മാർ സുഖാഡംബരാർഭാടങ്ങളിൽ രമിക്കുന്ന ഈ കാലത്ത് ഹസ്റത്ത് വസീം അഹ്മദ് സാഹിബ് എന്ന മതാദ്ധ്യക്ഷൻ പഴയ കെട്ടിടങ്ങളുടെ ഒരു മൂല തന്റെ വസതിയായി തൃപ്തിപ്പെട്ടിരിക്കുന്നുവെന്നത് ഹൃദയസ്പർശിയത്രെ. അനുയായികൾ തനിക്ക് നല്കുന്ന വിശിഷ്ടഭോജ്യങ്ങളത്രയും അദ്ദേഹം സന്ദർശകർക്ക് നല്കി അവരെ ആദരിക്കുന്നു. മാതൃകായോഗ്യനായ ഒരാതിഥേയൻ കൂടിയാണ് ഹസ്റത്ത് മിയാൻ സാഹിബ്.

ശ്മശാനങ്ങൾ എവിടെയും എപ്പോഴും ദുഃഖചിഹ്നങ്ങളാണല്ലോ. ശ്മശാന സന്ദർശനം മനുഷ്യമനസ്സുകളിൽ എപ്പോഴും മ്ലാനത നിറക്കുന്നു. ഇതിനൊരപവാദമാണ് ഖാദിയാനിലെ വിശ്വാസികളുടെ ഖബറിടമായ 'ബിഹശ്തിമഖ്ബറ'. അതൊരു സ്വർഗ്ഗീയോദ്യാനം തന്നെ. സസ്യലതാദികളുടെ ഹരിതാഭയും പക്ഷികളുടെ കൂജനവും പ്രശാന്തസുന്ദരമായൊരന്തരീക്ഷമാണ് സൃഷ്ടിച്ചിരിക്കുന്നത്. ആ നിലവും പ്രാർത്ഥനകളാൽ ധന്യം. ത്യാഗമൂർത്തികളായ വിശ്വാസികൾ അന്ത്യവിശ്രമം കൊള്ളുന്നു ഇവിടെ. ഫലകങ്ങളിൽ കൊത്തിവെച്ച പേരുകളിലും ചുരുങ്ങിയ വിവരണങ്ങളിലും കേരളത്തിൽ നമ്മോടൊപ്പമുണ്ടായിരുന്ന ശ്രേഷ്ഠവ്യക്തികളുടെ ജീവിതക്കുറിപ്പുകളും കണ്ടു. വിശ്വാസത്തിന്റെ ഔന്നത്യം അവിടെ ദർശിച്ചു. ഇവിടെനിന്നും ഖാദിയാനിൽ എവിടെനിന്നും മിനാരത്തുൽ മസീഹ് എന്ന തലയെടുപ്പുള്ള വെളുത്തമിനാരം കാണാം. ബിഹശ്തിമഖ്ബറയിൽനിന്നും നോക്കുമ്പോൾ രണ്ടുവശത്തുമുള്ള വൃക്ഷശിഖിരങ്ങൾ താജ്മഹലിനെ ഓർമ്മിപ്പിക്കുന്നു. മിനാരത്തുൽ മസീഹ്' മറ്റൊരു ചെറുതാജ്മഹലല്ലല്ലോ. ഷാജഹാൻ തന്റെ പ്രേയസി നൂർജഹാനു (മുംതാസ്) വേണ്ടി പണിതതാണ് ആഗ്രയിലെ താജ്. ഖാദായിനിലേത് കാലഘട്ടത്തിന്റെ ആത്മീയാചാര്യൻ വെളിപാടുകളുടെ വിളികേട്ട് തന്റെ പ്രാണനിൽ പ്രാണനായ സ്രഷ്ടാവിന്റെ അനുഗ്രഹചിഹ്നമായി പണികഴിപ്പിച്ചതത്രെ. ഖാദിയാനിൽ എവിടെനിന്ന് നോക്കിയാലും കണ്ണിൽപ്പെടുന്ന ഈ മിനാരം അതിന്റെ നേരെ ചുവട്ടിലെത്തിനിന്നപ്പോൾ ഞാൻ കാണാതെപോയി. ഏറ്റവും അടുത്ത സത്യങ്ങളെ നാം കാണാതെ പോവുന്നുവെന്ന വസ്തുതയിലേക്കാകാം ഈ അനുഭവം വിരൽചൂണ്ടിയത്!

രാഷ്ട്രവിഭജനത്തിന്റെ നാളുകളിൽ ഈ പുണ്യകേന്ദ്രത്തിന്റെ സംരക്ഷണത്തിനായി ജീവൻ ബലിയർപ്പിക്കാൻ തയ്യാറായിനിന്ന ദർവേശുമാരുടെ നാടാണ് ഖാദിയാൻ. ആ ത്യാഗിവര്യരിൽ ഇന്ന് ജീവിച്ചിരിക്കുന്നവരുടെ എണ്ണം ഒന്നോ രണ്ടോ. അവരിലൊരാളായ അതാഉല്ലാഹ് സാഹിബിനെ കണ്ടു. സുബഹി നമസ്ക്കാരവേളക്കുശേഷം ഒരു വീൽചെയറിൽ ഒരു പയ്യൻ തള്ളിക്കൊണ്ടുവന്ന ആ വന്ദ്യവയോധികനെ ബിഹശ്തിമഖ്ബറയുടെ പശ്ചാത്തലത്തിലാണ് ആദ്യം കണ്ടത്. അദ്ദേഹം താമസിക്കുന്ന ലാളിത്യത്തിന്റെ പര്യായമായ കൊച്ചുമുറിയിൽവെച്ച് പിന്നീട് കണ്ടു. നമ്മുടെയെല്ലാം സിറ്റിങ്ങ്റൂമും, റെസ്റ്റിങ്ങ്റൂമും ആഡംബരവസ്തുക്കളെകൊണ്ടും ഫർണീച്ചർവകകൾകൊണ്ടും നിറഞ്ഞുനില്ക്കുന്നു. ഈ മുറിയിൽ അതാഉല്ലാഹ് സാഹിബ് ഒരു പഴയ ദ്രവിച്ച കട്ടിലിൽ മലർന്നു കിടക്കുന്നു– ചുണ്ടുകളിൽ 'ദിക്റെഇലാഹി'യുമായി. അടുത്തുള്ള ചെറിയ മേശമേൽ അദ്ദേഹം കഴിക്കുന്ന ഹോമിയോമരുന്നുകൾ. ഒരു തെർമോ ഫ്ളാസ്കും. ഋഷിതുല്യനായ ഈ മനുഷ്യനെ വീൽചെയറിൽ പ്രഭാതപ്രദക്ഷിണം നടത്തിക്കുന്ന ബാലൻ ഹസ്റത്ത്മിയാൻ സാഹിബിനാൽ ഈ ദാർവേശിന്റെ സേവനത്തിനായി നിയോഗിക്കപ്പെട്ടവനാണ്. ആ മുറിയിൽ ആകെ കണ്ട ഒരാ

ധുനികവസ്തു ഒരു ഫോട്ടോ ആൽബം മാത്രം. അതിൽ ജർമ്മനിയിൽ ജോലിയുമായി കുടുംബസഹിതം താമസിക്കുന്ന തന്റെ ഏകമകനോടൊപ്പമുള്ള വർണപടമുണ്ട്. അതുണ്ടാകാൻ കാരണം ഹസ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്റെ ജർമനി സന്ദർശനമാണ്. ഖലീഫയുടെ കൈ ഗ്രസിച്ചു നില്ക്കുന്നു അതാഉല്ലാഹ് സാഹിബ് ഫോട്ടോയിൽ. എന്തുകൊണ്ട് മകനോടൊപ്പം ജർമനിയിൽ താമസിച്ചുകൂടാ, ഒറ്റക്കിങ്ങനെ അവശനായി ഇവിടെ കഴിയുന്നതെന്തിന്? എന്ന എന്റെ ചോദ്യത്തിന് വിറയാർന്ന ശബ്ദത്തിൽ അദ്ദേഹം നല്കിയ ഉത്തരം "എന്റെ മരണം ഈ മണ്ണിലാവണം" എന്നതായിരുന്നു. വാർദ്ധക്യത്തിന്റെ എല്ലാ യാതനകളും കടിച്ചിറക്കിക്കൊണ്ട് തന്റെ റബ്ബിന്റെ സംരക്ഷണയിൽ ആശ്വാസംപൂണ്ട് കിടക്കുന്ന ഒരു മനുഷ്യൻ– അതാഉല്ലാഹ് സാഹിബ് എന്ന ദാർവേശ്. അദ്ദേഹത്തെ ആരും അറിയുന്നില്ല– ആ അസ്തിത്വത്തിനു ജന്മം നല്കിയവനല്ലാതെ. ആരോരുമറിയാത്ത, പേരും പ്രശസ്തിയും സ്ഥാനമാനങ്ങളും മോഹിക്കാത്ത ആളുകളുള്ള സ്ഥലമാണ് ഖാദിയാൻ. സദാ സേവനനിരതരായി തങ്ങളെ ഏല്പിച്ച ജോലികൾ അനുഷ്ഠിച്ച് കൊണ്ടിരിക്കുന്ന പ്രസന്നവദനരായ യുവാക്കളുണ്ടിവിടെ. യഥാർത്ഥ ഖാദിംകൾ. ഭാഷ തടസ്സമായി നിന്നത് കാരണം അവരുമായി ഏറെ സംവദിക്കാനെനിക്കായില്ല. ചിലർക്ക് ഇംഗ്ലീഷ് അറിയാമെങ്കിലും ഉറുദുവിൽ സംസാരിക്കാനാണിവർക്കിഷ്ടം. അമൃത്സർ സ്റ്റേഷനിൽ വന്നെത്തി ഞങ്ങളുടെ ലഗ്ഗേജ് കംപാർട്ട്മെന്റിൽ കയറ്റിത്തന്നേ അവർ പിരിഞ്ഞുപോയുള്ളൂ. ഈ യുവാക്കളിൽ പലരും ദീനിനുവേണ്ടി സർവ്വതും ത്യജിച്ച ദാർവേശുമാരുടെ മക്കളാണ്. അതും അവരുടെ സേവനതൃഷ്ണയ്ക്കു കാരണമാകാം.

ഖാദിയാനിൽകണ്ട രണ്ട് അതിഗംഭീര കെട്ടിടങ്ങൾ ഇന്ന് ജമാഅത്തിന്റേതല്ല. ഒന്ന്, ഇന്നത്തെ സിക്ക് നാഷനൽ കോളജാണ്. മറ്റൊന്ന് സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബിന്റെ കൊട്ടാരതുല്യമായ വീടും. ഇന്നത് റീജനൽ ഇലക്ട്രിസിറ്റി ഓഫീസ്. ഇന്നത്തെ സിക്ക് നാഷനൽ കോളജ് വിഭജനത്തിനു മുമ്പ് തഅലിമുൽ ഇസ്‌ലാം കോളജായിരുന്നു. ജമാഅത്തിന്റെ അഭിമാനസ്തംഭമായിരുന്ന വിദ്യാഭ്യാസ കേന്ദ്രം. എന്റെ ഭാര്യാപിതാവ് അവിടത്തെ ഒരു പൂർവ്വവിദ്യാർത്ഥിയായിരുന്നു. തന്റെ ഈ മാതൃവിദ്യാലയത്തെക്കുറിച്ച് എന്തൊരഭിമാനത്തോടെയും വാത്സല്യത്തോടെയുമായിരുന്നു അദ്ദേഹം സംസാരിച്ചിരുന്നത്! കോളജിന്റെ അതിവിശാലമായ അകത്തളങ്ങളെ അഭിമുഖീകരിച്ചപ്പോൾ ജീവനാർന്നുവന്ന ചിത്രവും അതുതന്നെയായിരുന്നു. എന്നാൽ ഇന്ന് കോളജ് കെട്ടിടത്തിലോ പരിസരങ്ങളിലെവിടെയെങ്കിലുമോ ഈ വിദ്യാലയത്തിന്റെ പൂർവ്വചരിത്രം ആലേഖിതമായി കണ്ടില്ല. ചരിത്രം അധികാരികളും പുതിയ ഉടമസ്ഥരും സൃഷ്ടിക്കുന്നതാണല്ലോ.

സഫറുല്ലാഹ്ഖാൻ സാഹിബ് ജനിച്ചത് അതിസമ്പന്നമായ ഒരു പുരാതനജന്മി തറവാട്ടിൽ. അതിന്റെ ഉത്തമനിദർശനമായി നിലകൊള്ളുന്ന ആ ഗംഭീരകെട്ടിടവും വിശാലമായ പറമ്പും വിഭജനത്തെതുടർന്ന് സർക്കാർ സ്വത്തായി മാറി. ഞായറാഴ്ച അവധിയായിരുന്നതിനാൽ കെട്ടിടം അടച്ചിട്ടിരിക്കുകയായിരുന്നു. എങ്കിലും വരാന്തകളിൽ നടന്നു നീങ്ങിയപ്പോൾ ഞങ്ങൾ ഓർത്തുപോയത് ഈ വീട്ടിൽ ജനിച്ചുവളർന്ന സഫറുല്ലാഹ്ഖാൻ എന്ന അതിപ്രശസ്തനായ ആ വ്യക്തി ജീവിതത്തിലുടനീളം പുലർത്തിപ്പോന്ന ലാളിത്യമായിരുന്നു. ലോകകോടതി ജഡ്ജിയായിരുന്നപ്പോഴും തന്റെ വസ്ത്രങ്ങൾ സ്വയം അലക്കുകയും അവയുടെ എണ്ണം മൂന്ന് ജോഡികളിൽ പരിമിതപ്പെടുത്തുകയും ചെയ്ത മഹാത്മാവ്. ദൈവനിയുക്തരായ പ്രവാചകന്മാരിൽ മാത്രമല്ല അവരുടെ യഥാർത്ഥ അനുയായികളിലും നമുക്ക് മാതൃകകളേറെ ഉണ്ടായിട്ടുണ്ട്.

ഖാദിയാനിൽ ചിലവിട്ട മൂന്ന് ദിനരാത്രങ്ങളിൽ ഞങ്ങളുടെ സുഖസൗകര്യങ്ങളന്വേഷിച്ചുകൊണ്ട് നിന്ന അബുൽബാസിത്ത് സാഹിബിന്റെ പെരുമാറ്റം അദ്ദേഹം ഞങ്ങൾക്കു നല്കിയ കാശ്മീർ ആപ്പിൾപോലെ മാധുര്യമൂറുന്നതായിരുന്നു. ഖാദിയാൻ പുണ്യഗേഹമാകുന്നതെന്തുകൊണ്ടെന്ന് നമുക്കു കാട്ടിത്തന്നതിൽ ജനാബ് അബ്ദുസ്സലാം മൗലവി സാഹിബിന്റെ (ഇപ്പോൾ കൂടാളിയിൽ മുബല്ലിഗ്) ക്ഷമാപൂർവ്വമായ വിവരണങ്ങൾ വലിയ പങ്കുവഹിച്ചു. അദ്ദേഹം തന്റെ സ്വതസിദ്ധമായ വിനയം കൈവിടാതെ മസീഹ് മൗഊദ്(അ) ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഈ ആത്മീയകേന്ദ്രത്തിന്റെ ജീവൽ സ്പന്ദനങ്ങൾ ഞങ്ങൾക്ക് പകർന്നുതന്നു. അല്ലാഹു തക്കതായ പ്രതിഫലം അദ്ദേഹത്തിന് നല്കുമാറാകട്ടെ.

കഴിക്കുന്ന ഭക്ഷണംപോലും 'ഫാസ്റ്റാ'ക്കി മാറ്റിയ ഒരു ജീവിതശൈലിയിൽനിന്നും വ്യത്യസ്തമായി മൃദുലവും സൗമ്യവുമായ മറ്റൊരു ചലനശൈലി കൂടി വേണമെങ്കിൽ ജീവിതത്തിൽ സാധ്യമാണെന്നുണർത്തുകയായിരുന്നു ഖാദിയാൻ. ദൈവസ്മരണയിൽ മനുഷ്യമനസ്സ് ആശ്വാസം കണ്ടെത്തുന്ന അനുഭവം അതുതന്നെയല്ലേ? ●

# ജൂതന്മാരെപ്പറ്റി സംക്ഷിപ്ത വിവരണം

ഡേവിഡ് ഗ്രെൻവെഗ്

**ഇംഗ്ലണ്ടിലെ ഷെഫീൽഡിലുള്ള ജൂതമത സംഘടനയുടെ പ്രസിഡണ്ടാണ് ഡേവിഡ് ഗ്രെൻവെഗ്. വിവിധ മതസംഘടനകളുടെ ഒരു സമ്മേളനത്തിൽ ചെയ്ത അദ്ദേഹത്തിന്റെ ഒരു പ്രസംഗമാണിത്. 2002 റിവ്യൂ ഓഫ് റിലിജ്യൻസ് മാസികയിൽനിന്ന്.**

**വിവർത്തകൻ: കെ.എ. സാലിഹ്**

ഞങ്ങൾ, ജൂതന്മാർ ലോകത്തിലെ അതിപ്രാചീനവംശജരാണ്. ഞങ്ങളുടെ ചരിത്രത്തിന് ഏതാണ്ട് നാലായിരം കൊല്ലത്തെ പഴക്കമുണ്ട്. ഞങ്ങളുടെ പത്രിയാർക്കീസുമാരായ അബ്രഹാം, ഐസക്ക്, ജേക്കബ്, അദ്ദേഹത്തിന്റെ ഭാര്യമാരായ സാറാ, റെബെക്ക, റെയ്ച്ചൽ, ലേഹ് എന്നിവരുടെയെല്ലാം പിൻമുറക്കാരാണ് ഞങ്ങൾ. ഒരു പ്രാചീനജനതയെന്ന നിലയിൽ ഞങ്ങൾ അഭിമാനം കൊള്ളുകയും ഞങ്ങളുടെ ചരിത്രത്തെക്കുറിച്ച് ശക്തമായ ധാരാണയുൾക്കൊള്ളുകയും ചെയ്യുന്നു.

ജൂതമതത്തിന്റെ അടിസ്ഥാനം ദൈവത്തിന്റെ ഏകത്വമാണ്. ഏകദൈവത്തിലുള്ള ഞങ്ങളുടെ വിശ്വാസം. പ്രാചീനകാലത്ത് ധാന്യവിളകളും, മഴ വർഷവും, രോഗങ്ങളും, കുട്ടികൾ ജനിക്കൽ, മരണം എന്നിവയുമെല്ലാം വ്യത്യസ്ത ദൈവങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതാണെന്ന ഞങ്ങളുടെ അയൽവാസികളുടെ വിശ്വാസത്തിൽനിന്നും ഞങ്ങൾ വേർതിരിക്കപ്പെട്ടിരിക്കയായിരുന്നു.

ദൈവം സർവ്വലോകങ്ങളുടേയും സർവ്വതിന്റേയും സൃഷ്ടികർത്താവാണ്. അവൻ സർവ്വശക്തനാണ്. സർവ്വജ്ഞനാണ്. എല്ലായിടത്തും ഏതുസമയത്തും പ്രത്യക്ഷനാണ്. ദൈവം പരിശുദ്ധനും, പൂർണ്ണമായും നന്മയുടയവനും, ദയാലുവും, നീതിമാനുമാണ്.

ഈ ഗുണങ്ങളെല്ലാം മനുഷ്യരിലും പ്രതിഫലിക്കണമെന്നും ദൈവം പ്രതീക്ഷിക്കുന്നു. സർവ്വശക്തൻ എന്ന നിലയിൽ ദൈവം ജനങ്ങളെ സ്വതന്ത്രമായി അഭിപ്രായം രൂപീകരിക്കാൻ സജ്ജമാക്കുന്നു. നന്മതിന്മകളുടെ വിവേചനത്തിന് അവരെ കരുത്തുറ്റവരാക്കുന്നു. ദൈവവും മനുഷ്യരുമായുള്ള ബന്ധം നേരിട്ടുള്ളതാണ്. അതിന് ആരും ഇടനിലക്കാരായിട്ടില്ല. മനുഷ്യൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു, ദൈവം എല്ലായ്പ്പോഴും പ്രാർത്ഥന കേൾക്കുന്നു.

ദൈവം മനുഷ്യസമുദായത്തിന്റെയാകെ ദൈവമാണ്. മനുഷ്യന് 'നോഹൈഡ്' (Nohide Laws) എന്ന നിയമസംഹിത അനുസരിച്ചുള്ള പെരുമാറ്റ സംഹിത നൽകപ്പെട്ടിട്ടുണ്ട്. അത് ധാർമ്മിക, സദാചാര ജീവിതത്തിന്റെ അടിസ്ഥാനരൂപം നൽകുന്നു. 'നോഹൈഡ്' എന്ന നിയമസംഹിത ഏഴ് തത്വങ്ങളടങ്ങിയതാണ്. അത് ബിംബാരാധന നിഷിദ്ധമാക്കുന്നു, ഏകദൈവത്തെ തള്ളിപ്പറയൽ നിരോധിക്കുന്നു, കൊല, മോഷണം, നിയമവിരുദ്ധ സ്ത്രീപുരുഷബന്ധം, മൃഗങ്ങളോട് ക്രൂരമായി പെരുമാറൽ എന്നിവ തടയുകയും, നീതിപാലിക്കുകയും അതുവഴി മനുഷ്യർ തമ്മിൽ സൗഹാർദ്ദപൂർവ്വം ജീവിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. ജൂതമത ചിന്താഗതിയനുസരിച്ച് പരിപൂർണ്ണജീവിതത്തിന്റെ അടിസ്ഥാനം ഇതൊക്കെയാണ്.

ജൂതന്മാരെ ചിലപ്പോൾ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനത എന്നു വിളിക്കപ്പെടുന്നു. ഇതിനർത്ഥം ദൈവം ജൂതചിന്താഗതിയിൽ പക്ഷപാതം കാട്ടുന്നുവെന്നല്ല. എല്ലാ മനുഷ്യരും ദൈവത്തെ ആരാധിക്കണമെന്നത് നോഹൈഡ് നിയമസംഹിതയുടെ കല്പനയാണ്. ജൂതന്മാർക്ക് 613 നിയമങ്ങൾ (Mitzovot) അനുസരിച്ചുകൊള്ളണമെന്ന കൂടുതൽ ഉത്തരവാദിത്തവുമുണ്ട്. ഇത് ദൈവവും ജൂതന്മാരുമായുള്ള ഒരു ഉടമ്പടിയുടെ രൂപമാണ്. ദൈവത്തിന്റെ നിയമസംഹിത പാലിക്കുക വഴി ലോകത്തിൽ ജൂതന്മാർ പരിശുദ്ധി നിലവിൽ വരുത്തുന്നു. അതുവഴി സർവ്വമനുഷ്യരും ദൈവത്തെ അറിയുമാറാകുന്നു.

ഈ 613 മിട്സവോട് എന്ന നിയമസംഹിതയിൽ 10 കല്പനകളും 7 നോഹൈഡ് നിയമങ്ങളും അടങ്ങിയിരിക്കുന്നു. അവയിലാകെക്കൂടി 248 സദുപദേശങ്ങളും 365 നിഷേധകല്പനകളും അടങ്ങിയിട്ടുണ്ട്. അതിൽ ആകെ എല്ലാത്തരം മതപരമായ നടപടികളും, ആരാധനാ നടപടികളും അടങ്ങിയിട്ടുണ്ട്. സബത്ത് ഉത്സവങ്ങളുടെ നിയമങ്ങൾ, വ്യക്തിപരവും, വ്യാവസായികവുമായ ബന്ധങ്ങൾ എന്നിവ ഉൾക്കൊള്ളുന്നു. വിചാരണകൾ, വിവാഹമോചന നടപടികൾ, ഭക്ഷണത്തെക്കുറിച്ചുള്ള നിയമങ്ങൾ എന്നിവയും അവയിൽ നിന്നൊഴിവല്ല. ഈ മിസ്വോട്ടു നിയമങ്ങൾ അനുസരിക്കുകവഴി, ജൂതന്മാർ അച്ചടക്കത്തോടെയുള്ള ഒരു ജീവിതത്തിനും സ്വഭാവരൂപീകരണത്തിനും വഴിയൊരുക്കുന്നു.

ജൂതന്മാർ മറ്റു ജനങ്ങളെ അവരുടെ മതത്തിലേക്ക് പരിവർത്തനം ചെയ്യാൻ പരിശ്രമിക്കുന്നില്ല. കാരണം അവരുടെ വിശ്വാസം ദൈവത്തിലേക്കെത്താൻ മറ്റനേകം പാതകൾ ഉണ്ടെന്നാണ്.

ജറുസലേമിലെ ക്ഷേത്രനിർമ്മാണത്തോടുകൂടി എല്ലാ ജനതയും ദൈവാരാധനക്കായി, മശീഹാ വരുന്നതോടെ ഒത്തുചേരുമെന്ന് ജൂതന്മാർ വിശ്വസിക്കുന്നു. എല്ലാ ജന

# ഹോമിയോപ്പതിയും ഉദരരോഗങ്ങളും

ടി.ടി.കെ. അഹ്മദ്, എടപ്പാൾ

**ഹോ**മിയോപ്പതിയിൽ ഉദരരോഗങ്ങളെ പല ഭാഗങ്ങളായാണ് പ്രതിപാദിക്കുന്നത്. ഉദാ: (Stomach-മേൽവയർ) (Abdomen-അടിവയർ) ഇവയുൾക്കൊള്ളുന്ന കരൾ, പ്ലീഹ, ഹെർണിയ എന്നിവയെ വേർതിരിച്ചും വിവരിക്കുന്നത് കാണാം. മേൽവയറിലാണ് നമ്മുടെ ഭക്ഷണങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളെ തീരുമാനിക്കുന്നത്. പലർക്കും പലതരം ഭക്ഷണങ്ങളോട് ഇഷ്ടമുള്ളതുപോലെ വേറെ ചിലർക്ക് അവയോടൊക്കെ വെറുപ്പും.

ഉദാ: ആൽക്കഹോളിനോട് താൽപര്യം തോന്നുന്നുവെങ്കിൽ, ARS-Aib, Asarum, Capsicum Crot.H, Lachesis, Nux Vom, Opium.Sulpher, Sulph Acid തുടങ്ങിയ നിരവധി മരുന്നുകളുണ്ട്. ഇവയിൽ Beerആണ് അധികം താൽപര്യമെങ്കിൽ, Acconite, Nux.vom, Sulpher. Brandy ആണെങ്കിൽ Nux.Vom, Opium, Sulph Acid. Whisky ആണെങ്കിൽ Lac, Caninum, Sulpher Wine ആണെങ്കിൽ Phos, Sulpher.

ഇനി കയ്പുള്ള വസ്തുക്കൾക്ക് താൽപര്യമുള്ളവർക്ക് Natmur ആണ് പ്രധാന മരുന്ന്. Butter- ന് ആഗ്രഹമുള്ളവർക്ക് Merc, Sol; തണുത്തവെള്ളമോ ഭക്ഷണമോ ആണെങ്കിൽ Phosphurus; മത്സ്യത്തിനോട് ആഗ്രഹം– Nat Mus; ഫ്രൂട്ടിനോട്– Phos Acid, Sulph Acid, Vera Alb; ജ്യൂസിനോട്– Phos Acid; കുട്ടികൾ സ്ലെറ്റ് പെൻസിൽ തിന്നുന്നതിന്– Nit. Acid, Calc.Carb, Alumina; ദ്രാവകംപോലുള്ള ഭക്ഷണങ്ങൾക്ക് മാത്രമെ ആഗ്രഹം ഉള്ളൂവെങ്കിൽ– Ang.Vera, Calcars, Ferrumet, Mercsol Staphy sagria, Sulpher; കോഫിയോട് ആഗ്രഹം– Angusta.vera, Alumina, Ars.Alb, China; പല സാധനങ്ങൾക്കും ആഗ്രഹമെങ്കിൽ Cina; അച്ചാറിനോട് Ant.c, Lachesis, Sulpher, Sulph iod; ഉപ്പുള്ള വസ്തുക്കളോട് താൽപര്യം– Arg.nit, Carb.veg, Lac.can, Nat.mur, Phos, Verat.Alb; പുളിയുള്ള വസ്തുക്കളോടാണെങ്കിൽ– Corralium.R, Hep.sulph, Verat.Alb പ്രധാന മരുന്നുകളാണ്. മധുരമുള്ള സാധനങ്ങളോട് – Arg.nit, China, Lycopodium, Sulpher;പുകയിലയോടാണെങ്കിൽ– Staphysagria, Tabacum; പുകവലിയോട്– Caladium, Glonoine; ചൂടുവെള്ളമോ, ചൂടുള്ള ആഹാരമോ താൽപര്യം അധികമുള്ളവർക്ക്– Ars.Alb, Lycopodium എന്നീ മരുന്നുകളും.

ഇനി വെറുപ്പുളവാക്കുന്ന ഭക്ഷണവസ്തുക്കളെക്കുറിച്ച് നോക്കാം. താഴെ കാണുന്ന വസ്തുക്കളെ വെറുക്കുന്നവർക്കുള്ള മരുന്നുകൾ.

ഏലക്കായ്– Nux vom;, ബ്രെഡ്– China, Natmur; ബട്ടർ– China, Pulsatila.

Coffee: Calc, Carb, Nux.vom, Coffea, Nat.mur; Cold drinks- Ferr.met, Hyos, Nux.vom; കൊഴുപ്പ് അധികമുള്ളതിനോട്– China. Petrolium, Ptel, puls; മത്സ്യം– Graphytis, Colchicum; ഉണക്കമത്സ്യത്തോട്– Phos; ഭക്ഷണത്തോട്– Ars alb, Ant.c, China, Cocculas, Colchicum, Ferrumet, Ipecac, Lilium tig. Nux.v;കുറച്ച് ഭക്ഷിച്ച് കഴിഞ്ഞാൽ ഭക്ഷണത്തോട് വെറുപ്പ്– Bryt.c, Cyclamen, Nux.v, Rheum, Sulph; ചൂടുള്ള ഭക്ഷണം– China, Merc.sol, Graph, Phos, Puls; ദാഹം അധികം വിശപ്പില്ല– Cocculas, Nat.mur, Nux.vom; ഭക്ഷണത്തിന്റെ വാസനപോലും വെറുപ്പ്– Cocculas, Colchicum, Ipecac; ഉള്ളി, വെള്ളുള്ളി– Sadadilla; ഇറച്ചി വെറുപ്പ്– Calc.c, Calc.s, Carb.s, China, Graph, Murac, Nux.v, Petr, Puls, Sep, Sil, Sulph; ഇറച്ചിയെക്കുറിച്ച് ആലോചിക്കുമ്പോൾതന്നെ വെറുപ്പ്– Graph; പാൽ വെറുപ്പ്– Lac.Deph, Nat.c, Sepia; മുലപ്പാൽ വെറുപ്പ്– Sileeia, Cina; ഉപ്പ് അധികമുള്ള ഭക്ഷണം വെറുപ്പ്– Corr.R, Graph, Nat-mur, Sepia; മധുരസാധനങ്ങളോട്– Graph; പുകവലിയോട് വെറുപ്പ്– Ignesia; എല്ലാ വസ്തുക്കളോടും വെറുപ്പ്– Pulsatila. ●

---

തയും പിന്നീട് സമാധാനത്തിലും സൗഹാർദ്ദത്തിലും ജീവിക്കുകയും എല്ലാവർക്കും ദൈവത്തെ കണ്ടെത്താൻ കഴിയുകയും ചെയ്യും എന്നാണ് ജൂതമതവിശ്വാസം.

മേൽവിവരിച്ച നിയമങ്ങൾ അക്ഷരംപ്രതി ലോകത്താകെയുള്ള യാഥാസ്ഥിതിക ജൂതസമുദായങ്ങൾ അനുസരിച്ചുവരുന്നു. ആധുനിക കാലത്ത് മറ്റു ജൂതപ്രസ്ഥാനങ്ങളും നിലവിൽവന്നു. അവർക്കാകട്ടെ ഈ മുഴുവൻ യാഥാസ്ഥിതിക നടപടികളും സ്വീകാര്യമല്ല. യാഥാസ്ഥിതിക ജൂതന്മാർ കൂടാതെ, ലിബറൽ (മിതവാദി), പരിഷ്ക്കരണവാദി, ഹിബ്രുബൈബിൾ അനുസരിച്ച് നടക്കുന്ന മസോർട്ടി ജൂതമതവിഭാഗം എന്നിങ്ങനെ വിവിധ ജൂതമത വിഭാഗങ്ങൾ വേറെയുമുണ്ട്.

ഷെഫീൽഡിൽ ഒരു യാഥാസ്ഥിതിക ജൂതസമുദായമുള്ളതിൽ 350 ഓളം മെമ്പർമാരുണ്ട്. 100 ഓളം അംഗങ്ങളുള്ള ഒരു പരിഷ്ക്കരണവാദി ജൂതമതവിഭാഗവുമുണ്ട്. ഇവയൊന്നിലുംപെടാത്ത കുറേ ജൂതന്മാർ വേറെയുമുണ്ട്. ●

# മൗലവി ഹക്കീം നൂറുദ്ദീൻ(റ)

## സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ

വിവ: കെ.വി. ഹസ്സൻകോയ

**1914** ജനുവരി ആദ്യത്തിൽ ഹസ്‌റത്ത് ഖലീഫത്തുൽ മസീഹിന്റെ ആരോഗ്യം മോശമായിത്തുടങ്ങി. അദ്ദേഹത്തിന് വാരിയെല്ലുകളിൽ വേദനയനുഭവപ്പെട്ടു. ഇടയ്ക്കിടെ ചെറിയ പനിയും ഉണ്ടായി. എന്നാൽ ദിനേനയുള്ള ഖുർആൻ ക്ലാസ്സ് നിർത്തിയില്ല. മസ്ജിദ് അഖ്സയുടെ പടവുകൾ കയറുന്നത് പ്രയാസകരമായിത്തോന്നിയതിനാൽ മദ്രസ്സ അഹ്മദിയ്യായുടെ വാരന്തയിൽവെച്ച് ക്ലാസ്സ് നടത്തി. എന്നാൽ മദ്രസ്സ അഹ്മദിയ്യയിലേക്കും തിരിച്ചു നടക്കാൻപോലും അദ്ദേഹത്തിന് പ്രയാസമായിരുന്നു. അദ്ദേഹത്തിന്റെ ശാരീരിക ദൗർബല്യം വർദ്ധിച്ചുവന്നു. തന്റെ വീട്ടിനടുത്തുള്ള മൂത്തമകന്റെ വീട്ടിൽ ഇരുന്നുകൊണ്ട് അദ്ദേഹം ഖുർആൻ പാഠങ്ങൾ നൽകി. ഖുർആൻ പാഠങ്ങൾ നല്കുന്നത് നിർത്തിവയ്ക്കണമെന്ന് ഡോക്ടർമാർ ഉപദേശിച്ചെങ്കിലും തനിക്ക് സംസാരിക്കാൻ കഴിയുന്നിടത്തോളം ദൈവവചനങ്ങൾ പറയുകയാണുണ്ടായത്.

ഹസ്‌റത്ത് ഖലീഫത്തുൽ മസീഹിന് ശ്വാസകോശ സംബന്ധമായ ക്ഷയരോഗം പിടിപെട്ടിരിക്കുകയാണെന്ന് ഫിബ്രവരി ആദ്യത്തിൽ സംശയമുണ്ടായി. ഡോക്ടർ മിർസാ യാക്കൂബ് ബേഗ് ലാഹോറിൽനിന്ന് വന്ന് ഡോക്ടർ ഖലീഫാ റാശിദുദ്ദീനുമായി യോജിച്ചുകൊണ്ട് ബഹുമാന്യനായ രോഗിയെ ചികിത്സിക്കുന്നതിൽ വ്യാപൃതനായി. മൗലവി നൂറുദ്ദീൻ കൂടുതലായി ക്ഷീണിച്ചു. ശബ്ദം കുറയുകയും ചെയ്തു. ഭക്ഷണം വളരെ കുറച്ചേ അദ്ദേഹം കഴിച്ചിരുന്നുള്ളൂ. ഫിബ്രവരി 14-ന് ലാഹോറിൽനിന്ന് ഡോക്ടർ കേണൽ മെൽവിലെയെ കൂട്ടിക്കൊണ്ടുവന്നു. അദ്ദേഹം ഡോക്ടർ സയ്യ്ദ് മുഹമ്മദ് ഹുസൈന്റെ കൂടെവന്ന് രോഗിയെ സമഗ്രമായി പരിശോധിച്ചു. അതുവരെ ചികിത്സിച്ചിരുന്ന ഡോക്ടർമാരുടെ രോഗനിർണ്ണയവും ചികിത്സയും അദ്ദേഹം അംഗീകരിച്ചു. കൂടുതൽ പോഷകഗുണമുള്ള ഭക്ഷണം കഴിക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. കേണൽ മെൽവിലെ പോയതിനുശേഷം ഹസ്‌റത്ത് ഖലീഫത്തുൽ മസീഹ് ഇപ്രകാരം പറഞ്ഞു. ലാഹോറിൽനിന്നുവന്ന ഡോക്ടർ എന്നെ പരിശോധിക്കാൻ വളരെ സമയമെടുത്തു. എന്നെ ബാധിച്ചിരിക്കുന്ന രോഗം നിർണ്ണയിക്കാൻ വളരെ എളുപ്പമാണ്. ഞാൻ എന്റെ ക്ലിനിക്കിൽ ആയിരിക്കുമ്പോൾ ഏതെങ്കിലും രോഗിവന്ന് എന്നെ അഭിവാദനം ചെയ്യുമ്പോൾ ആ വ്യക്തിയെ നോക്കാതെത്തന്നെ അയാളുടെ ശബ്ദത്തിൽനിന്ന് ഈ രോഗമാണ് അയാളെ ബാധിച്ചിരിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുമായിരുന്നു.

ഹസ്‌റത്ത് മൗലവി നൂറുദ്ദീന്റെ വർദ്ധിച്ചുവരുന്ന ക്ഷീണം കണക്കിലെടുത്ത് അദ്ദേഹത്തെ പട്ടണത്തിനു പുറത്ത് വിശാലമായ ഒരു തോട്ടത്തിൽ സ്ഥിതിചെയ്യുന്ന നവാബ് മുഹമ്മദലിഖാന്റെ വീട്ടിലേക്ക് മാറ്റിത്താമസിപ്പിക്കാൻ ചികിത്സിക്കുന്ന ഡോക്ടർമാർ തീരുമാനിച്ചു. അവിടെ സുഖപ്രദമായിരിക്കുമെന്ന് അവർ മനസ്സിലാക്കി. അദ്ദേഹത്തെ സ്വീകരിക്കാൻ നവാബ് സാഹിബ് വളരെ ഔത്സുക്യം കാണിക്കുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തു. ഒടുവിൽ ഫിബ്രവരി 26-ന് ഹസ്‌റത്ത് ഖലീഫത്തുൽ മസീഹ് സമ്മതം മൂളുകയും അങ്ങോട്ടേയ്ക്ക് മാറിത്താമസിക്കുകയും ചെയ്തു.

മാർച്ച് മാസം ആദ്യത്തിൽ ഡോക്ടർ സയ്യ്ദ് മുഹമ്മദ് ഹുസൈൻ ഹസ്‌റത്ത് ഖലീഫത്തുൽ മസീഹിനെ സന്ദർശിക്കുകയും സംഭാഷണമദ്ധ്യേ മുസ്‌ലിംകളിലെ വിവിധ വിഭാഗങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കേണ്ടതിന്റെ അഭിലഷണീയത ഊന്നിപ്പറയുകയും ചെയ്തു. അപ്പോൾ ഹസ്‌റത്ത് ഖലീഫത്തുൽ മസീഹ് ഇങ്ങനെ പറഞ്ഞു. മുസ്‌ലിം യൂണിവേഴ്സിറ്റി പദ്ധതിയുടെ കാര്യത്തിൽ നാം അത്തരം സഹകരണത്തിന്റെ ഉത്തമ മാതൃക കാഴ്ചവെച്ചിട്ടുണ്ട്. അത്തരം സഹകരണം ഗുണപ്രദംതന്നെ. പക്ഷേ, നമ്മുടെ വ്യതിരിക്തത നാം നിലനിർത്തുകയും വേണം. പൊതുവായ കൂടിക്കലരൽ നമ്മുടെ ശേഷി നശിപ്പിക്കുകയും പുരോഗതി തടസ്സപ്പെടുത്തുകയും ചെയ്യും. കൂടാതെ ദൈവനിയുക്തരായ നമ്മുടെ സ്ഥാപകരെ തള്ളിപ്പറയുന്നവർക്ക് സ്വയം കീഴ്പ്പെടുക എന്നത് നമുക്ക് സാദ്ധ്യവുമല്ല. അതിനാൽ, വ്യതിരിക്തതയില്ലെങ്കിൽ നന്മയുപദേശിക്കുകയും തിന്മയെ വിരോധിക്കുകയും ചെയ്യുന്ന പ്രവണത അവഗണിക്കപ്പെടുന്നു. ഒരു വിഭാഗം വ്യതിരിക്തമായി നില്ക്കുമ്പോൾ എതിർപ്പുണ്ടാകുന്നു. എതിർപ്പ് രൂക്ഷമാവുമ്പോൾ വ്യതിരിക്തമായി നിൽക്കുന്ന വിഭാഗം കൂടുതൽ ദുആ ചെയ്യുന്നു. കൂടുതലായി പരിശ്രമിക്കുകയും ചെയ്യുന്നു. ഒരു കാര്യം സദാസമയവും ഓർക്കുക, യാതനകൾ നേരിടേണ്ടി വന്നില്ലെങ്കിൽ, ദുആയും പരിശ്രമവുമില്ലെങ്കിൽ പുരോഗതിയുണ്ടാവില്ല. യാതനകൾ പ്രയത്നത്തേയും കഠി

നാദ്ധ്യാനത്തേയും പ്രാർത്ഥനകളേയും ഉദ്ദീപിപ്പിക്കുന്നു. എനല്ലാ സൗകര്യങ്ങളുമുള്ള ആൾ വളരെ കുറച്ചേ നേടൂ.

മാർച്ച് 14-ന് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് തന്റെ ഒസ്യത്ത് സ്വന്തം കൈകൊണ്ടെഴുതി. അതിപ്രകാരമായിരുന്നു.

***ബിസ്മില്ലാഹിർ റഹ്മാനിർറഹീം. നഹ്മദുഹു വനുസ്വല്ലീ അലാറസൂലിഹിൽ കരീം***

ഈ വിനീതൻ, പൂർണ്ണബോധത്തോടെ ദൃഢമായി പ്രസ്താവിക്കുന്നു. അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹനായി ആരുംതന്നെയില്ല. മുഹമ്മദ് അവന്റെ ദൂതനാണ്. എന്റെ മക്കൾ ചെറുതാണ്. എന്റെ കയ്യിൽ പണമില്ല. അല്ലാഹു അവരെ സംരക്ഷിക്കും. ദരിദ്രർക്കും അനാഥർക്കുമുള്ള ഫണ്ടിൽനിന്ന് അവയ്ക്കൊന്നും നല്കരുത്. ഔദാര്യപൂർവ്വം വായ്പ നൽകാവുന്നതാണ്. അത് എന്റെ കഴിവുള്ള മക്കൾ തിരിച്ചടക്കുന്നതാണ്. എന്റെ ഗ്രന്ഥങ്ങളും സ്വത്തും എന്റെ സന്താനങ്ങളുടെ നന്മയ്ക്കായി ഒരു ട്രസ്റ്റ് എന്ന നിലയിൽ രൂപീകരിക്കണം. എന്റെ പിൻഗാമി സാത്വികനും ജനസമ്മതനും, പണ്ഡിതനും സൽസ്വഭാവിയുമായിരിക്കണം. ഹസ്റത്ത് സാഹിബിന്റെ പഴയവരും പുതിയവരുമായ സുഹൃത്തുക്കളോട് പൊറുമ കാണിക്കുന്ന ആളും അവരുടെ നൂതനകൾ അവഗണിക്കുന്ന ആളുമായിരിക്കണം. ഞാൻ ഓരോരുത്തരുടേയും ക്ഷേമകാംക്ഷിയായിരുന്നു. അദ്ദേഹവും അങ്ങനെയായിരിക്കണം. വിശുദ്ധഖുർആൻ, ഹദീസ് അദ്ധ്യാപനം തുടരണം.

വസ്സലാം, നൂറുദ്ദീൻ, മാർച്ച് 14, 1914

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഒസ്യത്ത് മൗലവി മുഹമ്മദലിയുടെ കയ്യിൽ കൊടുത്തിട്ട് അവിടെസന്നിഹിതരായവർക്ക് വായിച്ചുകേൾപ്പിക്കാൻ പറഞ്ഞു. രണ്ടാമതും മൂന്നാമതും വായിച്ചുകേൾപ്പിക്കാൻ അദ്ദേഹം നിർദ്ദേശം നൽകി. എന്തെങ്കിലും വിട്ടുപോയിട്ടുണ്ടോ എന്നന്വേഷിച്ചു. ഇതു വളരെ ശരിയാണെന്ന് മൗലവി മുഹമ്മദലി മറുപടി പറഞ്ഞു. പിന്നെ അദ്ദേഹം അത് നവാബ് മുഹമ്മദലിഖാന്റെ പക്കൽ ഏല്പിച്ചു.

ഹസ്റത്ത് ഖലീഫത്തുൽ മസീഹിന്റെ സ്ഥിതി മോശമാവാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ചരമശേഷം എന്തായിരിക്കും അവസ്ഥയെന്നതിനെക്കുറിച്ച് പര്യാലോചനയുണ്ടായി. ഈ പര്യാലോചനയിൽ രൂക്ഷമായ അഭിപ്രായഭിന്നതകൾ വെളിപ്പെട്ടു. ഇത് ഭിന്നിപ്പിന്റേയും പിളർപ്പിന്റേയും ഭീഷണിയുയർത്തി. ഈ സാഹചര്യത്തിൽ സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഒരു വിളംബരം എഴുതിയുണ്ടാക്കി. അതിതായിരുന്നു: ഖലീഫത്തുൽ മസീഹ് നല്ല ആരോഗ്യാവസ്ഥയിലായിരുന്നപ്പോൾ അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുത്താൽ അത് ദോഷം ചെയ്യില്ലായിരുന്നു. എന്തെന്നാൽ, അദ്ദേഹം അത്തരം അഭിപ്രായവ്യത്യാസങ്ങൾ നിയന്ത്രിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ അദ്ദേഹം രോഗാവസ്ഥയിലായതിനാൽ ഇത്തരം ചർച്ചകൾ കുഴപ്പത്തിന് കാരണമാവും. അതിനാൽ അത്തരം ചർച്ചകൾ അദ്ദേഹം പൂർണ്ണാരോഗ്യസ്ഥിതി കൈവരിക്കുന്നതുവരെ നിർത്തിവെക്കേണ്ടതാണ്. ആ വിളംബരം സാഹിബ് സാദാ സാഹിബ് മൗലവി മുഹമ്മദലിക്ക് കൊടുത്തയച്ചു. അത് രണ്ടുപേരും ഒപ്പിട്ടു പ്രസിദ്ധീകരിക്കുമെന്ന് അഭിപ്രായപ്പെട്ടു. എന്നാൽ മൗലവി മുഹമ്മദലി അഭിപ്രായപ്പെട്ടത് ഒരു യോഗം വിളിക്കാമെന്നും അതിൽ ഓരോരുത്തരും താന്താങ്ങളുടെ വീക്ഷണങ്ങൾ പ്രകടിപ്പിക്കാമെന്നുമാണ്. അങ്ങനെ മസ്ജിദ് നൂറിൽ ഒരു യോഗം ചേർന്നു. സാഹിബ് സാദാ സാഹിബിനോട് ആദ്യം സംസാരിക്കാൻ മൗലവി മുഹമ്മദലി ആവശ്യപ്പെട്ടു. വിളംബരത്തിൽ അദ്ദേഹം നടത്തിയ അഭ്യർത്ഥന ആവർത്തിച്ചു. പിന്നെ മൗലവി മുഹമ്മദലി സംസാരിച്ചു. ഖാജാ കമാലുദ്ദീനെയും അദ്ദേഹത്തിന്റെ വീക്ഷണത്തേയും വിമർശിച്ചവരെ മൗലവി മുഹമ്മദലി കഠിനമായി അധിക്ഷേപിച്ചു. അദ്ദേഹത്തിന്റെ പ്രസംഗം പരിപൂർണ്ണ നിശ്ശബ്ദരായി ശ്രോതാക്കൾ കേട്ടു. പ്രസംഗാവസാനം, രഞ്ജിപ്പുണ്ടാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം കഠിന പദങ്ങളുപയോഗിച്ചു സംസാരിച്ചു. മുമ്പേ താറുമാറായ അന്തരീക്ഷം കൂടുതൽ പ്രകോപനപരമാക്കാനേ അദ്ദേഹത്തിന്റെ പ്രസംഗം ഉപകരിച്ചുള്ളൂ.

സാഹിബ് സാദാ സാഹിബ് നമസ്ക്കാരങ്ങളിലും ദുആയിലും മുഴുകി. അങ്ങനെ ചെയ്യാൻ സുഹൃത്തുക്കളെ ഉണർത്തി. ജമാഅത്തിൽ ഐക്യം നിലനിർത്തുന്ന കാര്യത്തിൽ അദ്ദേഹം പരമപ്രാധാന്യം നല്കി. അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങളെക്കുറിച്ചൊന്നും അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചില്ല. ജമാഅത്തിലെ പ്രമുഖരായ പലരോടും അദ്ദേഹം സംസാരിച്ചു. വാഗ്ദത്ത മസീഹി(അ)ന്റെ പ്രവാചകത്വത്തിൽ വിശ്വസിക്കുകയും ഖിലാഫത്ത് വ്യവസ്ഥയെ അനുകൂലിക്കുകയും ചെയ്തവർക്കാർക്കുംതന്നെ അവയെ എതിർക്കുന്നവർക്ക് ബൈഅത്ത് ചെയ്യാൻ സാധിക്കില്ലെന്ന് അദ്ദേഹം കണ്ടെത്തി. അങ്ങനെ ബൈഅത്ത് ചെയ്താൽ അത് അഹ്മദിയ്യത്തിന്റെ അവസാനമായിരിക്കുമെന്നവർ വിശ്വസിച്ചിരുന്നു. എന്നാൽ ഐക്യത്തിന് പ്രാമുഖ്യം നൽകണമെന്നും അത് വ്യക്തികൾക്കുവേണ്ടി ബലി കഴിക്കരുതെന്നും അദ്ദേഹത്തിന് ബോധ്യപ്പെട്ടു. ഖലീഫത്തുൽ മസീഹിന്റെ ചരമത്തോടെ ഭിന്നിപ്പുണ്ടാകുമെന്ന് ഭയപ്പെടുകയാണെങ്കിൽ ന്യൂനപക്ഷ ഗ്രൂപ്പിൽപ്പെട്ട ആർക്കെങ്കിലും ബൈഅത്ത് ചെയ്യണമെന്ന കാര്യത്തിൽ സാഹിബ് സാദാ സാഹിബ് തന്റെ സുഹൃത്തുക്കളിൽ പ്രേരണ ചെലുത്താൻ തുടങ്ങി. എന്തെന്നാൽ വിമതഗ്രൂപ്പിൽപ്പെട്ട ആരുംതന്നെ അവരുടെ അഭിപ്രായവ്യത്യാസമുള്ള വ്യക്തികളിൽ ആർക്കും ബൈഅത്ത്

ചെയ്യാൻ സന്നദ്ധരായിരുന്നില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ ജമാഅത്തിൽ പിളർപ്പുണ്ടാവുകയും ചെയ്യും. എന്നാൽ താൻ അവരിൽപ്പെട്ട ആർക്കെങ്കിലും ബൈഅത്ത് ചെയ്താൽ തന്റെ സുഹൃത്തുക്കളും ആ മാതൃക പിൻപറ്റുമെന്നും അങ്ങനെ ഐക്യം നിലനിൽക്കുകയും ചെയ്യും എന്നദ്ദേഹം മനസ്സിലാക്കി. തന്റെ ഈ അഭിപ്രായവുമായി യോജിക്കുന്നതിന് പ്രേരണ ചെലുത്തിക്കൊണ്ട് ഒരു ദിവസം ഉച്ചക്ക് ശേഷം രണ്ടുമണിക്കൂറോളം സാഹിബ് സാദാ സാഹിബ് ജമാഅത്തിലെ ഒരു പണ്ഡിതനായ മൗലവി സെയ്ത് മുഹമ്മദ് സർവർ ഷായുടെ അടുക്കൽ ചെലവഴിച്ചു. അതായത് ഖലീഫയാകേണ്ട വ്യക്തിയെക്കുറിച്ച് അഭിപ്രായ വ്യത്യാസം വന്നാൽ വിമതഗ്രൂപ്പിലെ ആർക്കെങ്കിലും ബൈഅത്ത് ചെയ്യണം. അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങളെക്കുറിച്ച് ഖലീഫ നിർദ്ദേശം നൽകിയിട്ടില്ലാത്തതിനാൽ അവർക്ക് ശരിയും സത്യവുമാണെന്ന് തോന്നുന്ന കാര്യം സ്വീകരിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കും. അങ്ങനെയുള്ള കാര്യങ്ങളിൽ ഖലീഫ എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിക്കുകയാണെങ്കിൽ അവർ അദ്ദേഹത്തോട് അനുസരണം പുലർത്തി നിശ്ശബ്ദരായിരിക്കണം. പ്രശ്നം അല്ലാഹുവിന് വിടുകയും വേണം. അല്ലാഹുവാണ് ജമാഅത്തിന്റെ രക്ഷാകർത്താവ്.

ഒരു സൂഫിയുടെ ജീവിതം മറ്റുള്ളവർക്കും അദ്ദേഹത്തിനുതന്നെയും അനുഗ്രഹമാണെന്നും അതിനാൽ ഖലീഫത്തുൽ മസീഹ് തന്റെ ആരോഗ്യം വീണ്ടുകിട്ടാൻ ദുആ ചെയ്യണമെന്നും പീർ ഇഫ്തിഖാർ അഹ്മദ് ഹസ്റത്ത് ഖലീഫത്തുൽ മസീഹിനോട് അദ്ദേഹത്തിന്റെ രോഗാവസ്ഥയുടെ അവസാനനാളുകളിൽ ബോധിപ്പിച്ചു. അതിനു മറുപടിയായി ഹസ്റത്ത് ഖലീഫത്തുൽ മസീഹ് പറഞ്ഞു: ഞാൻ നിരന്തരമായി കേട്ടുകൊണ്ടിരിക്കുന്നു: നിങ്ങൾ ക്ഷണികമായ ജീവിതത്തെ സ്നേഹിക്കുന്നു. നിങ്ങൾ പരലോകത്തെ അവഗണിക്കുകയും ചെയ്യുന്നു എന്ന് (*75:21*) ഇതേ അവസ്ഥയിലായിരുന്നപ്പോൾ ഹസ്റത്ത് അബൂബക്കർ(റ)യും നൽകിയത് ഇതേ മറുപടി തന്നെയായിരുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ ദുആ ചെയ്തിരിക്കുന്നു. അതിന്റെ പ്രതികരണം കേട്ടിരിക്കുന്നു. ഞാൻ ഏറ്റവും നന്നായി അറിയുന്നു. ഞാൻ ഇച്ഛിക്കുന്നത് ഞാൻ ചെയ്യും."

മാർച്ച് 13-ന് വെള്ളിയാഴ്ച രാവിലെ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് തന്റെ മൂത്തമകൻ അബ്ദുൽ ഹയ്യിനെ വിളിച്ചുവരുത്തി പറഞ്ഞു: അല്ലാഹുവല്ലാതെ വേറെ ദൈവമില്ല എന്ന് ഞാൻ എപ്പോഴും വിശ്വസിച്ചിട്ടുണ്ട്. അതേ വിശ്വാസത്തിൽ ഞാൻ മരിക്കുന്നു. നബി തിരുമേനി(സ)യുടെ എല്ലാ സഹാബാക്കളെ (റ)യും ഞാൻ ബഹുമാനിക്കുന്നു. വിശുദ്ധഖുർആൻ കഴിഞ്ഞാൽ ദൈവസവിധത്തിൽ ഏറ്റവും സ്വീകാര്യമായ ഗ്രന്ഥം ബുഖാരിയുടെ ഹദീസ് സമാഹാരമാണ് എന്നും ഞാൻ കരുതുന്നു. ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ വാഗ്ദത്ത മസീഹായും ദൈവത്തിന്റെ വരിഷ്ഠദാസനായും ഞാൻ വിശ്വസിക്കുന്നു. ഞാൻ അദ്ദേഹത്തെ എത്രത്തോളം സ്നേഹിച്ചുവെന്നാൽ അദ്ദേഹത്തിന്റെ സന്താനങ്ങളോട് നിങ്ങളോടുള്ളതിനേക്കാൾ സ്നേഹം ഞാൻ പ്രകടിപ്പിച്ചു. നിങ്ങളെ ഞാൻ സർവ്വശക്തനായ അല്ലാഹുവിൽ ഭരമേല്പിക്കുന്നു. അവൻ നിങ്ങളെ നശിപ്പിക്കുകയില്ലെന്ന് തീർച്ചയാണ്. ദൈവികഗ്രന്ഥം പാരായണം ചെയ്യണമെന്നും പഠിപ്പിക്കണമെന്നും അതനുസരിച്ച് പ്രവർത്തിക്കണമെന്നും ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. ഞാൻ മഹത്തായ നിരവധി വസ്തുക്കൾ കണ്ടിട്ടുണ്ട്. എന്നാൽ വിശുദ്ധഖുർആൻ പോലെ ഒന്നും കണ്ടിട്ടില്ല. സംശയലേശമന്യേ, അത് ദൈവം തന്റെ ഗ്രന്ഥമാണ്. നിങ്ങളെ അല്ലാഹുവിലർപ്പിക്കുന്നു.

വെള്ളിയാഴ്ച ജുമുഅയുടെ സമയം ആഗതമായി. രണ്ടോ മൂന്നോ പരിചാരകരൊഴിച്ച് ബാക്കിയുള്ളവരെല്ലാം ജുംആയിൽ പങ്കെടുക്കാൻ മസ്ജിദ് അഖ്സയിൽ പോയി. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് തയമ്മും ചെയ്തു നമസ്കരിച്ചു. അദ്ദേഹം നമസ്കാരം പൂർത്തിയാക്കിയതേയുള്ളൂ. അപ്പോൾ ശ്വാസതടസ്സമനുഭവപ്പെട്ടു. അല്പനിമിഷങ്ങൾക്കകം അദ്ദേഹത്തിന്റെ ആത്മാവ് ദുർബ്ബലവും ഉപയോഗശൂന്യവുമായ അസ്ഥിപഞ്ജരം വിട്ട് നിതാന്ത വിശ്രമത്തിനായി പോയി. ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ.

ചരമവാർത്ത മസ്ജിദ് അഖ്സയിൽ എത്തിയപ്പോൾ സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ നേതൃത്വത്തിലുള്ള ജമുഅ നമസ്ക്കാരം കഴിഞ്ഞിട്ടേയുണ്ടായിരുന്നുള്ളൂ. തങ്ങളുടെ ആത്മീയവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി തന്റെ ജീവിതത്തിലെ ഓരോ നിമിഷവും അർപ്പിച്ച പ്രിയങ്കരനായ ആ വ്യക്തിയുടെ അവസാന നിമിഷത്തിലെ മുഖഭാവം ദർശിക്കാൻ എല്ലാവരും നവാബ് മുഹമ്മദലിഖാന്റെ വീട്ടിലേക്ക് പ്രവഹിച്ചുകൊണ്ടിരുന്നു. അതിനുശേഷം അസർ നമസ്ക്കാരത്തിന് മസ്ജിദ് നൂറിൽ ഒരു വമ്പിച്ച ജനാവലി പങ്കെടുത്തു. നവാബ് മുഹമ്മദലിഖാന്റെ വസതിക്ക് തൊട്ടടുത്ത് തന്നെയായിരുന്നു മസ്ജിദ്നൂർ. നമസ്ക്കാരാന്തരം സാഹിബ് സാദാ സാഹിബ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ജനാവലിയെ അഭിസംബോധന ചെയ്ത് ഇപ്രകാരം പറഞ്ഞു: അല്ലാഹുവിന്റെ ഇച്ഛയനുസരിച്ച് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു. അല്ലാഹു അദ്ദേഹത്തിൽ കാരുണ്യവും അനുഗ്രഹവും വർഷിക്കുമാറാകട്ടെ. അദ്ദേഹത്തിന് ഉന്നതപദവി നല്കിയനുഗ്രഹിക്കുമാറാകട്ടെ. നബിതിരുമേനി (സ)യുടെയും വാഗ്ദത്ത മസീഹ്(സ)ന്റെയും സഹവാസത്തിൽ അദ്ദേഹം ചെന്നുചേരുമാറാകട്ടെ. ആമീൻ.

അദ്ദേഹത്തിന്റെ ജീവിതം മുഴുവൻ അവരോടുള്ള സ്നേഹത്തിൽ അർപ്പണം ചെയ്തതായിരുന്നു.

അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളുടെമേൽ ഒരു ഭാരിച്ച ഉത്തരവാദിത്തം അർപ്പിതമായിരിക്കുകയാണ്. മുഴുവൻ ജമാഅത്തും ഒരു പരീക്ഷണം നേരിടുകയാണ്. ഈ പരീക്ഷണത്തിൽ ജയിക്കുന്ന ഓരോ വ്യക്തിയും ദൈവസ്നേഹവും അംഗീകാരവും നേടുന്നതാണ്. എന്നാൽ ഈ പരീക്ഷണത്തിൽ പരാജയപ്പെടുന്ന വ്യക്തി ദൈവദൃഷ്ടിയിൽ സാത്വികനായി ഗണിക്കപ്പെടുകയില്ല. ഈ പരീക്ഷണത്തിൽ വിജയിക്കാൻ നാം പൂർണ്ണമായും തയ്യാറെടുക്കണം. ഉദ്ദേശ്യശുദ്ധിയില്ലെങ്കിൽ ഏറ്റവും മികവുറ്റ പദ്ധതിയും അപകടത്തിന് കാരണമാവുമെന്ന കാര്യം നാം ഓർക്കണം. നമസ്ക്കാരം ഒരു ഉന്നതനിലയിലുള്ള ആരാധനയാണ്. എന്നിട്ടും ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: "തങ്ങളുടെ നമസ്ക്കാരത്തെപ്പറ്റി അശ്രദ്ധരായ നമസക്കാരക്കാർക്ക് നാശം. അന്യരെ കാണിക്കാൻ വേണ്ടി സൽക്കർമ്മം ചെയ്യുന്നവരത്രെ അവർ." അങ്ങനെ ദുരുദ്ദേശ്യത്തോടെ അനുഷ്ഠിക്കപ്പെടുന്ന നമസ്ക്കാരം പരിശുദ്ധിയും ദൈവസാമീപ്യവും കരസ്ഥമാക്കാനുള്ള മാർഗ്ഗമാവുന്നില്ല. അതൊരു ശാപമായിത്തീരുന്നു. വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിനു മുമ്പ് പിശാചിൽനിന്നും സംരക്ഷണം തേടാൻ നാം നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധഖുർആന്റെ ഓരോ അദ്ധ്യായവും ആരംഭിക്കുന്നത് ദൈവനാമത്തോടെയാണ്. അത് ദൈവസഹായം തേടാനുള്ള ഒരു വഴിയാണ്. വിശുദ്ധഖുർആൻ പാരായണം ചെയ്യുക പോലുള്ള മഹത്തായ ഒരു സംരംഭത്തിൽ ഏർപ്പെടുന്നതിനു മുമ്പുപോലും ആ സംരംഭം മുന്നോട്ടുകൊണ്ടുപോകാനുള്ള കഴിവും ശക്തിയും പ്രദാനം ചെയ്യാൻ ദൈവസഹായവും പൈശാചികമായ സംശയങ്ങളിൽനിന്നും സന്ദേഹങ്ങളിൽനിന്നും ദൈവികസംരക്ഷണവും തേടേണ്ടതാണ് എന്നതൊരു സൂചനയാണ്. വിശുദ്ധഖുർആന്റെ ഒരു സൂക്തം മുഖേന നിരവധി ആളുകൾ ദൈവകാരുണ്യവും അനുഗ്രഹവും നേടുന്നു. എന്നാൽ, അതേ സൂക്തം നിരവധി പേർക്ക് നാശത്തിന് കാരണമാകുന്നു. അതിനാൽ ദൈവികസംരക്ഷണവും ദൈവികസഹായവും തേടണമെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ ഒരു പദ്ധതി എത്ര തന്നെ മികവുറ്റതായാലും അതിനു പിന്നിൽ ആത്മാർത്ഥതയും ഉദ്ദേശ്യശുദ്ധിയും ഇല്ലെങ്കിൽ അത് ഒരു പുതിയ ദൈവത്തിൽനിന്ന് അകറ്റിക്കളയും എന്ന് നാം ഭയപ്പെടണം.

ഈയവസരത്തിൽ നമ്മിലർപ്പിതമായ ഉത്തരവാദിത്തം ദൈവത്തിൽനിന്നുള്ള അനുഗ്രഹവും ശക്തിയും ഇല്ലാതെ നിർവ്വഹിക്കാൻ സാദ്ധ്യമല്ല. അതിനാൽ ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. ലഭ്യമായ എല്ലാ സമയവും വിനീതമായ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടണം. "നാഥാ, നീ ഞങ്ങളെ രക്ഷിക്കേണമേ. നിന്റെ സാമീപ്യം നൽകേണമേ. ദൈവസഹായം ഇല്ലാതെ നമുക്ക് നിർവ്വഹിക്കാൻ സാധിക്കാത്ത ഭാരിച്ച ഒരുത്തരവാദിത്തമാണിത്. നീ ഞങ്ങളെ നേരായാ പാതയിൽ നയിക്കേണമേ." (*1:6*) എന്ന പ്രാർത്ഥനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. നാളെയെ മറ്റന്നാളോ എന്താണ് സംഭവിക്കുക എന്ന് നമുക്കറിയില്ല. എല്ലാം ഭാവിയുടെ ഗർഭപാത്രത്തിൽ മറയ്ക്കപ്പെട്ടിരിക്കുകയാണ്. പക്ഷേ, കാര്യങ്ങൾ അറിയുന്ന ദൈവത്തിന്റെ മാർഗ്ഗദർശനവും സഹായവും ഇല്ലെങ്കിൽ നാശമടയാൻ സാദ്ധ്യതയുണ്ട്. അതിനാൽ പ്രാർത്ഥിക്കുക. തെറ്റിൽനിന്നും പാപപ്പൊറുതിക്കായും അർത്ഥിക്കുക. മാർഗ്ഗദർശനം തേടുക. നബി(സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുക. മനംനൊന്തു പ്രാർത്ഥിക്കുക, നിന്റെ അനുഗ്രഹത്താൽ ഈ പരീക്ഷണഘട്ടം വിജയപൂർവ്വം തരണം ചെയ്യാൻ ഞങ്ങളെ സഹായിക്കേണമേ. നിന്റെ മസീഹ് വന്നു. നിരവധിയാളുകൾ നിഷേധിച്ചു. ചിലർ ഇടറിപ്പോയി, സ്വയം നാശമടഞ്ഞു. പക്ഷേ നിന്റെ കാരുണ്യംകൊണ്ട് നീ ഞങ്ങളെ വഴി നടത്തുന്നു. ഇപ്പോൾ ഒരിക്കൽകൂടി ഞങ്ങൾ പരീക്ഷണം നേരിടുന്നു. നീ ഞങ്ങളിൽ അനുഗ്രഹം ചൊരിയേണമേ. ഞങ്ങളുടെ വ്യാകുലതകൾ കണ്ട് ആഹ്ലാദിക്കാൻ ഞങ്ങളുടെ ശത്രുക്കൾക്ക് നീ അവസരം നൽകരുതേ. നിന്റെ സേവനത്തിനായി ഞങ്ങളിൽ നിന്ന് പരിശുദ്ധനായ ഒരാളെ നീ തിരഞ്ഞെടുക്കേണമേ. ആമീൻ. എല്ലാവരും സദാ സമയവും ദുആയിൽ മുഴുകുക. രാത്രി എഴുന്നേറ്റ് ദുആ ചെയ്യുക. അല്ലാഹു അവന്റെ അനുഗ്രഹത്താൽ എല്ലാ ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതാണ്. അല്ലാഹുവിൽ ഭരമേല്പിക്കുക. അവന്റെ വാഗ്ദാനങ്ങളെല്ലാം സത്യമാണ്. അവൻ വാഗ്ദത്ത മസീഹിനോട് ചെയ്ത വാഗ്ദാനങ്ങളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഒരു മനുഷ്യൻ ചിലപ്പോൾ വ്യാജമായ വാഗ്ദാനങ്ങൾ നല്കിയേക്കാം. പക്ഷേ, ദൈവികവാഗ്ദാനങ്ങൾ സത്യമാണ്. അല്ലാഹു തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തത പുലർത്തുന്നു. അവന്റെ വാഗ്ദാനങ്ങളിൽ വിശ്വസിക്കുകയും അവനിൽ ഭരമേല്പിക്കുകയും ചെയ്യുക. അവനെ ആശ്രയിക്കുക. ഞാനിപ്പോൾ ദുആ ചെയ്യുന്നതാണ്. നിങ്ങളും എന്നോടൊപ്പം ചേരുക. പിന്നീട് ദുആ തുടർന്നുകൊണ്ടിരിക്കുക.

നിശ്ശബ്ദമായി ദുആ ചെയ്യാൻ അദ്ദേഹം കയ്യുയർത്തി. പള്ളിയിൽ സന്നിഹിതരായ എല്ലാവരും അപ്രകാരം ചെയ്തു. എല്ലാവരും വികാരഭരിതരായി. നിമിഷങ്ങൾക്കം പള്ളി വിലാപത്തിന്റെ വീടായി മാറി. ദുആ കുറച്ചുസമയം നീണ്ടുനിന്നു. അതിന്റെ അവസാനം എല്ലാവരുടേയും ഹൃദയങ്ങളിൽ ആശ്വാസമുണ്ടായി. സാദ്ധ്യമാവുന്നവരെല്ലാം പിറ്റേന്ന് നോമ്പനുഷ്ഠിക്കണമെന്ന് സാഹിബ് സാദാ സാഹിബ്

അഭ്യർത്ഥിച്ചു. പിന്നെ അദ്ദേഹം നവാബ് മുഹമ്മദലി ഖാന്റെ വിട്ടിലേക്ക് മടങ്ങി. പക്ഷേ, അദ്ദേഹം അസ്വസ്ഥനായിരുന്നു. ഏകാന്തതയിൽ പ്രാർത്ഥിക്കാൻ അദ്ദേഹം വെമ്പൽകൊണ്ടു. താൻ തനിച്ചുപോവുകയാണെന്നും ആരും തന്നെ പിന്തുടരുതെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും അദ്ദേഹം മൗലവി സെയ്ത് മുഹമ്മദ് സബർഷായോട് ശട്ടംകെട്ടി. അങ്ങനെ സാഹിബ് സാദാ സാഹിബ് തോട്ടത്തിലൂടെ കടന്നുപോവുമ്പോൾ വഴിയിൽവെച്ച് മൗലവി മുഹമ്മദലിയെ കണ്ടുമുട്ടി. അദ്ദേഹം തന്റെ സുഹൃത്തുക്കളുമായി രഹസ്യചർച്ചയിലായിരുന്നു. അദ്ദേഹം വേഗം തന്നെ സാഹിബ് സാദാ സാഹിബുമായി സംഭാഷണത്തിലേർപ്പെട്ടു. സംസാരിച്ചുകൊണ്ട് അവർ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തിക്കൊണ്ടിരുന്നു. മഗ്രിബ് ബാങ്ക് വിളിക്കുന്നതുവരെ സംഭാഷണം തുടർന്നു.

ഈ സംഭാഷണത്തിന്റെ ചുരുക്കം പിന്നീട് സാഹിബ് സാദാ സാഹിബ് കേൾപ്പിക്കുകയുണ്ടായി.

മൗലവി മുഹമ്മദലി: എല്ലാ കാര്യങ്ങളും ചർച്ചയിലൂടെയാണ് ഒത്തുതീർപ്പിലെത്തുന്നത്. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ചരമമടഞ്ഞ ഈ സന്ദർഭത്തിൽ ഒന്നും തന്നെ ധൃതിയിൽ തീരുമാനിക്കരുത്. പൂർണ്ണമായ കൂടിയാലോചന വേണം.

സാഹിബ് സാദാ സാഹിബ്: ധൃതി കാണിക്കേണ്ട ആവശ്യമില്ല. തീർച്ചയായും ചർച്ച വേണ്ടതുതന്നെയാണ്. നിരവധി പേർ എത്തുന്നുണ്ട്. നാളേക്ക് വളരെയധികം ആളുകൾ എത്തുകയും ചെയ്യും. ജമാഅത്തിലെ പ്രമുഖ വ്യക്തികൾ അടുത്തുതന്നെ തമാസിക്കുന്നവരാണ്. അവർ നാളെ എത്തിച്ചേരും. അവർ വന്നതിനുശേഷം ചർച്ച ചെയ്യാം.

മൗലവി മുഹമ്മദലി: അത്രയും വേഗം ചർച്ച വേണ്ട. അഭിപ്രായവ്യത്യാസങ്ങളുള്ളത് കാരണം പൂർണ്ണമായി ചർച്ച നടത്തിയതിനുശേഷം ഐകകണ്ഠേന തീരുമാനമെടുക്കണം. കാര്യങ്ങളെക്കുറിച്ച് മുഴുവൻ ജമാഅത്തും നാലോ അഞ്ചോ മാസം ചിന്തിക്കട്ടെ. പിന്നെ ആശയങ്ങൾ പരസ്പരം കൈമാറണം. അതിനുശേഷം കൈക്കൊള്ളുന്ന തീരുമാനമനുസരിച്ച് പ്രവർത്തിക്കാം.

സാഹിബ് സാദാ സാഹിബ്: പ്രഥമമായ ചോദ്യം അഭിപ്രായവ്യത്യാസങ്ങൾ എന്തൊക്കെയാണ് എന്നതാണ്. അടുത്ത ചോദ്യം ഇടവേളയിൽ ജമാഅത്തിൽ എന്തെങ്കിലും കുഴപ്പമുണ്ടായാൽ ഒരു നേതാവിന്റെ അസാന്നിദ്ധ്യത്തിൽ ആരായിരിക്കും അതിനുത്തരവാദി എന്നതാണ്. വാഗ്ദത്ത മസീഹിന്റെ ചരമാവസരത്തിൽ വന്നെത്തിയിരുന്ന എല്ലാവരും പെട്ടെന്ന് ഒരുമിച്ചുകൂടിയിരുന്നു ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുകയാണുണ്ടായത്. മുൻകാലഘട്ടങ്ങളിലും ഇതേ രീതിതന്നെയാണ് അനുവർത്തിച്ചു വന്നിട്ടുള്ളത്. വാഗ്ദത്ത മസീഹിന്റെ ആഗമനത്തിനു മുമ്പോ അതിനുശേഷമോ കാത്തിരിപ്പിന്റെ ആറു മാസം ഉണ്ടായിരുന്നിട്ടില്ല.

മൗലവി മുഹമ്മദലി: മുമ്പ് അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നില്ല. ഇപ്പോൾ അഭിപ്രായവ്യത്യാസങ്ങളുണ്ട്. മാത്രമല്ല, കുറച്ചു കാത്തിരിക്കുന്നതുകൊണ്ട് എന്തു ദോഷമാണുള്ളത്? നാളെ ഖലീഫ എന്താണ് ചെയ്യാനിരിക്കുന്നത്?

സാഹിബ് സാദാ സാഹിബ്: വാഗ്ദത്ത മസീഹ്(അ) ചരമമടഞ്ഞപ്പോൾ, ജമാഅത്തിൽ ഖിലാഫത്ത് വ്യവസ്ഥിതിയുണ്ടാവണമെന്ന് ജമാഅത്ത് തീരുമാനിച്ചു. ഇക്കാര്യത്തെക്കുറിച്ച് കൂടുതൽ ചർച്ചയുടെ ആവശ്യമില്ല. ആരായിരിക്കണം ഖലീഫ എന്ന കാര്യത്തിൽ മാത്രമാണ് ചർച്ച. നാളെ ഖലീഫ എന്താണ് ചെയ്യാനിരിക്കുന്നത് എന്ന താങ്കളുടെ ചോദ്യത്തിന്റെ മറുപടിയെന്തെന്നാൽ, ആത്മീയ നേതൃത്വത്തിന് പുറമെ, ജമാഅത്തിനെ എല്ലാ കുഴപ്പങ്ങളിൽനിന്നും രക്ഷിക്കുക ഖലീഫയുടെ ഉത്തരവാദിത്തമാണ് എന്നതാണ്. ഈ കർത്തവ്യനിർവ്വഹണം താങ്കൾ ഉദാഹരണം നൽകാവുന്നവിധം ഗോചരമായ ഒരു കാര്യമല്ല. ജമാഅത്തിന് ആത്മീയശിക്ഷണം നൽകുകയും അച്ചടക്കം നിലനിർത്തുകയും ചെയ്യുക എന്ന ഖലീഫയുടെ കർത്തവ്യമാണ്.

ആത്മീയശിക്ഷണമെന്നത് ചൂണ്ടിക്കാണിക്കാൻ പറ്റിയവിധം സ്ഥൂലമായ ഒരു കാര്യമല്ല. ഒരു പ്രത്യേക തിയ്യതിക്ക് മുമ്പ് കുഴപ്പമുണ്ടാവില്ല എന്ന് പറയാനും പറ്റില്ല. മേൽനോട്ടം വഹിക്കുന്ന ഒരു വ്യക്തിയുടെ സാന്നിദ്ധ്യം ആവശ്യമുള്ള എന്തെങ്കിലും നാളെ സംഭവിച്ചുകൂടായ്കയില്ല. അതിനാൽ ഒരു ഖലീഫ വേണോ വേണ്ടേ എന്ന പ്രശ്നം വിട്ടുകളയുക. ഖലീഫയാവേണ്ടത് ആരാണ് എന്ന കാര്യത്തിൽ ചർച്ച വേണം.

മൗലവി മുഹമ്മദലി: ഇത് ബുദ്ധിമുട്ടുണ്ടാക്കുന്നു. സിദ്ധാന്തപരമായി അഭിപ്രായവ്യത്യാസമുള്ളതിനാൽ വ്യക്തിയെ തീരുമാനിക്കുന്ന കാര്യത്തിലും അഭിപ്രായവ്യത്യാസമുണ്ടാകും. സിദ്ധാന്തപരമായി ഞങ്ങളുമായി അഭിപ്രായവ്യത്യാസമുള്ള ഒരാളുടെ കയ്യിൽ ബൈഅത്ത് ചെയ്യാൻ ഞങ്ങൾക്ക് സാദ്ധ്യമല്ല.

സാഹിബ് സാദാ സാഹിബ്: എനിക്കറിയാൻ കഴിഞ്ഞിടത്തോളം ഏതെങ്കിലും പക്ഷത്തുള്ള ഒരാളുടെ കയ്യിൽ ബൈഅത്ത് ചെയ്യാൻ തടസ്സമാവും വിധമുള്ള ഒരാളുടെ അഭിപ്രായഭിന്നതയില്ല. എന്തുതന്നെയായാലും താങ്കളുടെ ഗ്രൂപ്പിൽപ്പെട്ട ആരുടെ കയ്യിലും ബൈഅത്ത് ചെയ്യാൻ ഞങ്ങൾ തയ്യാറാണ്.

മൗലവി മുഹമ്മദലി: അത് വിഷമമാണ്. താങ്കൾ കൂടുതലായി ചിന്തിക്കുകയും തമ്മിൽ ആലോചിക്കുകയും ചെയ്യണം. നാളെ നമുക്ക് വീണ്ടും കണ്ടുമുട്ടാം.

●

# പരമകാരുണികനായ അല്ലാഹു

ബിഎം

തിരുമേനി(സ.അ) പറഞ്ഞുതന്ന ഒരു കഥ അബൂഹുറയ്റ(റ) ഇപ്രകാരം നമുക്ക് പറഞ്ഞുതന്നു. ഒരു മനുഷ്യനുണ്ടായിരുന്നു. അയാൾ വളരേയധികം പാപം ചെയ്തു. ഒടുവിലയാൾക്ക് മരണം ആസന്നമായപ്പോൾ അയാൾ മക്കളെ വിളിച്ചുകൂട്ടി ഒസ്യത്ത് പറയുന്നതുപോലെ പറഞ്ഞു. മക്കളെ, ഇതാ ഞാൻ മരിക്കാൻ പോകുന്നു. ഞാൻ മരിച്ചാൽ എന്നെ നിങ്ങളെന്തു ചെയ്യണം. ചുട്ടുചാമ്പലാക്കണം. അപ്പോഴും എന്റെ അസ്ഥികൾ ശേഷിക്കും. അവ പെറുക്കിയെടുത്ത് ഇടിച്ച് പൊടിയാക്കണം. എന്നിട്ട് ആ ചാമ്പലും പൊടിയും ഒട്ടും വിട്ടുപോകാതെ കൂട്ടിയെടുത്ത് അവയെ കടലിൽ ഒഴുക്കിക്കളയണം. എന്തിനാണിങ്ങനെ ചെയ്യുന്നതെന്നറിയാമോ. അല്ലാഹുവിന് എന്നെ പിടികിട്ടാതിരിക്കാൻ. അല്ലാഹുവാണ, അല്ലാഹുവിന് എന്നെ പിടികിട്ടിപ്പോയാൽ ലോകത്തൊരു മനുഷ്യനേയും ശിക്ഷിച്ചിട്ടില്ലാത്ത വിധത്തിൽ കഠിനമായി അവനെന്നെ ശിക്ഷിച്ചുകളയും. അയാൾ പറഞ്ഞതൊക്കെ മക്കൾ കേട്ടു. അയാൾ മരിച്ചപ്പോൾ അയാൾ പറഞ്ഞതിൻവണ്ണംതന്നെ അവർ പ്രവർത്തിക്കുകയും ചെയ്തു. പക്ഷെ അല്ലാഹുവിന് അതൊന്നും ഒരു പ്രശ്നമേ ആയില്ല. അല്ലാഹു ഭൂമിയോട് കല്പിച്ചു. നിന്നുള്ളിൽ മറഞ്ഞുകിടക്കുന്ന അവനെ പുറത്തേക്ക് കൊണ്ടുവരൂ.' അപ്പോൾ അതാ അവൻ കിടുകിടെ വിറച്ചുകൊണ്ട് നില്ക്കുന്നു. അല്ലാഹു അവനോട് ചോദിച്ചു. നിനക്കെന്തു പറ്റി? നീ എന്തിനിങ്ങനെ ചെയ്തു? അപ്പോൾ ഭീതിയോടെ, താഴ്മയോടെ അവൻ പറഞ്ഞു. 'ഖശ്യതുക യാ റബ്ബി' എന്റെ റബ്ബേ, നിന്നോടുള്ള ഭയംകൊണ്ട് ഞാൻ ചെയ്തുപോയതാണ്. അതു കേട്ടപ്പോൾ അല്ലാഹു എന്തു ചെയ്തു എന്ന് തിരുമേനി നമുക്ക് പറഞ്ഞുതന്നു. അല്ലാഹു ആ മനുഷ്യന് മാപ്പ് നല്കി.

മാപ്പ് നല്കുക എന്നത് അല്ലാഹുവിന്റെ പ്രകൃതമാണ്. വളരേ വളരേ ശുദ്ധമായ പ്രകൃതം. അല്ലാഹു മനുഷ്യരെ വെറുക്കുന്നില്ല. അടിസ്ഥാനകാര്യം അതാണ്. വെറുക്കാതിരിക്കുമ്പോൾ മനുഷ്യരെ കൂട്ടിയടുപ്പിക്കേണ്ടതെങ്ങനെ എന്ന ചിന്തയാണ് അല്ലാഹുവിനെ എപ്പോഴും ഭരിക്കുന്നത്. അതിനാവശ്യമായ ഒട്ടേറെ പദ്ധതികളും പരിഷ്കരണരീതികളും അവൻ മനുഷ്യർക്ക് മുൻപിൽ വെച്ചുകൊടുക്കുകയും ചെയ്തു. അവന്റെ ഗ്രന്ഥങ്ങളും അവന്റെ പ്രവാചകന്മാരുമൊക്കെ ഈ ധർമ്മമാണ് ഇവിടെ അനുസ്യൂതം നിർവ്വഹിക്കുന്നത്. എന്നിട്ടും മനുഷ്യൻ തെറ്റു ചെയ്തുപോയാൽ, നന്ദികേടു കാണിച്ചുപോയാൽ, അപ്രകാരം പ്രവർത്തിച്ചുപോയാൽ അല്ലാഹു പറയുന്നു. നിങ്ങളെന്നെക്കൊള്ളെ തിരിയുക. എന്നോട് സങ്കടം പറയുക. ചെയ്തുപോയ തെറ്റുകൾ ഏറ്റുപറയുക. ക്ഷമ ചോദിക്കുക. ഇനിയങ്ങോട്ട് തെറ്റുകൾ ആവർത്തിക്കാതിരിക്കാനുള്ള തീരുമാനമെടുക്കുക. ആ തീരുമാനം പ്രഖ്യാപിക്കുക, അത് നടപ്പാക്കാനുള്ള മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കുക. അങ്ങനെ വരുമ്പോൾ അല്ലാഹു ഗഫൂറായിരിക്കും, റഊഫായിരിക്കും. റഹം ചൊരിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും. തീർച്ചയായും മലയോളം വലുപ്പത്തിലുള്ള തെറ്റ് ചെയ്തവനുപോലും അല്ലാഹു പൊറുമയെ കൊടുക്കും.


ആത്മാർത്ഥതയോടെ, ഉള്ള് മാഴ്കി അല്ലാഹുവിനോട് മാപ്പപേക്ഷിക്കണമെന്ന് മാത്രം. മനുഷ്യൻ തെറ്റു ചെയ്യുമ്പോൾ യഥാർത്ഥത്തിലെന്താണ് സംഭവിക്കുന്നതെന്നറിയാമോ. ആ മനുഷ്യനെ– അടിയാറിനെ അല്ലാഹുവിന് നഷ്ടപ്പെടുന്നു. അല്ലാഹു അങ്ങനെയാണ് കണക്ക് കൂട്ടുന്നത്. ഒരു അടിയാൻ നഷ്ടപ്പെട്ടു എന്നു വിചാരിച്ച് അല്ലാഹുവിന് ഒന്നും സംഭവിക്കാൻ പോകുന്നില്ല. ഒരു നഷ്ടവും ഉണ്ടാകാൻ പോകുന്നില്ല. എങ്കിലും അല്ലാഹുവിന് വലിയ ദുഃഖമുണ്ടാകും. എന്നാൽ ആ അടിയാൻ സ്വന്തനിലയ്ക്ക് പിന്നീട് മാപ്പു ചോദിച്ച് തിരികെ വന്നാലോ, കളഞ്ഞുപോയ ആ അടിയാനെ അല്ലാഹുവിന് തിരികെ കിട്ടുന്നു. അപ്പോൾ അല്ലാഹുവിന് അതിരറ്റ സന്തോഷമുണ്ടാകുന്നു. അതെ പ്രകാരമാണെന്ന് അശ്റഫുൽഖൽഖായ നമ്മുടെ പുണ്യതിരുമേനിതന്നെ നമുക്കു പറഞ്ഞുതന്നിട്ടുണ്ട്. ഒരു ഹദീസിൽ തിരുമേനി പറയുന്നു: ഒരാളുടെ വാഹനമായ ഒട്ടകം ഒരു മരുഭൂമിയിൽവെച്ച് വിറളിയെടുത്ത് ഓടിപ്പോയി. അവന്റെ ഭക്ഷണപാനീയങ്ങളും മറ്റുസാധനങ്ങളുമൊക്കെ ആ വാഹനപ്പുറത്തായിരുന്നു. അവൻ നിരാശിതനായി, ക്ഷീണിതനായി ഒരു മരത്തണലിൽ അഭയം തേടി. ഇനിയെന്തു ചെയ്യും? ആ മരുഭൂമിയിൽ എങ്ങോട്ടു പോകും? വിശപ്പ് മാറാനെന്തു കഴിക്കും? കണ്ണെത്താദൂരംവരെ ഒന്നുമില്ല. കാൽനട അസാദ്ധ്യം. അങ്ങനെ ആകെ അവശനായി, ആശയറ്റവനും പരിഭ്രാന്തനുമായിക്കഴിയവെ പെട്ടെന്നതാ ആ കാണാതായ ഒട്ടകം അവന്റെ ഭക്ഷണപാനീയങ്ങളോടും മറ്റു സാധനങ്ങളോടുംകൂടിത്തന്നെ അവന്റെ മുൻപിൽ പ്രത്യക്ഷനാകുന്നു. അവന്റെ അപ്പോഴത്തെ ആനന്ദത്തിന് അതിരുണ്ടാകുമോ? അവൻ സന്തോഷത്തോടെ ആർത്തുവിളിച്ച് പറഞ്ഞുപോയി. "അല്ലാഹുവേ, നീ എന്റെ അടിയാനാണ്, ഞാൻ നിന്റെ ഉടമയും" പറഞ്ഞത് തെറ്റിപ്പോയി. സന്തോഷംകൊണ്ടാണ് അവൻ അങ്ങനെ പറഞ്ഞുപോയത്. കളഞ്ഞുപോയത് തിരികെക്കിട്ടിയപ്പോഴുള്ള സന്തോഷം. ഈ സന്തോഷം

തന്നെയാണ് കളഞ്ഞുപോയ അടിയാറിനെ തിരികെ കിട്ടുമ്പോൾ അല്ലാഹുവിനും ഉണ്ടാവുക. അല്ലാഹു അപ്പോൾ അയാളെ കൈവിടുമോ. തിരികെ കിട്ടിയ തന്റെ ഒട്ടകത്തെ സഞ്ചാരി വർദ്ധിച്ച സന്തോഷത്തോടെ അനുനയിപ്പിച്ചുനിർത്തുന്നതുപോലെ അല്ലാഹുവും തന്റെ അടിയാറിനെ അനുനയിപ്പിച്ചും അണച്ചും ചേർക്കുന്നു. അവന് മാപ്പ് നല്കുന്നു. ഇനി തെറ്റ് ആവർത്തിക്കുകയില്ലെന്നാണല്ലോ അടിയാൻ പറയുന്നത്. ആ അടിയാന് അതിൻവണ്ണം പ്രവർത്തിക്കുവാനുള്ള അവസരവും അല്ലാഹു നല്കുന്നു. അല്ലാഹു അത്രയ്ക്ക് കരുണാമയനാണ്. അവൻ തവ്വാബാണ്. കൂടെക്കൂടെ കാരുണ്യപൂർവ്വം അടിയാറുകളിലേക്ക് മടങ്ങുന്നവൻ.

വാസ്തവത്തിൽ നമ്മുടെ ഈ ലോകം ഒരു പരീക്ഷണലോകമാണ്. നമ്മെ പരീക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഒരു ജീവിതം നമുക്ക് തന്നതെന്നു വേണം വിചാരിക്കാൻ. നാമാണെങ്കിൽ വളരെ ദുർബ്ബലരുമാണ്. ആ ദുർബ്ബലരായ നമ്മോടാണ് അനേകങ്ങളായ നിയമങ്ങളും ശാസനകളും അല്ലാഹു കല്പിച്ചിരിക്കുന്നത്. നമുക്കിവിടെ സ്വാതന്ത്ര്യമില്ലെങ്കിൽ സാരമില്ലായിരുന്നു. അനേകം വിഭവങ്ങൾ. സുഖിക്കാനും രമിക്കാനും ഒട്ടേറെ ആവാസങ്ങൾ. അവയൊക്കെ അനുഭവിക്കാൻ സ്വാതന്ത്ര്യവും. അല്ലാഹുതന്നെ പറഞ്ഞില്ലേ. മനുഷ്യർക്ക് സ്ത്രീകൾ, സന്താനങ്ങൾ, സ്വർണ്ണത്തിന്റേയും വെള്ളിയുടേയും സൂക്ഷിച്ചുവയ്ക്കപ്പെട്ട കൂമ്പാരങ്ങൾ, മേത്തരം കുതിരകൾ, കന്നുകാലികൾ, കൃഷിഭൂമികൾ എന്നിവയൊക്കെ നഷ്ടവസ്തുക്കളായിരിക്കുന്നു എന്ന്. അവയുടെ നേർക്ക് മനുഷ്യരിൽ സ്നേഹവും ആകർഷണവും സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു. വാസ്തവത്തിൽ അവയെ ഐഹികജീവിതത്തിന്റെ സുർബാപകരണങ്ങൾ മാത്രമാണെന്നാണ് അല്ലാഹു പറയുന്നത്. പക്ഷെ, നാമത് മനസ്സിലാക്കുന്നുണ്ടോ. മനസ്സിലാക്കുന്നതിൽ വിജയിക്കുന്നുണ്ടോ. എപ്പോഴും അതിന്റെ പിന്നാലെ പോകുന്നില്ലെങ്കിലും പലപ്പോഴും അതിന്റെ പിന്നാലെ നാം പാഞ്ഞുകൊണ്ടിരിക്കുകയല്ലേ. അതിന്റെ സ്വാധീനത്തിൽനിന്ന് വിമുക്തമാവാൻ നമുക്ക് കഴിയുന്നുമില്ല. ഇവിടെയാണ്, ദുർബ്ബലമായ പ്രകൃതം കാരണമായി നാം തെറ്റുകൾക്ക് അടിപ്പെട്ടുപോകുന്നത്. ദൈവിക കല്പനകളെ അവഗണിച്ചുപോകുന്നത്. ധിക്കരിച്ചുപോകുന്നത്. പക്ഷെ, അങ്ങനെ സംഭവിക്കുമ്പോൾ ദൈവം നമ്മെ പരിരക്ഷിക്കുകതന്നെ വേണ്ടേ. നമ്മുടേത് ദുർബ്ബലമനസ്സാണെന്ന് അവന്നറിയാം. ഈ ഭൗതികവിഭവങ്ങളോടുള്ള സ്നേഹവും പ്രതിപത്തിയും അവൻതന്നെയാണ് നമ്മിൽ അങ്കുരിപ്പിച്ചിരിക്കുന്നത്. അത് കടന്നുപോകുന്ന രീതിയിലാവുകയാണെങ്കിൽ അവൻ നമുക്ക് പൊറുത്തുതരാൻ മുന്നോട്ടുവരികതന്നെ ചെയ്യണം. വാസ്തവത്തിൽ ദൈവം മുന്നോട്ടുവരുന്നവൻതന്നെയാണ്. അല്ലായിരുന്നെങ്കിൽ ഇങ്ങനെ അനേകം കല്പനകൾ അവൻ നമ്മുടെ മുമ്പിൽ വയ്ക്കുമായിരുന്നില്ല. ദൈവം ക്ഷമയോടെയാണ് നമ്മുടെ കാര്യങ്ങൾ പരിശോധിക്കുന്നത്. നമുക്കവൻ മാപ്പുതരികയും അവസരങ്ങളുടെമേൽ അവസരം തരികയും ചെയ്യുന്നു. 'നിങ്ങൾ നിരാശിതരാവരുത്' എന്ന സന്ദേശമാണ് ദൈവം നമുക്ക് നല്കുന്നതെന്നും നാമിവിടെ മനസ്സിലാക്കണം. ●

## അനുസ്മരണം

### മുഅല്ലിം അബ്ദുർ റശീദ് സാഹിബ്



മർഹൂം മുഅല്ലിം അബ്ദുർ റശീദ് സാഹിബ്(60) തിരുവനന്തപുരത്തിനടുത്ത് കണിയാപുരം സ്വദേശിയായിരുന്നു. മൂത്തസഹോദരിയെ മൗലവി യൂസുഫ് സാഹിബ് വിവാഹം ചെയ്തതിനാൽ കുടുംബം കരുനാഗപ്പള്ളിയിലേക്ക് താമസം മാറ്റി. മൗലവി യൂസുഫ് സാഹിബ് കോഴിക്കോട്ട് താമസമായപ്പോൾ പരേതനും കോഴിക്കോട് വന്നു. 1971–ൽ ബൈഅത്ത് ചെയ്ത് പള്ളിദറസിൽ കിത്താബോതിയ അദ്ദേഹം 1988 മുതൽ മർക്കസിന്റെ മുഅല്ലിമായി പഴയങ്ങാടി, കണ്ണൂർ, കടലായി, മുറിയക്കണ്ണി, കാവശ്ശേരി, മണ്ണാർക്കാട്, പള്ളിപ്പുറം, ഐരാപുരം, മൂവാറ്റുപുഴ, ചേലക്കര തുടങ്ങിയ ജമാഅത്തുകളിൽ സേവനം അനുഷ്ഠിച്ചിരുന്നു. അഹ്മദിയായതിനുശേഷം ചേലക്കര ജമാഅത്തിലെ ആദ്യ അഹ്മദികളിൽപെട്ട മർഹൂം ഇബ്രാഹീം സാഹിബിന്റെ മകൾ സുലൈഖായെ വിവാഹം ചെയ്തു. മൂന്നു പെൺമക്കളും ഒരു മകനും കുടുംബം. കുടുംബം ചേലക്കരപള്ളിയുടെ അടുത്തുള്ള വീട്ടിൽ തമാസമായി. കണിയാപുരത്ത് ആദ്യവിവാഹത്തിൽ 2 പെൺമക്കളുണ്ട്. രോഗിയായിത്തീർന്ന പരേതൻ ജമാഅത്തിനോടുള്ള സ്നേഹത്താൽ സൂബായി അമീറിന്റെ ഉപദേശപ്രകാരം ഓരോ ളുമാഅത്തിലും മാറിമാറി സേവനം ചെയ്തുകഴിഞ്ഞിരുന്നു. അവസാനം പലവിധ രോഗങ്ങളാൽ അവശനായ അദ്ദേഹം പൂർണ്ണവിശ്രമത്തിൽ കഴിയേണ്ടിവന്നു. ഈ ഘട്ടത്തിൽ അദ്ദേഹത്തിന് ഒരു പ്രത്യേക മാസ അലവൻസ് അനുവദിക്കുകയുണ്ടായി എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. പിന്നീട് രോഗം വർദ്ധിച്ച് തൃശ്ശൂർ, അത്താണി മെഡിക്കൽകോളേജിൽ ചികിത്സയിൽ കഴിയവെ സെപ്തംബർ മാസം 28–ാം തിയ്യതി ആശുപത്രിയിൽവെച്ച് വഫാത്തായി. (***ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ***)

അദ്ദേഹത്തിന്റെ സേവനനിരതമായ ജീവിതത്തിന് അല്ലാഹു ഉചിതമായ പ്രതിഫലം നല്കുമാറാകട്ടെ. അദ്ദേഹത്തിന് മഗ്ഫിറത്തും നല്കുമാറാകട്ടെ. അദ്ദേഹത്തിന്റെ വേർപാട് സഹിക്കുവാനുള്ള മനക്കരുത്ത് അദ്ദേഹത്തിന്റെ കുടുംബത്തിനും അല്ലാഹു പ്രദാനം ചെയ്യട്ടെ.

*മൗലവി മുഹമ്മദ് യൂസുഫ്*

# കാലത്തിന്റെ സന്ദേശം

ഈ ദൈവദൂതനെ അനുസരിക്കുന്ന
ആൾ അല്ലാഹുവിനെ അനുസരിച്ചു.

*(വിശുദ്ധഖുർആൻ)*

ഇമാം മഹ്ദി വെളിപ്പെട്ടാൽ ഹിമത്തിൽ കൂടി
മുട്ടിന്മേൽ ഇഴഞ്ഞു ചെന്നെങ്കിലും
അദ്ദേഹത്തിന് ബൈഅത്ത് ചെയ്യുവിൻ.

*(ഹദീസ് ശരീഫ്)*

അല്ലാഹു സാക്ഷി, ഞാൻ നിങ്ങളുടെ നന്മയ്ക്കുവേണ്ടി
നിയോഗിക്കപ്പെട്ടിരിക്കുന്നു.
അല്ലാഹു സാക്ഷി!
ഞാൻ ദൈവബോധനം ലഭിച്ചുകൊണ്ടിരിക്കുന്ന ആളത്രെ.
ദൈവഭാഷണം ലഭിച്ചിരിക്കുന്നവനും.

*ഹസ്റത്ത് അഹ്മദ്(അ)*

**സത്യമിത്രത്തിന് ആശംസകൾ – മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാനസമിതി, കണ്ണൂർ**

# ജാഗ്രത

*വിശുദ്ധ ഖുർആനിൽ നിന്ന്*

“മനുഷ്യരേ, നിങ്ങളുടെ നാഥനെ സൂക്ഷിക്കുക. ഒരുനാളിനെ ഭയപ്പെടുക. അന്ന് ഒരു പിതാവും തന്റെ സന്താനത്തിന് പ്രയോജനപ്പെടുകയില്ല. (അതേപ്രകാരം) ഒരു സന്താനവും തന്റെ പിതാവിനുവേണ്ടിയും ഒന്നും പ്രയോജനപ്പെടുകയില്ല. അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയാകുന്നത് തന്നെയാണ്. അതിനാൽ, ഐഹികജീവിതം നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. പരമവഞ്ചകനും (പിശാച്) അല്ലാഹുവിനെ സംബന്ധിച്ച് നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ.” (*വി.ഖു.;31:34*)

“ആ നിശ്ചിത സമയത്തെക്കുറിച്ചുള്ള അറിവ് അല്ലാഹുവിന്റെ പക്കൽ മാത്രമാകുന്നു. അവനാണ് മഴ വർഷിക്കുന്നത്. ഗർഭാശയങ്ങളിൽ ഉള്ളതെന്തെന്ന് അവനറിയുന്നു. താൻ നാളെ എന്താണ് പ്രവർത്തിക്കുകയെന്ന് ഒരാളും അറിയുകയില്ല. താൻ ഏത് ഭൂമിയിൽവെച്ചാണ് മരിക്കുകയെന്നും ഒരാളും അറിയുകയില്ല. അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു.” (*വി.ഖു.;31:35*)